# തോൽവിയിലെ ദൈവികലക്ഷ്യം

## സാക് പുന്നൻ

*പ്രസിദ്ധീകരണം:*

**ജീവമൊഴി പബ്ലിക്കേഷൻസ്**
കുമാരനല്ലൂർ പി.ഒ, കോട്ടയം-686 016, കേരള
ഫോൺ: 9249516234, 9495234087

*(Malayalam)*
**THOLVIYILE DAIVIKALAKSHYAM**

**© Zac Poonen**

*ഗ്രന്ഥകർത്താവിന്റെ രേഖാമൂലമായ അനുവാദം കൂടാതെ ഈ പുസ്തകം പുനർമുദ്രണം ചെയ്യുവാനോ വിവർത്തനം ചെയ്യുവാനോ പാടുള്ളതല്ല.*

വിവർത്തനം: **ജോജി ടി. സാമുവൽ**

*കൂടുതൽ വിവരങ്ങൾക്ക് എഴുതുക:*

Zac poonen
20 DaCosta Square, Bangalore-560084

*Published by*
Jeevmozhi Publications
Kumaranalloor P.O, Kottayam-686016, Kerala
Phone: 9849516234, 9495234087

# ഉള്ളടക്കം


| അദ്ധ്യായം | | പേജ് |
|---|---|---|
| 1 | മനുഷ്യന്റെ തോൽവിയിലെ ദൈവികലക്ഷ്യം | 5 |
| 2 | ഹൃദയത്തകർച്ചയുടെ വഴി | 12 |
| 3 | ദൈവത്തോടു മുഖാമുഖം | 17 |
| 4 | അനുഗ്രഹത്തിലേക്ക്, തകർച്ചയിലൂടെ | 26 |
| 5 | യുക്തിയെ കവിയുന്ന ദൈവിക ക്ഷമ | 31 |
| 6 | തോൽവി–ദൈവികപദ്ധതിയിലെ അനിവാര്യമായ പാഠം | 36 |
| 7 | പരാജയപ്പെട്ടവരെക്കുറിച്ചുള്ള ദൈവത്തിന്റെ സമ്പൂർണഹിതം | 41 |

# 1

# മനുഷ്യന്റെ തോൽവിയിലെ ദൈവികലക്ഷ്യം

**ലൂ***ക്കോസ് 22 ന്റെ 31, 32* വാക്യം നമുക്കു ശ്രദ്ധിക്കാം. തന്റെ മുന്നിലുള്ള ഒരപകടത്തെപ്പറ്റി പത്രോസിന് യേശു മുന്നറിയിപ്പു നൽകുന്നതാണ് നാം ഇവിടെ വായിക്കുന്നത്. അവിടുന്ന് പത്രോസിനോട്: *"ശീമോനേ, ശീമോനേ, സാത്താൻ നിന്നെ കോതമ്പു പോലെ പാറ്റേണ്ടതിനു കല്പന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പൊയ്പ്പോകാതിരിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു. എന്നാൽ നീ ഒരു സമയം തിരിഞ്ഞുവന്നശേഷം നിന്റെ സഹോദരന്മാരെ ഉറപ്പിച്ചു കൊൾക"*

ആ രാത്രി തന്നെ പത്രോസ് യേശുവിനെ മൂന്നുവട്ടം തള്ളിപ്പറഞ്ഞുവെന്നു നമുക്കറിയാം. *34-ാം* വാക്യത്തിൽ യേശു പത്രോസിനോട് ഇങ്ങനെയാണു പറയുന്നത്:*''പത്രോസേ, നീ എന്നെ അറിയുന്നില്ല എന്നു മൂന്നുവട്ടം തള്ളിപ്പറയും മുമ്പേ ഇന്നു കോഴി കൂകുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു."*

ഞാൻ നിങ്ങളോടു പങ്കിടുവാൻ ആഗ്രഹിക്കുന്ന വിഷയം **'മനുഷ്യന്റെ തോൽവി സംബന്ധിച്ച് ദൈവത്തിന്റെ ലക്ഷ്യം'** എന്നതാണ്. തോൽവി മൂലം നിരാശരും അസ്വസ്ഥരും ആയിരിക്കുന്ന നമ്മെ എല്ലാവരേയും ഇതു പുതിയ പ്രതീക്ഷയിലേക്ക് ഉത്സാഹിപ്പിക്കും.

ആദ്യത്തെ ചോദ്യം: ദൈവം പരാജയങ്ങൾ സംഭവിക്കാൻ അനുവദിക്കുമോ? എന്നതാണ്. ദൈവം അതു സമ്മതിക്കുമോ? പരാജയത്തിന് ഒരു ലക്ഷ്യം ഉണ്ടോ?. അതോ ദൈവത്തിന്റെ പൂർണഹിതത്തിൽ പരാജയത്തിന് ഒരു ലക്ഷ്യവുമില്ലേ? തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിനു പരാജയത്തെ ഉപയോഗിക്കാൻ ദൈവത്തിന് കഴിയുകയില്ലേ?

ഈ വേദഭാഗം വായിക്കുമ്പോൾ പത്രോസ് തന്നെ തള്ളിപ്പറയുന്നതു ദൈവം തടഞ്ഞില്ലെന്നു നാം കാണുന്നു. "ശീമോനേ, നീ എന്നെ ഒരു പ്രാവശ്യം പോലും തള്ളിപ്പറയരുതെന്നു ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിച്ചു" എന്ന് യേശു എന്തുകൊണ്ടാണു പറയാതിരുന്നത്? *പത്രോസ് സ്വയം വീണു പോയാലും അവന്റെ വിശ്വാസം പൊയ്പ്പോകരുതെന്നു മാത്രം* കർത്താവു

പ്രാർത്ഥിച്ചത് എന്തുകൊണ്ടാണ്? അവൻ വീണുപോകരുതെന്നു പത്രോസിനുവേണ്ടി കർത്താവു പ്രാർത്ഥിച്ചില്ല എന്നതു ശ്രദ്ധേയമല്ലേ?

നാം ഒരിക്കലും വീഴരുതെന്നു കർത്താവു നമുക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു നമ്മിൽ ചിലരെങ്കിലും ആഗ്രഹിക്കുന്നുണ്ട്. "എന്റെ മകനേ, എന്റെ മകളേ, നീ *ഒരിക്കലും* വീഴുകയോ *ഒരിക്കലും* പരാജയപ്പെടുകയും ചെയ്യാതിരിപ്പാൻ ഞാൻ നിനക്കു വേണ്ടി പ്രാർത്ഥിച്ചു" എന്നു കർത്താവു നമ്മോടു പറയുന്നതു കേൾക്കാൻ നമുക്ക് ഇഷ്ടമാണ്. പക്ഷേ രസകരമെന്നു പറയട്ടെ, കർത്താവ് ഒരിക്കലും നമുക്കുവേണ്ടി അങ്ങനെ പ്രാർത്ഥിക്കുകയില്ല.

യേശു ശീമോനുവേണ്ടി എന്താണു പ്രാർത്ഥിച്ചത്? പിശാച് പരീക്ഷിച്ചപ്പോൾ **അവന്റെ വിശ്വാസം** പരാജയപ്പെട്ടുപോകരുതെന്നു മാത്രമാണ് അവിടുന്നു പ്രാർത്ഥിച്ചത്. അവൻ പരീക്ഷയിൽ വീണു പോകരുതെന്നല്ല, വീഴുമ്പോൾ ദൈവത്തിന്റെ പരിപൂർണസ്നേഹത്തിലുള്ള അവന്റെ വിശ്വാസം പരാജയപ്പെടരുതെന്നാണ് അവിടുന്ന് പ്രാർത്ഥിച്ചത്. പരാജയത്തിന്റെ പടുകുഴിയിൽ പതിച്ചാലും **"ദൈവം ഇപ്പോഴും എന്നെ സ്നേഹിക്കുന്നു"** എന്ന് ഹൃദയപൂർവം പറയുവാൻ കഴിയണമെന്നായിരുന്നു അവിടുത്തെ ആഗ്രഹം.

അതാണു വിശ്വാസം-നമ്മുടെ ഹൃദയത്തിലും ചുണ്ടുകളിലും എപ്പോഴും ഉള്ള ഏറ്റുപറച്ചിൽ അതായിരിക്കണം. നാം എത്ര ആഴത്തിൽ മുങ്ങിപ്പോയാലും അല്ലെങ്കിൽ വീണാലും, **ദൈവം അപ്പോഴും നമ്മെ സ്നേഹിക്കുന്നു-നാം ആയിരിക്കുന്ന അവസ്ഥയിൽത്തന്നെ.**

ധൂർത്തപുത്രന്റെ ഏറ്റുപറച്ചിൽ അതായിരുന്നു. ഇനിയും താഴേക്കു പോകാൻ കഴിയാതെവണ്ണം ഏറ്റവും താഴ്ന്ന അവസ്ഥയിൽ അവൻ എത്തിയപ്പോഴും **തന്റെ പിതാവ് ഇപ്പോഴും തന്നെ സ്നേഹിക്കുന്നു എന്ന വിശ്വാസം അവൻ കൈവിട്ടില്ല.** പന്നികളുടെ ആഹാരം തിന്നത്തക്കവണ്ണം ധൂർത്തപുത്രൻ എത്തിച്ചേർന്നതിനെക്കാൾ അധഃപതിച്ചനിലയിൽ ആർക്കെങ്കിലും വീണുപോകുവാൻ കഴിയുമെന്ന് എനിക്ക് സങ്കൽപിക്കാനേ കഴിയുകയില്ല. ആ പയ്യൻ ഏറ്റവും അടിത്തട്ടിൽ എത്തിച്ചേർന്നു. ഏറ്റവും അടിത്തട്ടിൽ എത്തിയപ്പോഴും അവൻ ഒരു കാര്യം മറന്നു പോയില്ല: **തന്റെ പിതാവു തന്നെ ഇപ്പോഴും സ്നേഹിക്കുന്നു**. ആ ബോധ്യം ഇല്ലായിരുന്നെങ്കിൽ അവൻ ഒരിക്കലും ഭവനത്തിലേക്കു മടങ്ങിവരുമായിരുന്നില്ല. അവന്റെ പിതാവു മരിച്ചുപോയെന്നും അവന്റെ മൂത്ത സഹോദരനാണ് ഇപ്പോൾ ഭവനത്തിന്റെ ചുമതല വഹിക്കുന്നതെന്നും ധൂർത്തപുത്രൻ കേൾക്കാനിടയായി എന്നു സങ്കൽപിക്കുക. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ, അവൻ എപ്പോഴെങ്കിലും സ്വന്ത വീട്ടിലേക്കു മടങ്ങുമായിരുന്നുവെന്നു നിങ്ങൾ കരുതുന്നുണ്ടോ? ഇല്ല. കാരണം തന്റെ മൂത്ത സഹോദരന്റെ സ്വഭാവം അവന് അറിയാമായിരുന്നു. അതറിയാമായിരുന്ന അവൻ ഒരിക്കലും മടങ്ങിവരുമായിരുന്നില്ല. പിതാവു തന്നെ സ്നേഹിക്കുന്നു എന്ന ഉറപ്പാണ് വീട്ടിലേക്കു തിരിച്ചുവരുവാൻ അവനെ പ്രേരിപ്പിച്ചത്. സംശയമില്ല.

പല പാപികളും സഭയിലേക്കു വരാത്തതിന്റെ കാരണം സഭാശുശ്രൂഷകനോ മൂപ്പന്മാരോ ഈ ഉപമയിലെ മൂത്തസഹോദരനെപ്പോലെയാണെന്ന് അവർക്കു തോന്നുന്നു എന്നതാണ്. അങ്ങനെയെങ്കിൽ മടങ്ങിവരാത്തതിന് നമുക്ക് അവരെ എങ്ങനെ കുറ്റപ്പെടുത്തുവാൻ കഴിയും? അതേ സമയം സഭയിലെ മൂപ്പന്മാർ ആ *പിതാവിനെപ്പോലെയുള്ളവർ* ആണെങ്കിൽ യേശുവിന്റെ അടുത്തേക്കു വരുന്നതുപോലെ ഏറ്റവും അരിഷ്ട പാപിപോലും രക്ഷതേടി സഭയിലേക്കുവരുമായിരുന്നു. ഏറ്റവും കഠിനപാപിക്കുപോലും കടന്നുവരാൻ സ്വാതന്ത്ര്യം തോന്നത്തക്ക നിലയിൽ നമ്മുടെ സഭകൾ മാറിയിരുന്നെങ്കിൽ.....! യേശു സത്യത്തിൽ നമ്മുടെ മദ്ധ്യത്തിൽ ഉണ്ടെങ്കിൽ, ഏറ്റവും അരിഷ്ടപാപിപോലും നമ്മുടെ അടുക്കൽ വന്നു രക്ഷ നേടുമായിരുന്നു.

പൂർണമായി പരാജയപ്പെട്ടവർക്ക്, തങ്ങളുടെ ജീവിതം ആകെ താറുമാറാക്കിയവർക്ക്, ഏറ്റവും അടിത്തട്ടിലെത്തിയവർക്ക് ഇനിയും പ്രതീക്ഷയുണ്ട്. നിങ്ങളായിരിക്കുന്ന തകർന്ന അവസ്ഥയിൽ നിന്നു കർത്താവിനു നിങ്ങളെ എടുത്ത് മഹത്വത്തിന്റെ ഔന്നത്യത്തിലെത്തിക്കാൻ കഴിയും. നമുക്കുവേണ്ടിയുള്ള അവിടുത്തെ പ്രാർത്ഥന എപ്പോഴും ഒന്നാണ്-**ദൈവസ്നേഹത്തിലുള്ള നമ്മുടെ വിശ്വാസം ഒരിക്കലും തകരരുത്.**

പ്രിയ സഹോദരീസഹോദരന്മാരേ, ഇന്ന് ഈ സന്ദേശം നിങ്ങളെ സംബന്ധിച്ചു പ്രസക്തമല്ലെങ്കിൽ പോലും ഭാവിയിൽ നിങ്ങൾക്കിത് ആവശ്യമായി വരും-നിങ്ങൾ ഏറ്റവും അടിത്തട്ടിൽ എത്തുമ്പോൾ ആ നാളിൽ ഒരു കാര്യം മാത്രം ഓർക്കുക: **ദൈവം നിങ്ങളെ അപ്പോഴും സ്നേഹിക്കുന്നു.** നിങ്ങൾ അപ്പോൾ എവിടെയാണെന്നതോ, എത്ര താഴേക്കു പതിച്ചുവെന്നതോ ഒന്നും പ്രസക്തമല്ല. ദൈവസ്നേഹത്തിലുള്ള നിങ്ങളുടെ വിശ്വാസം ആ മണിക്കൂറിൽ നിങ്ങളെ കൈവിടാതിരിക്കട്ടെ.

**അടിസ്ഥാനപരമായി വിശ്വാസം എന്നാൽ ദൈവം ഇപ്പോഴും നിങ്ങളെ സ്നേഹിക്കുന്നുവെന്നു വിശ്വസിക്കുന്നതാണ്.** അവിടുന്നു നമ്മുടെ പാപത്തെ സ്നേഹിക്കുന്നില്ല. നാം പാപത്തിൽ തുടരണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നില്ല. അവിടുന്ന് തന്റെ കുഞ്ഞിന്റെ രോഗത്തെവെറുക്കുകയും കുഞ്ഞിനെ സ്നേഹിക്കുകയും ചെയ്യുന്ന ഒരു പിതാവിനെപ്പോലെയാണ്. തന്റെ കുഞ്ഞിനു കുഷ്ഠരോഗമോ ക്ഷയമോ ആണെന്നു കണ്ടെത്തുന്ന ഒരമ്മയെ സങ്കൽപിക്കുക. ആ അമ്മ തന്റെ കുഞ്ഞിനെ ഹൃദയപൂർവം സ്നേഹിക്കുമ്പോൾ തന്നെ ആ രോഗങ്ങളെ മുഴുഹൃദയത്തോടെയും വെറുക്കുകയാണ്. ദൈവം പാപികളെ സ്നേഹിക്കുന്നു പക്ഷേ അവരുടെ പാപങ്ങളെ വെറുക്കുന്നു.

ദൈവത്തിന്റെ *പാപികളോടുള്ള സ്നേഹവും പാപത്തോടുള്ള വെറുപ്പും* കാൽവറിയിലെ ക്രൂശിലാണു നാം കാണുന്നത്. യേശുവിനെ ക്രൂശിൽ നമുക്കായി മരിക്കാൻ അനുവദിച്ചതിൽ പാപികളോടുള്ള അവിടുത്തെ സ്നേഹം നമുക്കു കാണാം. യേശു ലോകത്തിന്റെ പാപം ക്രൂശിൽ വഹിച്ചപ്പോൾ മുഖം

തിരിച്ചു കളഞ്ഞതിൽ നിന്ന് പാപത്തോടുള്ള അവിടുത്തെ വെറുപ്പും വ്യക്തമാണ്.

ആളുകൾ ചിലപ്പോൾ ചോദിക്കാറുണ്ട് എങ്ങനെയാണു സ്നേഹവാനായ ഒരു ദൈവത്തിന് ആളുകളെ നരകത്തിൽ അയയ്ക്കാൻ കഴിയുന്നതെന്ന്. നരകം എന്നു പറഞ്ഞാൽ എന്താണ്? ദൈവം പൂർണമായി ഉപേക്ഷിച്ച സ്ഥലമാണ്–ദൈവത്തെകണ്ടെത്താൻ കഴിയാത്ത സ്ഥലം. ഈ ഭൂമി ദൈവത്താൽ ഉപേക്ഷിക്കപ്പെട്ട സ്ഥലമല്ല. അതുകൊണ്ടാണ് ഈ ഭൂമിയിൽ ഇപ്പോഴും ധാരാളം നന്മയും സൗന്ദര്യവും ഉള്ളത്. ഉദാഹരണത്തിന് സൃഷ്ടിയുടെ സൗന്ദര്യം നോക്കുക. പല മനുഷ്യരിലും ഉള്ള നന്മയും അന്തസ്സും കാണുക. **എല്ലാ** മനുഷ്യരെയും തങ്ങളുടെ സ്വാധീനവലയത്തിൽ കൊണ്ടുവരാൻ പിശാചുക്കൾ ആഗ്രഹിക്കുന്നണ്ടെങ്കിലും അവർക്കതിനു കഴികയില്ല. കാരണം, ദൈവം ആളുകൾക്ക് ചുറ്റും ഒരു സംരക്ഷണമതിൽ തീർത്തിട്ടുണ്ട്. അതുകൊണ്ട് പിശാചുക്കൾക്ക് അവർ ആഗ്രഹിക്കുന്നതെല്ലാം ചെയ്യാൻ കഴിയുകയില്ല. മനുഷ്യന് ആരോഗ്യം, സമൃദ്ധി മറ്റു സൗകര്യങ്ങൾ ഇവയെല്ലാം നൽകുന്നത് ദൈവത്തിന്റെ ദയയാണ്. നല്ലവരുടെയും ദുഷ്ടന്മാരുടേയും മേൽ ദൈവം അനുഗ്രഹങ്ങൾ ചൊരിയുന്നു. ഇതെല്ലാം തെളിയിക്കുന്നത് ദൈവം ഈ ലോകത്തെ ഉപേക്ഷിച്ചിട്ടില്ലാ എന്നുള്ളതാണ്. പക്ഷേ നരകം ഇത്തരത്തിലുള്ളതല്ല. നരകത്തിൽ കരുണയുടെ കണികപോലും ഇല്ല. കാരണം, നരകം എന്നുള്ളത് ദൈവത്താൽ പൂർണ്ണമായി ഉപേക്ഷിക്കപ്പെട്ട സ്ഥലമാണ്.

ഈ ലോകത്തിലെ മാനസാന്തരപ്പെടാത്ത പല ആളുകളിലും നന്മയുണ്ട്. കാരണം, ദൈവത്തിന്റെ സ്വാധീനം ഇപ്പോഴും അവരുടെ മേലുണ്ട്. എന്നാൽ ഒരിക്കൽ അവർ നരകത്തിൽ പോകുമ്പോൾ ഈ ആളുകൾ തന്നെ പിശാചിനെപോലെ തിന്മയുള്ളവരായിരിക്കും. കാരണം, ദൈവത്തിന്റെ കരുണ അവരുടെ ജീവിതത്തിൽനിന്നും പിൻവലിക്കപ്പെട്ടിരിക്കുന്നു.

നരകത്തിൽ ആളുകൾ ആദ്യമായി, ദൈവത്താൽ പൂർണ്ണമായി ഉപേക്ഷിക്കപ്പെട്ടാൽ എങ്ങനെയിരിക്കുമെന്ന് അനുഭവിച്ചറിയുകയാണ്. ക്രൂശിൽ യേശു ഇതാണ് അനുഭവിച്ചത്. ദൈവം പൂർണ്ണമായി ഉപേക്ഷിച്ചുകളഞ്ഞ അന്ധകാരത്തിന്റെ ആ മൂന്നു മണിക്കൂറിൽ യേശു ക്രൂശിൽ അനുഭവിച്ചത് നരകമാണ്. ദൈവം പാപത്തെ എങ്ങനെ വെറുക്കുന്നു എന്ന് നാം അവിടെകാണുന്നു.

അപ്പോൾ ചോദ്യത്തിന്റെ മറുപടി എന്താണ്? സ്നേഹവാനായ ഒരു ദൈവത്തിന് ആളുകളെ എങ്ങനെയാണ് നരകത്തിൽ വിടുവാൻ കഴിയുന്നത്? ഇതിന്റെ മറുപടി കിടക്കുന്നത് മറ്റേ ചോദ്യത്തിന്റെ ഉത്തരത്തിലാണ്: സ്നേഹവാനായ ഒരു ദൈവത്തിന് ലോകത്തിന്റെ മുഴുവൻ പാപവും അവന്റെ മേൽ പതിച്ചപ്പോൾ, ക്രൂശിൽ തന്റെ മകൻ നരകം അനുഭവിക്കുന്നത് അനുവദിക്കാൻ കഴിഞ്ഞോ? ദൈവത്തിന് അത് അനുവദിക്കാൻ കഴിഞ്ഞെങ്കിൽ ആളുകളെ നരകത്തിൽ വിടാനും ദൈവത്തിനു കഴിയും. "ഞാൻ നിന്നെ ശ്രദ്ധിക്കാൻ പോകുന്നില്ല. ഞാൻ എന്റെ വഴി തിരഞ്ഞെടുത്ത് എന്നും അതിൽ

തുടരുവാനാണ് ആഗ്രഹിക്കുന്നത്" എന്നു ദൈവത്തോട് മറുത്തുപറഞ്ഞ് പാപത്തിൽ ***തുടരുന്നവരിൽ*** നിന്ന് സ്നേഹവാനായ ദൈവം തന്റെ മുഖം തിരിച്ചുകളയുകതന്നെ ചെയ്യും.

*സദൃ: 29:1* ൽ "പലവട്ടം ശാസന കേട്ടിട്ടും അതു ***സ്വീകരിക്കുവാൻ തയ്യാറില്ലാത്തവർ*** പെട്ടെന്നു നശിച്ചു പോകും. പിന്നീട് അവർക്കൊരു അവസരം ലഭിക്കുകയില്ല'' എന്നു കാണുന്നു (പരാവർത്തനം). ദൈവത്തിന്റെ സ്നേഹാർദ്രമായ ക്ഷണത്തെ **നിരന്തരം നിരസിക്കുന്നവൻ** യഥാർത്ഥത്തിൽ അപകടത്തിലാണ്.

ഇതുകേട്ട് വളരെ സംവേദനസ്വഭാവമുള്ള സഹോദരീസഹോദരന്മാർക്കാർക്കെങ്കിലും അനാവശ്യമായ കുറ്റബോധം ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി ഞാൻ ഒരു കാര്യം വ്യക്തമാക്കട്ടെ: പാപത്തിൽ **ഒന്നു** വീണുപോകുന്നവരെ ഉദ്ദേശിച്ചല്ല ഈ വാക്യം. മറിച്ച് പാപത്തിൽ **തുടരുന്നവരെ**, പാപം ചെയ്യുന്നത് **ഇഷ്ടപ്പെടുന്നവരെ**, താക്കീതു ചെയ്യുന്ന വചനമാണിത്. നിർമലതയിൽ ജീവിക്കാൻ ശ്രമിക്കുകയും വീണുപോകുകയും ചെയ്യുന്നവരെ ഉദ്ദേശിച്ചുള്ള വചനമല്ലിത്. ദൈവത്തെ തള്ളിക്കളഞ്ഞ് **പാപത്തിൽ തുടരാൻ ആഗ്രഹിക്കുന്ന** നിഷേധികൾക്കു വേണ്ടിയുള്ള വചനമാണിത്.

നിങ്ങൾ ഒരു നിഷേധിയല്ലെന്ന് നിങ്ങൾക്ക് എങ്ങനെ ഉറപ്പാക്കാം? അതു കണ്ടെത്താൻ വളരെ എളുപ്പമാണ്. ദൈവത്തിങ്കലേക്കു തിരിയുവാനും അനുതപിക്കുവാനും **ഒരു വാഞ്ഛ** നിങ്ങൾക്കുണ്ടോ എന്നു നിങ്ങളോടു തന്നെ ചോദിക്കുക. ദൈവത്തിങ്കലേക്കു തിരിയുവാനും അവിടുത്തെ സ്നേഹിക്കുവാനും ഒരു നേരിയ ആഗ്രഹമെങ്കിലും ഉണ്ടെങ്കിൽ അതു കാണിക്കുന്നത് പരിശുദ്ധാത്മാവു നിങ്ങളുടെ ജീവിതത്തിൽ പ്രവർത്തിക്കുന്നുണ്ടെന്നും ദൈവം തന്നിലേക്കുതന്നെ നിങ്ങളെ ആകർഷിക്കാൻ ശ്രമിക്കുന്നുണ്ടെന്നുമാണ്. നിങ്ങൾ *പരാജയപ്പെട്ടവനായിരിക്കാം.* എന്നാൽ നിങ്ങൾ ഒരു *നിഷേധിയല്ല.* പരാജിതനാകുന്നതും നിഷേധിയാകുന്നതും തമ്മിൽ അജഗജാന്തരമുണ്ട്.

പരാജയപ്പെടുവാൻ ദൈവം പത്രോസിനെ അനുവദിച്ചതിന് ഒരു ഉദ്ദേശ്യമുണ്ട്. അതിന്റെ ലക്ഷ്യം പത്രോസിനെ പാറ്റിക്കൊഴിക്കുക എന്നതായിരുന്നു. സാത്താൻ യഥാർത്ഥത്തിൽ ആഗ്രഹിച്ചത് പത്രോസിനെ പൂർണമായി നശിപ്പിക്കുവാനാണ്. പക്ഷേ ദൈവം അതു ചെയ്യുവാൻ അവനെ അനുവദിച്ചില്ല. നമ്മുടെ കഴിവിന് അതീതമായി നാം ശോധനചെയ്യപ്പെടുവാനോ പരീക്ഷിക്കപ്പെടുവാനോ ദൈവം അനുവദിക്കുകയില്ല. എന്നാൽ പത്രോസിനെ പാറ്റുവാൻ ദൈവം സാത്താന് അനുമതി കൊടുത്തു. ഫലം പത്രോസിന്റെ ജീവിതത്തിലെ പതിരിൽ നിന്ന് അവൻ ശുദ്ധീകരിക്കപ്പെട്ടു.

**നാം പരാജയപ്പെടുവാൻ ദൈവം അനുവദിക്കുന്നതിന്റെ യഥാർത്ഥ ലക്ഷ്യം ഇതാണ്.**

നമ്മുടെ ജീവിതത്തിൽ നിന്നു പതിരുമാറ്റപ്പെടുന്നത് നല്ല കാര്യമല്ലേ? തീർച്ചയായും. ഒരു കർഷകൻ കോതമ്പു ഉപയോഗിക്കുന്നതിനു മുൻപ് അതു പാറ്റും. അപ്പോഴാണ് അതിലെ അഴുക്കുകൾ നീക്കം ചെയ്യപ്പെടുന്നത്.

നമ്മുടെ ജീവിതത്തിൽ നിന്ന് പതിര് നീക്കിക്കളയുവാൻ വേണ്ടി കർത്താവു സാത്താനെ ഉപയോഗിക്കുന്നു. അത്ഭുതകരമെന്നു പറയട്ടെ, നിരന്തരം പരാജയപ്പെടാൻ ഒരുവനെ അനുവദിച്ചുകൊണ്ടാണ് ദൈവം ഈ ലക്ഷ്യം പൂർത്തീകരിക്കുന്നത്!!. പത്രോസിന്റെ ജീവിതത്തിൽ ഈ ലക്ഷ്യം നേടാൻ ദൈവം സാത്താനെ ഉപയോഗിച്ചു. നമ്മുടെ ജീവിതത്തിലും ഇതിനായി ദൈവം സാത്താനെ ഉപയോഗിക്കും. നമ്മിലെല്ലാം ധാരാളം പതിരുണ്ട്-നിഗളത്തിന്റെ, സ്വയധൈര്യത്തിന്റെ, സ്വയനീതിയുടെ പതിരുകൾ. നമ്മളെ നിരന്തരം തോൽപ്പിക്കാൻ സാത്താനെ ഉപയോഗിച്ചുകൊണ്ടാണു ദൈവം നമ്മിൽ നിന്നു പതിരുകൾ പൂർണ്ണമായി നീക്കുന്നത്.

നിങ്ങളുടെ ജീവിതത്തിൽ ഈ ലക്ഷ്യം നേടുന്നതിൽ ദൈവം വിജയിക്കുന്നുണ്ടോ ഇല്ലയോ എന്നത് നിങ്ങൾക്ക് അറിയാൻ കഴിയും. ഈ പതിര് നീക്കപ്പെട്ടാൽ നിങ്ങൾ കൂടുതൽ *താഴ്മയുള്ളവനും സ്വയനീതി കുറവുള്ളവനുമായിരിക്കും*. പരാജയപ്പെടുന്ന മറ്റുള്ളവരെ നിങ്ങൾ പിന്നെ പുച്ഛത്തോടെ നോക്കുകയില്ല. മറ്റാരേക്കാളും മെച്ചപ്പെട്ടവനായി നിങ്ങൾ നിങ്ങളെത്തന്നെ വിലയിരുത്തുകയില്ല.

ഞാൻ പറഞ്ഞതുപോലെ നിരന്തരം തോൽപ്പിക്കപ്പെടാൻ അനുവദിച്ചുകൊണ്ട് നമ്മിലെ *പതിര്* നീക്കുവാൻ ദൈവം സാത്താനെ ഉപയോഗിക്കുകയാണ്. അതുകൊണ്ട് പരാജയപ്പെടുമ്പോൾ നിരാശപ്പെടാതിരിക്കുക. നിങ്ങൾ ഇപ്പോഴും ദൈവത്തിന്റെ കരങ്ങളിൽതന്നെയാണ്. നിങ്ങളുടെ നിരന്തരമായ തോൽവിയിലൂടെ മഹത്തായ ഒരു ലക്ഷ്യം നിറവേറപ്പെടുകയാണ്. പക്ഷേ ദൈവസ്നേഹത്തിലുള്ള നിങ്ങളുടെ വിശ്വാസം അത്തരം സമയങ്ങളിൽ നഷ്ടപ്പെട്ടു പോകരുത്-അതാണ് യേശു പത്രോസിനു വേണ്ടി പ്രാർത്ഥിക്കുന്നതും. നമ്മൾ ഒരിക്കലും പരാജയപ്പെടല്ലെന്നല്ല, മറിച്ച് പരാജയപ്പെട്ടാലും ദൈവത്തിന്റെ സ്നേഹത്തിലുള്ള നമ്മുടെ വിശ്വാസം ഇളകാതെ നിൽക്കണമെന്നാണ് അവിടുന്ന് പ്രാർത്ഥിക്കുന്നത്. പരാജയത്തിന്റെ പല അനുഭവങ്ങളിലൂടെ മാത്രമേ *തീർത്തും നുറുങ്ങപ്പെട്ട* അവസ്ഥയിൽ എത്തിച്ചേരൂ. പത്രോസ് ഈ സ്ഥാനത്ത് എത്തിച്ചേർന്നപ്പോൾ അവന് രണ്ടാമത് 'മാനസാന്തരം' ഉണ്ടായി *(ലൂക്കോസ് 22:32)*. നീ 'മനം തിരിഞ്ഞുവന്ന' ശേഷംഎന്ന പ്രയോഗം ശ്രദ്ധിക്കുക. പത്രോസിനു വേണ്ടിയുള്ള യേശുവിന്റെ പ്രാർത്ഥനയ്ക്കു മറുപടിലഭിച്ചു എന്നതിന്റെ തെളിവ് പത്രോസിന്റെ ഈ **മനം തിരിവാണ്**. പത്രോസ് അവിടെ നിരാശപ്പെട്ടുകിടന്നില്ല. അവന്റെ വിശ്വാസം പൊയ്പ്പോയില്ല. അവൻ എഴുന്നേറ്റു. അവൻ കയറിന്റെ അങ്ങേയറ്റംവരെ അയഞ്ഞ നിലയിൽ പോകുവാൻ ദൈവം അനുവദിച്ചു. പക്ഷെ ആ കയറിന്റെ അവസാനത്തിലെത്തിയപ്പോൾ ദൈവം അവനെ തിരികെ പിടിച്ചു.!

ദൈവപൈതലായിരിക്കുക എന്നത് അത്ഭുതകരമായ ഒരു കാര്യമാണ്. ദൈവം ആദ്യമായി നമ്മുടെ മേൽ കൈവയ്ക്കുമ്പോൾ നമ്മെ സംരക്ഷിക്കാനായി അവിടുന്നു നമ്മെ ഒരു സ്നേഹച്ചരടിനാൽ ബന്ധിക്കുന്നു. വളരെ നീളമുള്ളതാണ് ആ സ്നേഹപാശം. നിങ്ങൾ ആയിരം വട്ടം വീഴുകയും ചിലപ്പോൾ കർത്താവിൽനിന്ന് വഴുതി അകലുകയും ചെയ്തെന്നിരിക്കാം. അങ്ങനെ ഒരു നാൾ നിങ്ങൾ ആ കയറിന്റെ നീളം മുഴുവൻ സഞ്ചരിച്ച് അതിന്റെ അങ്ങേത്തലയ്ക്കൽ എത്തിയെന്നിരിക്കും. പക്ഷേ അപ്പോൾ ദൈവം നിങ്ങളെ തന്നിലേക്കു വലിച്ച് അടുപ്പിക്കും.

ആ സമയത്ത് ആ ചരട് അറുത്തു കളഞ്ഞ് എന്നെന്നേക്കുമായി ഓടിപ്പോകണോ എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം തീർച്ചയായും നിങ്ങൾക്കുണ്ട്. അല്ലെങ്കിൽ ദൈവത്തിന്റെ കരുണയാൽ നുറുങ്ങപ്പെട്ട് നിലവിളിയോടെ അവിടുത്തെ അടുത്തേക്കു മടങ്ങിച്ചെല്ലാനും നിങ്ങൾക്കു സ്വാതന്ത്ര്യമുണ്ട്. പത്രോസ് ചെയ്തത് അതാണ്. അവൻ കണ്ണീരോടെ കർത്താവിങ്കലേക്കു തിരിഞ്ഞു. എന്നാൽ ഇസ്ക്കര്യോത്തായൂദാ അതു ചെയ്തില്ല. തന്റെ ജീവിതത്തിന്മേൽ ദൈവത്തിനുള്ള അവകാശത്തോടു മത്സരിച്ച് അവൻ ആ ചരട് അറുത്തുകളയുകയും നിത്യമായി നഷ്ടപ്പെടുകയുമാണുണ്ടായത്. പക്ഷേ പത്രോസ് ചെയ്തതേ നിങ്ങൾ ചെയ്യുകയുള്ളൂവെന്നു ഞാൻ വിശ്വസിക്കുന്നു.

തുടർന്ന് യേശു പത്രോസിനോട് ഇങ്ങനെയാണു പറഞ്ഞത്: *"നീ തിരിഞ്ഞു വന്നു ശക്തനായശേഷം മറ്റുള്ളവരേയും ശക്തരാക്കുക."* ***നാം നുറുക്കപ്പെടുമ്പോൾ മാത്രമാണ് മറ്റുള്ളവരെ ശക്തീകരിക്കുമാറ് ശക്തിയുള്ളവരാകുന്നത്.***

പത്രോസ് ബലഹീനനും നുറങ്ങപ്പെട്ടവനുമായപ്പോൾ മാത്രമാണ് അവൻ യഥാർത്ഥത്തിൽ ശക്തനായിത്തീർന്നത്-തന്റെ സഹാദരീസഹോദരന്മാരെ ബലപ്പെടുത്തത്തക്കവിധത്തിൽ ശക്തൻ. പരിശുദ്ധാത്മനിറവിലുള്ള ഒരു ശുശ്രൂഷയ്ക്കുവേണ്ടിയുള്ള പത്രോസിന്റെ തയ്യാറെടുപ്പുകൾ ഈ പരാജയങ്ങളിലൂടെയാണു നടന്നതെന്നു നമുക്കു പറയാം. പരാജയാനുഭവങ്ങളിലൂടെ കടന്നുപോകാതെ പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ടിരുന്നെങ്കിൽ പെന്തെക്കോസ്തു നാളിൽ പത്രോസ് തന്റെ മുമ്പിലെ പാവപ്പെട്ടവരും നഷ്ടപ്പെട്ടവരുമായ പാപികളെ പുച്ഛത്തോടെ നോക്കി താൻ ഒരിക്കലും തോറ്റിട്ടില്ലാത്തവനാണെന്ന ഗർവ്വോടെ നിഗളിയായ ഒരു മനുഷ്യനായി നിലകൊണ്ടേനേ. അങ്ങനെയായിരുന്നെങ്കിൽ ദൈവം അവന്റെ എതിരാളിയായിത്തീരുമായിരുന്നു. കാരണം, ദൈവം നിഗളികളോട് എതിർത്തു നിൽക്കുന്നവനാണല്ലോ!!

◆

# 2

# ഹൃദയത്തകർച്ചയുടെ വഴി

**ഒ**രിക്കൽ പരിശുദ്ധാത്മാവിൽ നിറഞ്ഞ പല വിശ്വാസികളും ഇന്നു നേരിടുന്ന ദുരവസ്ഥ അവർ ഒരിക്കലും നുറുക്കപ്പെട്ടിട്ടില്ല എന്നതാണ്. ഒരുപക്ഷേ അവർ യഥാർത്ഥമായി പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരായിരിക്കാം. പക്ഷേ അവർ ഹൃദയം തകർന്ന ഒരവസ്ഥയിലല്ല. ഫലമോ, നിഗളത്തിലൂടെ അവരുടെ അഭിഷേകം വേഗത്തിൽ നഷ്ടമായിരിക്കുന്നു.

എന്റെ സ്വന്തം ജീവിതത്തിൽ, ഹൃദയത്തകർച്ചയുടേയും ക്രൂശിന്റെ മാർഗ്ഗത്തിന്റേയും സത്യം പരിശുദ്ധാത്മാവിനാൽ നിറയുന്നതിനു മുൻപു തന്നെ ദൈവം എന്നെ പഠിപ്പിച്ചു. അത് എന്നെ സംബന്ധിച്ചു നന്നായി. വഴിതെറ്റിപ്പോകുന്നതിൽ നിന്ന് അതെന്നെ തടഞ്ഞു. എന്റെ ആത്മവിശ്വാസവും സ്വയനീതീകരണവും ഒരോ ദിവസവും **പല വർഷം** സംഭവിച്ച പരാജയത്തിലൂടെ ദൈവം തകർത്തുകളഞ്ഞു. എന്റെ 60 വർഷത്തെ ജീവിതത്തിന്റെ ഒരു ഗ്രാഫ് വരച്ചാൽ അത് ഏറെക്കുറെ ഇങ്ങനെയിരിക്കും. ഞാൻ ജനിച്ചപ്പോൾ എല്ലാ കുഞ്ഞുങ്ങളേയും പോലെ നിഷ്ക്കളങ്കനും പാപരഹിതനും ആയിരുന്നു. ഗ്രാഫിൽ ഉന്നതത്തിൽ ആയിരുന്നു. വീണ്ടും ജനിച്ചശേഷം (19 വയസ്സുള്ളപ്പോൾ) വളരെ നാളത്തേക്ക് (വർഷങ്ങളിലേക്ക്) കാര്യങ്ങൾ എന്നെ സംബന്ധിച്ചു നന്നായി മുന്നോട്ടു പോയി. ഗ്രാഫ് അന്ന് ഉയർന്നുയർന്നു പോകുകയായിരുന്നു. എന്നാൽ ദൈവം എന്റെ ശുശ്രൂഷയെ അനുഗ്രഹിക്കാൻ തുടങ്ങിയപ്പോൾ, ക്രിസ്തീയവൃത്തങ്ങളിൽ ഞാൻ പരക്കെ അറിയപ്പെടാൻ ആരംഭിച്ചപ്പോൾ എന്നിൽ നിഗളം കടന്നു കൂടുകയും എന്റെ ഗ്രാഫ് ഞാൻ പോലും അറിയാതെ താഴേക്കു പോകുകയും ചെയ്തു. പുറമേ ഞാൻ അപ്പോഴും അറിയപ്പെടുന്ന ഒരു പ്രസംഗകനായിരുന്നു. എന്നാൽ എന്റെ ആന്തരിക ജീവിതവും ദൈവത്തോടൊപ്പമുള്ള എന്റെ നടപ്പും ശോചനീയമായ നിലയിലേക്കു പൊയ്ക്കൊണ്ടിരുന്നു. ആന്തരികമായി ഞാൻ ഒരു പിന്മാറ്റക്കാരനായിത്തീർന്നു. ഒടുവിൽ എന്റെ ജീവിതത്തിന്റെ ഗ്രാഫ് ഏറ്റവും താഴത്തെ തട്ടിൽ എത്തി. 26 വർഷം മുൻപാണത്. ഒരു ഘട്ടത്തിൽ ഞാൻ എന്റെ ശുശ്രൂഷ തന്നെ പൂർണമായി നിർത്തിവയ്ക്കുന്നതിനെപ്പറ്റി ഗൗരവമായി ആലോചിച്ചു. കാരണം ഞാൻ പ്രയോഗത്തിൽ വരുത്താത്ത കാര്യങ്ങളെപ്പറ്റി പ്രസംഗിച്ച് ആളുകളെ വഞ്ചിക്കുവാൻ ഞാനാഗ്രഹിച്ചില്ല. ആ ഘട്ടത്തിൽ എന്റെ കാപ

ട്യവും പിന്മാറ്റവും സംബന്ധിച്ച് ദൈവത്തിൽ നിന്ന് ന്യായവിധി മാത്രമേ ഞാൻ അർഹിച്ചുള്ളൂ. പക്ഷേ എന്നെ ന്യായം വിധിച്ചു നരകത്തിൽ തള്ളേണ്ടതിനു പകരം ദൈവം എന്താണു ചെയ്തതെന്നു അറിയാമോ? **അവിടുന്നു പരിശുദ്ധാത്മാവിനാൽ എന്നെ നിറച്ചു.**

എന്തുകൊണ്ടാണ് അവിടുന്നു അതുചെയ്തത്? കാരണം നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ. അതിലെ അത്ഭുതം നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുവാൻ വേണ്ടി ഞാൻ ഒരു ഉദാഹരണം കുറിക്കട്ടെ.

നിങ്ങൾ ഒരു ബൃഹത്തായ ബഹുരാഷ്ട്രകമ്പനിയിലെ ഉദ്യോഗസ്ഥനാണെന്നു കരുതുക. എന്നാൽ നിങ്ങൾ കമ്പനിയോട് അവിശ്വസ്തനായിത്തീർന്നു. അവരുടെ കല്പനകൾ ലംഘിക്കുകയും അവരുടെ നന്മയെ മുതലെടുക്കുകയും അവർക്കു ചീത്തപ്പേരുണ്ടാക്കുകയും ചെയ്യുന്നു. ഒരു ദിവസം നിങ്ങൾ വളരെ ഗുരുതരമായ ചില തെറ്റുകൾ വരുത്തി. അതുവരെയുള്ള എല്ലാ കുഴപ്പങ്ങളെക്കാളും ഗുരുതരമായ ഒന്ന്. അപ്പോൾ ആ കമ്പനിയുടെ ചെയർമാൻ നിങ്ങളെ സമീപിച്ച് നിങ്ങളെ പിരിച്ചു വിടുന്നതിനു പകരം "ഞങ്ങൾ നിങ്ങളോടു സകലതും ക്ഷമിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. മാത്രമല്ല ഇന്നു മുതൽ നിങ്ങളുടെ ശമ്പളം മൂന്നിരട്ടിയാക്കുകയും ചെയ്യും" എന്നു പറയുന്നു. ഇങ്ങനെ ഒരു കാര്യം നിങ്ങൾക്കു സങ്കൽപ്പിക്കാമോ? ഇല്ല. ഇതു നമ്മെ കാണിക്കുന്നതു ദൈവത്തിന്റെ വഴികൾ മനുഷ്യന്റെ വഴികളല്ല എന്നതാണ്. കാരണം 25 വർഷം മുൻപ് ദൈവം എനിക്കു ചെയ്തതിന്റെ ഒരു ചിത്രമാണിത്.

ദൈവം എന്നോട് ഇങ്ങനെ പെരുമാറിയതിന്റെ ഫലം എന്തായിരുന്നു? ദൈവത്തിന്റെ കരുണയെ മുതലെടുക്കുവാനും അന്നുമുതൽ കൂടുതൽ പാപം ചെയ്യാനും ഇത് എന്നെ പ്രേരിപ്പിച്ചോ? ഇല്ല. പകരം *റോമർ 2:4* ൽ കാണുന്നപോലെ *ദൈവത്തിന്റെ കരുണ എന്നെ മാനസാന്തരത്തിലേക്ക് നയിച്ചു.* അതെന്നെ നിലവിളിയിലേക്കും ഹൃദയത്തകർച്ചയിലേക്കും നയിക്കുകയുണ്ടായി. ദൈവത്തിന്റെ ദയ എന്നെ തകർക്കുകയും തുടർന്ന് അവിടുത്തേക്ക് വേണ്ടി നിർമ്മലവും വിശുദ്ധവുമായ ഒരു ജീവിതം നയിക്കുവാൻ പ്രേരിപ്പിക്കയും ചെയ്തു.

പക്ഷേ ഞാൻ നിങ്ങളോട് സത്യസന്ധമായി പറയട്ടെ ആ ദിവസം മുതൽ എന്റെ ജീവിതത്തിന്റെ ഗ്രാഫ് കുത്തനെ മുകളിലേക്ക് പോയില്ല. ഇല്ല. പാടുപെടുന്ന മറ്റു ക്രിസ്ത്യാനികളെപ്പോലെ എനിക്കും ജീവിതത്തിൽ ഉയർച്ച താഴ്ചകൾ ഉണ്ടായിരുന്നു. പൗലോസിനെപ്പോലെ *"പുറത്ത് യുദ്ധവും അകത്തു ഭയവും"* ഉണ്ടായിരുന്നു. *"ഞാൻ നിരാശനാകുമ്പോൾ മറ്റു സഹോദരൻമാരാൽ അപ്പോഴും ആശ്വസിപ്പിക്കപ്പെടേണ്ടതായുണ്ടായിരുന്നു." 2 കൊരി 7:5,6.* എന്നാൽ പൂർണ്ണതയിലേയ്ക്ക് ആയുവാൻ ഞാൻ ശ്രമിക്കുന്നു.

തന്റെ വഴികൾ എന്നിൽ നിവർത്തിക്കുന്നതിനു മുമ്പ് ദൈവം പരാജയത്തിന്റെ പടുകുഴിയിൽ ആവർത്തിച്ച് പതിക്കുവാൻ എന്നെ അനുവദിച്ചു.

വീണ്ടുംജനനത്തിനുശേഷം എന്നെ ഒരു 'സീറോ പോയിന്റി'ലേക്ക് കൊണ്ടുവരുവാൻ അവിടുത്തേക്ക് 16 വർഷം വേണ്ടിവന്നു. അപ്പോഴേക്കും എനിക്ക് 35 വയസ്സായി. എന്റെ പകുതി ജീവിതം പിന്നിട്ടു കഴിഞ്ഞിരുന്നു. എന്നെപ്പോലെ വഴങ്ങാത്തവനല്ലെങ്കിൽ നിങ്ങൾക്ക് ഇത്രയും സമയം വേണ്ടിവരികയില്ല. നിങ്ങൾ ഒരിക്കലും പ്രതീക്ഷ കൈവിടാതിരിക്കാനും ഉൽസാഹം ലഭിക്കാനും വേണ്ടിയാണ് എന്റെ ഈ അനുഭവം പങ്കുവച്ചത്. എനിക്ക് വേണ്ടി അത് ചെയ്‌വാൻ ദൈവത്തിനു കഴിയുമെങ്കിൽ നിങ്ങൾക്ക് എല്ലാവർക്കും വേണ്ടിയും അത് ചെയ്യുവാൻ കഴിയും.

**ആശയറ്റവരായി ആരുമില്ല.** നിങ്ങൾ അത് കേട്ടോ? ആരും പ്രതീക്ഷയ്ക്കപ്പുറത്തല്ല. നിങ്ങൾ ജീവിച്ചിരിക്കുന്നിടത്തോളം കാലം പ്രതീക്ഷയ്ക്ക് വകയുണ്ട്. നിങ്ങൾ മരിക്കുമ്പോൾ മാത്രമേ പ്രതീക്ഷ അസ്തമിക്കുന്നുള്ളൂ.

ദൈവം ആഗ്രഹിച്ചനിലയിൽ പത്രോസിനെ കൊണ്ടുവരുന്നതിനു മുമ്പ് പത്രോസിനും ആ 'സീറോപോയിന്റിൽ' എത്തിച്ചേരേണ്ടതായുണ്ടായിരുന്നു.

നാം ഒരിക്കൽ തറനിരപ്പിലായിരുന്നെങ്കിൽ ഇപ്പോഴും ആ നിലയിൽ കഴിയുന്നവരെ നമുക്ക് പുച്ഛിക്കാൻ കഴികയില്ല. പാപികളെയോ പിൻമാറ്റക്കാരായ വിശ്വാസികളെയോ വീണുപോയ ക്രിസ്തീയനേതാക്കളെയോ ആരെയും നമുക്ക് അതിനു ശേഷം പുച്ഛിക്കാൻ കഴിയില്ല. ഒരു കാലത്തു നാം എത്ര വലിയ പരാജയം ആയിരുന്നെന്ന് അറിയാം എന്നുള്ളതിനാൽ പാപത്തിന്മേൽ ഉള്ള ജയത്തെപ്പറ്റി പിന്നീട് പ്രശംസിപ്പാൻ കഴികയില്ല.

*"നിങ്ങളുടെ പാപങ്ങളുടെ ശുദ്ധീകരണം മറക്കരുത്" (2 പത്രോസ് 1:9)* എന്നാണു പത്രോസ് ക്രിസ്ത്യാനികൾക്കു മുന്നറിയിപ്പ് നൽകുന്നത്. അവർ അത് മറന്നാൽ ഹ്രസ്വദൃഷ്ടിയുള്ളവരും അന്ധരുമായിതീരുമെന്ന് പത്രോസ് അവർക്ക് താക്കീത് നൽകുന്നു. ഞാൻ ഒരിക്കലും അന്ധനോ ഹ്രസ്വദൃഷ്ടിയുള്ളവനോ ആയിരിക്കുവാൻ ആഗ്രഹിക്കുന്നില്ല. സ്വർഗ്ഗീയ മൂല്യങ്ങളും നിത്യതയുടെ മൂല്യങ്ങളും കാണത്തക്കവിധം എപ്പോഴും ദീർഘദൃഷ്ടിയുള്ളവനായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഹ്രസ്വദൃഷ്ടിയുള്ളവർ ആരാണ്? അവർ ഭൂമിയിലെ കാര്യങ്ങൾ-പാപത്തിന്റെ സുഖങ്ങൾ, ഭൗതികസമ്പത്ത്, മനുഷ്യരുടെ ബഹുമാനവും അംഗീകാരവും-വിലമതിക്കുന്നവരാണ്. അങ്ങനെയുള്ള എല്ലാ മനുഷ്യരും ഹ്രസ്വദൃഷ്ടിയുള്ളവരാണ്. അത്തരം വിശ്വാസികളെ സംബന്ധിച്ച് നമുക്ക് ദുഃഖമാണ് തോന്നേണ്ടത്. പത്തടി അകലെ കാണാൻ കഴിയാത്ത നിലയിൽ കണ്ണിന്റെ കാഴ്ചമങ്ങിയ ഒരാളെ കണ്ടാൽ നിങ്ങൾക്ക് അയാളോട് ദേഷ്യം തോന്നുമോ? ഇല്ല. നിങ്ങൾക്ക് അവനോട് സഹതാപം മാത്രമേ തോന്നുകയുള്ളൂ. തന്റെ കണ്ണിന് രണ്ട് ഇഞ്ച് അടുത്തുവരെ പുസ്തകം പിടിച്ച് വായിക്കുന്ന ഒരുവനെകണ്ടാൽ നിങ്ങൾക്ക് അവനോട് ദേഷ്യമല്ല സഹതാപമാണ് തോന്നുന്നത്. ഒരു കണ്ണു ഡോക്ടർ കട്ടിക്കണ്ണടവെച്ച ഒരുവനോട് മുമ്പിലെ

ചാർട്ട് വായിക്കാൻ ആവശ്യപ്പെടുകയും അവന് അത് വായിക്കാൻ കഴിക യില്ല എന്ന് പറകയും ചെയ്താൽ ഡോക്ടർ എന്തു ചെയ്യും? ദേഷ്യപ്പെടുമോ? ഇല്ല. അവനോട് സഹതാപം മാത്രമേ ഡോക്ടർക്ക് ഉണ്ടായിരിക്കയുള്ളൂ.

പണം, പാപസുഖങ്ങൾ, ആളുകളുടെ അംഗീകാരം എന്നിവയ്ക്ക് വേണ്ടി ജീവിക്കുന്ന ഹ്രസ്വദൃഷ്ടിയുള്ള വിശ്വാസികളെ കണ്ടാൽ അവരെ ശാസി ക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. നമുക്ക് അവരോട് സഹതാപം മാത്രമേ തോന്നേണ്ടതുള്ളൂ. കാരണം അവർ വളരെ ഹ്രസ്വദൃഷ്ടിയുള്ളവ രാണ്. ഒരുനാൾ അവർ കർത്താവിന്റെ മുമ്പിൽ നിൽക്കുമ്പോൾ ഖേദം മാത്രമേ അവർക്ക് ഉണ്ടാകയുള്ളൂ.

ഇതുപോലെയുള്ള ധാരാളം വിശ്വാസികൾ ഉണ്ട്. അവർ എങ്ങനെയാണ് അന്ധരായതെന്ന് നിങ്ങൾക്കറിയാമോ? അവർ *"തങ്ങളുടെ മുൻകാലപാപ ങ്ങളുടെ ശുദ്ധീകരണം മറന്നവരാണ്" (2 പത്രോ1:9)*. ദൈവം തങ്ങളെ ഏതു കുഴിയിൽ നിന്നാണ് വലിച്ചു കയറ്റിയതെന്ന് അവർ മറന്നുപോയി. ദൈവം തങ്ങളെ അനുഗ്രഹിച്ചു എന്നതിൽ അവർ വളരെ അഹങ്കരിച്ചിരിക്കുന്നു. ദൈവം എന്നെ ഏതു കുഴിയിൽ നിന്നാണു കരകയറ്റിയതെന്നു മറന്നുപോ കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ദൈവം എന്റെ എല്ലാ പാപങ്ങളും മായിച്ചു കളഞ്ഞുവെന്നും അവയിൽ ഒന്നുപോലും അവിടുന്ന് ഓർക്കുന്നില്ലെന്നും എനി ക്കറിയാം. എന്റെ ഇത:പര്യന്തമുള്ള ജീവിതത്തിൽ ഇതേവരെ ഒരു തെറ്റും ചെയ്യാത്തവനെപ്പോലെയാണ് ഞാൻ ഇന്നു ദൈവമുൻപാകെ നില്ക്കുന്നത് – കാരണം ഞാൻ *'ക്രിസ്തുവിന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടു'. (റോമർ 5:9).* ദൈവം എന്നെ ഇന്ന് അങ്ങനെയാണു കാണുന്നത്. പക്ഷേ ഞാൻ ഒരിക്കൽ എന്തായിരുന്നുവെന്ന് ഞാൻ ഒരിക്കലും മറക്കുകയില്ല. ദൈവം എന്നോടു പറയുന്നത് *"ഞാൻ നിന്റെ പാപങ്ങളെ ഒരുനാളും ഓർക്കുകയില്ല" എന്നാണ് (എബ്രായർ 8:12).* പക്ഷേ ഒരിക്കൽ ഞാൻ എന്തായിരുന്നുവെന്ന് **ഞാൻ** എപ്പോഴും ഓർക്കും.

എന്റെ പാപങ്ങളെക്കുറിച്ചുള്ള ഓർമ്മകളിലൂടെ സാത്താന് എന്നെ കുറ്റം വിധിക്കുകയും നിരാശപ്പെടുത്തുകയും ചെയ്യുംവിധം ഞാൻ എന്റെ ഭൂതകാ ലത്തെ ഇപ്പോൾ ഓർക്കുകയില്ല. ഇല്ല. ഒരിക്കലുമില്ല. *'ക്രിസ്തുയേശുവി ലുള്ളവർക്ക് ഇപ്പോൾ ഒരു കുറ്റബോധവുമില്ല' (റോമർ 8:1).* പിശാച് ഇപ്പോൾ എന്നെ കുറ്റപ്പെടുത്തുമ്പോൾ ഞാൻ അവന്റെ മുഖത്തുനോക്കിപ്പറയും *"യേശു വിന്റെ രക്തം സകല പാപവും പോക്കി എന്നെ ശുദ്ധീകരിച്ചിരിക്കുന്നു." 'കുഞ്ഞാടിന്റെ രക്തം ഹേതുവായി' ഞാൻ സാത്താനെ ജയിച്ചിരിക്കുന്നു (വെ ളിപ്പാട്. 12:11).* പക്ഷേ ഞാൻ ഒരിക്കൽ ഏതു കുഴിയിലായിരുന്നുവെന്നും അവിടെ ദൈവം എങ്ങനെ എന്നെ കണ്ടുമുട്ടി എന്നെ അവിടുത്തെ പരിശു ദ്ധാത്മാവിനാൽ നിറച്ചു എന്നത് ഞാൻ ഒരിക്കലും മറന്നുപോകുകയില്ല.

ദൈവം ഒരിക്കൽ യഹൂദയെക്കുറിച്ചു പറഞ്ഞതുപോലെ ഞാനും *"ആർക്കും ദയതോന്നാതെ വെളിമ്പ്രദേശത്ത് ഉപേക്ഷിക്കപ്പെട്ടവനായിരുന്നു.*

*കർത്താവ് ആ വഴി വന്നപ്പോൾ എന്നെ ചോരയിൽ കിടന്നുരുളുന്നതുകണ്ട് എന്നെ എടുത്ത് കുളിപ്പിച്ച് വസ്ത്രം ധരിപ്പിച്ച് അലങ്കാരങ്ങൾ അണിയിച്ച് പൂർണത നൽകി (യെഹെസ്കേൽ 16: 5, 6, 9, 10, 14).*

സഹോദരീസഹോദന്മാരെ, നിങ്ങളെ സംബന്ധിച്ച് ഇത് എങ്ങനെയാണ്? നിങ്ങളിൽ പലരും പരിശുദ്ധാത്മാവിനാൽ നിറഞ്ഞവരാണെന്ന് എനിക്കറിയാം. എന്നാൽ നിങ്ങളെ തകർത്തു നിങ്ങളുടെ സ്വയവിശ്വാസത്തേയും ഗർവ്വിനേയും നീക്കിക്കളയുന്നതിൽ ദൈവം വിജയിച്ചിട്ടുണ്ടെന്നതിൽ എനിക്കുറപ്പില്ല. അതുസംഭവിച്ചിട്ടുണ്ടോ എന്നു കണ്ടെത്താൻ വളരെ എളുപ്പമാണ്. ഈ രണ്ടു ചോദ്യങ്ങൾക്ക് ഉത്തരം പറയുക.

***ഒന്നാമത്:*** നിങ്ങൾ മറ്റുള്ളവരെ പുച്ഛത്തോടെ നോക്കാറുണ്ടോ? ചിലപ്പോൾ മറ്റു സഭാവിഭാഗങ്ങളിലുള്ളവരെ?.

ഉപദേശപരമായ കാര്യങ്ങളിൽ നാം പലരോടും വിയോജിക്കുന്നവരായിരിക്കാം. പക്ഷേ അവരെ ഒരിക്കലും നാം പുച്ഛത്തോടെ നോക്കരുത്. സത്യസന്ധമായി ഞാൻ പറയാം, മറ്റുചില സഭാവിഭാഗങ്ങളിലുള്ള പലരേയും എന്നെക്കാൾ മെച്ചപ്പെട്ടവരായി ഞാൻ പരിഗണിക്കാറുണ്ട്. ഉപദേശപരമായ വ്യത്യാസംകൊണ്ട് ഒരു പക്ഷേ അവരെല്ലാവരോടും ഒത്തു പ്രവർത്തിക്കുവാൻ എനിക്കു കഴിഞ്ഞെന്നു വരികയില്ല. എന്നാൽ അവരെ ആരെയും ഞാൻ പുച്ഛത്തോടെ വീക്ഷിക്കുകയോ നിന്ദിക്കുകയോ ചെയ്യാറില്ല.

പരീശനെപ്പോലെ നിങ്ങൾ എപ്പോഴെങ്കിലും നിങ്ങളോടുതന്നെ ഇങ്ങനെ പറഞ്ഞിട്ടുണ്ടോ? *"ദൈവമേ, ഞാൻ മറ്റുള്ളവരെപ്പോലെ അല്ലാത്തതിനാൽ ഞാൻ നിന്നെ വാഴ്ത്തുന്നു" (ലൂക്കോസ് 18:11).* എങ്കിൽ നിങ്ങൾ ഹൃദയം തകർന്ന ഒരുവനല്ല– ആത്മാവിന്റെ ഏതെല്ലാം അനുഭവങ്ങൾ നിങ്ങൾക്കുണ്ടെങ്കിലും.

ഇനി ***രണ്ടാമത്തെ*** ചോദ്യം: നിങ്ങളുടെ ആത്മീയ പുരോഗതിയിൽ, അല്ലെങ്കിൽ നിങ്ങൾ നേടിയ കാര്യങ്ങളിൽ, നിങ്ങൾ അഹങ്കാരമുള്ളവനാണോ?

തന്റെ ജഡത്തിൽ ഒരു നന്മയും വസിക്കുന്നില്ലെന്ന് ഹൃദയം തകർന്ന ഒരുവൻ തിരിച്ചറിയും. അതുകൊണ്ട് തന്റെ ശുശ്രൂഷയിലും ജീവിതത്തിലും കാണുന്ന ഏതുഫലത്തിനും അവൻ ദൈവത്തിനു വേഗം മഹത്വം കൊടുക്കും.

അതുകൊണ്ട് ഇതാണ് ഹൃദയംതകർന്ന ഒരുവന്റെ രണ്ടുലക്ഷണങ്ങൾ:

1 അവൻ മറ്റൊരാളെ – വിശ്വാസിയായാലും, അവിശ്വാസിയായയലും – പുച്ഛത്തോടെ നോക്കുകയില്ല:

2 തന്റെ ആത്മീയ പുരോഗതിയിലോ ശുശ്രൂഷയിലോ അവൻ പുകഴുകയുമില്ല.

◆

# 3

# ദൈവത്തോടു മുഖാമുഖം

**നു**റുക്കുവാൻ ദൈവത്തിനു കഴിഞ്ഞ ഒരു മനുഷ്യന്റെ ഉത്തമ ഉദാഹരണമാണ് യാക്കോബ്. ദൈവത്തെ അവൻ രണ്ടുവട്ടം കണ്ടുമുട്ടി–*ഒന്നു ബഥേലിൽ (ഉൽപത്തി 28)*. മറ്റേത് *പെനിയേലിൽ (ഉൽപത്തി32)*

*ബഥേൽ* എന്നു വച്ചാൽ *'ദൈവത്തിന്റെ ഭവനം'* (സഭയുടെ ഒരു നിഴൽ). *പെനിയേൽ* എന്നുവച്ചാൽ *'ദൈവത്തിന്റെ മുഖം'. ദൈവസഭ*യിൽ അംഗമാകുന്നതിനും അപ്പുറത്തേക്ക് ദൈവത്തിന്റെ ***മുഖം*** കാണുന്നതിലേക്കു നാം പ്രവേശിക്കേണ്ടിയിരിക്കുന്നു.

ബഥേലിൽ *'സൂര്യൻ അസ്തമിച്ചു' (ഉൽപത്തി 28:11)* എന്നു രേഖപ്പെടുത്തിയിരിക്കുന്നു–ഭൂമിശാസ്ത്രപരമായ ഒരു സത്യമാണത്. പക്ഷേ അതു യാക്കോബിന്റെ ജീവിതത്തെ സംബന്ധിച്ചും യാഥാർത്ഥ്യമായിരുന്നു. കാരണം 20 വർഷം അവനെ സംബന്ധിച്ചിടത്തോളം തികഞ്ഞ അന്ധകാരത്തിന്റെ ഘട്ടമായിരുന്നു. പെനിയേലിൽ *'സൂര്യൻ ഉദിച്ചു' (ഉൽപത്തി 32:31)* എന്നു രേഖപ്പെടുത്തിയിരിക്കുന്നു–വീണ്ടും അത് ഭൂമിശാസ്ത്രപരമായ ഒരു സത്യമാണ്. അതേ സമയം യാക്കോബ് അവസാനം ദൈവത്തിന്റെ വെളിച്ചത്തിലേക്കു വന്നിരിക്കുന്നു.

ദൈവത്തോടൊപ്പം വിവിധ കാലഘട്ടങ്ങളിൽ നടന്നിട്ടുള്ള പല വിശ്വാസികളും, പത്രോസിന്റെ *രണ്ടു* മാനസാന്തരങ്ങളെപ്പോലെ, രണ്ടുവട്ടം ദൈവത്തെ അഭിമുഖീകരിച്ചിട്ടുണ്ട്. *ആദ്യത്തേത്* അവർ വീണ്ടും ജനിച്ച് ദൈവഭവനത്തിൽ (സഭയിൽ) പ്രവേശിച്ചപ്പോഴാണ്. *രണ്ടാമത്തേത്* അവർ ദൈവത്തെ മുഖാമുഖം കണ്ട് പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട് ജീവിതം രൂപാന്തരപ്പെട്ടപ്പോഴാണ്.

ഭൂമിയിൽ ചുവട് ഉറപ്പിച്ച് അഗ്രം സ്വർഗ്ഗത്തിൽ മുട്ടുന്ന ഒരു ഗോവേണി യാക്കോബ് ബഥേലിൽ സ്വപ്നം കാണുന്നു. *യോഹന്നാൻ 1:51* ൽ യേശു ഗോവേണിയെ താൻ തന്നെയാണെന്നു വിവരിക്കുന്നു–ഭൂമിയിൽ നിന്നു സ്വർഗ്ഗത്തിലേക്കുള്ള വഴി. അതുകൊണ്ട് യേശു സ്വർഗ്ഗത്തിലേയ്ക്കുള്ള വഴി തുറക്കുന്നതിന്റെ പ്രവചനപരമായ ഒരു ദർശനമാണു യാക്കോബ് കണ്ടതെന്നു പറയാം. തുടർന്നു ദർശനത്തിൽ കർത്താവു യാക്കോബിനു പല കാര്യങ്ങൾ

വാഗ്ദാനം ചെയ്യുന്നു. പക്ഷേ യാക്കോബു വളരെ ഭൗമികമനസ്സുള്ളവനായതുകൊണ്ട് അവനു ഭൂമിയിലെ സുരക്ഷിതത്വം, ശാരീരികമായ ആരോഗ്യം, സാമ്പത്തിക സമൃദ്ധി എന്നിവയെക്കുറിച്ചു മാത്രമേ ചിന്തിക്കാൻ കഴിയുമായിരുന്നുള്ളൂ. അതുകൊണ്ട് അവൻ ദൈവത്തോട് ഇങ്ങനെയാണു പറഞ്ഞത്: "കർത്താവേ നീ ഈ യാത്രയിൽ എന്നെ സംരക്ഷിക്കുകയും ഭക്ഷിക്കാൻ ആഹാരവും ധരിക്കാൻ വസ്ത്രവും നൽകുകയും എന്നെ ഭവനത്തിലേക്ക് സുരക്ഷിതമായി കൂട്ടിക്കൊണ്ടുവരികയും ചെയ്താൽ ഞാൻ എന്റെ സമ്പാദ്യത്തിന്റെ 10% നിനക്കു തരാം" തന്നെ സംരക്ഷിക്കേണ്ട ഒരു കാവൽക്കാരനോടെന്ന മട്ടിലാണു യാക്കോബ് ദൈവത്തോടു പെരുമാറിയത്. ദൈവം അങ്ങനെ ചെയ്താൽ യാക്കോബ് ദൈവത്തിന് അതിന്റെ കൂലി നൽകും– തന്റെ വരുമാനത്തിന്റെ 10%.

ഇതുപോലെയാണു പല വിശ്വാസികളും ഇന്നു ദൈവത്തെ കൈകാര്യം ചെയ്യുന്നത്. അവർ ദൈവത്തിൽനിന്നു ഭൗതികസുഖങ്ങൾ പ്രതീക്ഷിക്കുന്നു. ദൈവം അവർക്ക് ഈ കാര്യങ്ങൾ നൽകിയാൽ സഭായോഗങ്ങളിൽ അവർ ക്രമമായി സംബന്ധിക്കുകയും ദൈവവേലയ്ക്കായി തങ്ങളുടെ പണത്തിന്റെ ഒരംശം നൽകുകയും ചെയ്യും! അത്തരംവിശ്വാസികൾ, തങ്ങളുടെ സുഖവും നേട്ടവും അന്വേഷിക്കുന്ന ലോകത്തിലെ ബിസിനസ്സുകാരെപ്പോലെ, ദൈവത്തോടു *ബിസിനസ്സ്* ചെയ്യുന്നവരാണ്!

തുടർന്നു ഭൗതിക ഭൗതികനേട്ടങ്ങൾ കൈപ്പിടിയിലൊതുക്കുവാൻ തന്റെ ജീവിതത്തിലെ 20 വർഷങ്ങൾ യാക്കോബ് ചെലവഴിക്കുകയാണ്. ലാബാന്റെ വീട്ടിൽ നിന്നു തനിക്ക് ഒരു ഭാര്യയെ *പിടിച്ചെടുക്കുവാൻ* അവൻ ശ്രമിച്ചു. രണ്ടെണ്ണത്തെ കിട്ടി! അവന് രണ്ടെണ്ണത്തെ ആഗ്രഹമില്ലായിരുന്നു. പക്ഷേ എന്തായാലും അവനു രണ്ടു ഭാര്യമാരെ ലഭിച്ചു!! പിന്നെ അവൻ ലാബാനെ കബളിപ്പിച്ച് അവന്റെ ആട്ടിൻകൂട്ടത്തെ പിടിച്ചെടുത്തു സമ്പന്നനായിത്തീർന്നു. ലാബാന്റെ വീട്ടിലേക്ക് അവൻ ഒന്നുമില്ലാത്തവനായി പോയി. എന്നാൽ അവിടെ അവൻ വലിയധനികനായി തീർന്നു. തന്റെ സമൃദ്ധി ദൈവത്തിന്റെ *അനുഗ്രഹത്തിന്റെ* ഫലമാണെന്ന് അവൻ പ്രഖ്യാപിക്കുന്നു–ഇന്നത്തെ പല വിശ്വാസികളെയും പോലെ.

എന്നാൽ *'ദൈവത്തിന്റെ അനുഗ്രഹ'ത്തിന്റെ* യഥാർത്ഥ ലക്ഷണം എന്താണ്? അതു സമൃദ്ധിയാണോ? അല്ല. *ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപമാകുന്നതാണ് അത്.*

നിങ്ങളുടെ ജീവിതം ദൈവത്തിനും സഹജീവികൾക്കും ഉപകാരമില്ലാത്തതായാൽ ഒരു നല്ലജോലി, നല്ല വീട്, മറ്റു സൗകര്യങ്ങൾ എന്നിവകൊണ്ട് എന്താണു പ്രയോജനം?

പക്ഷേ യാക്കോബിനോട് ഇടപെടുന്നതു ദൈവം അവസാനിപ്പിച്ചില്ല. പെനിയേലിൽ രണ്ടാം വട്ടം അവിടുന്ന് അവനെ അഭിമുഖീകരിച്ചു.

പ്രിയ സഹോദരീസഹോദരന്മാരേ, നിങ്ങളിൽ പലർക്കും ദൈവത്തോട് ഒരു രണ്ടാം അഭിമുഖമാണ് വേണ്ടതെന്ന് ഞാൻ പറയട്ടെ. നിങ്ങൾ ജീവിതത്തിന്റെ നെല്ലിപ്പലകയിൽ എത്തുമ്പോൾ ആ മുഖാമുഖം നടക്കും. നിങ്ങളെ ന്യായം വിധിച്ചു നരകത്തിൽ തള്ളുന്നതിനുപകരം അപ്പോൾ അവിടുന്നു നിങ്ങളെ പരിശുദ്ധാത്മാവിനാൽ നിറയ്ക്കും!

ഏശാവു തന്നെ എതിരേല്ക്കുവാൻ വരുന്നു എന്നു കേട്ട് യാക്കോബ് ആകെ ഭയന്നു പോയതായി *ഉത്പത്തി 32* ൽ നാം വായിക്കുന്നു. ജ്യേഷ്ഠാവകാശത്തിന്റെ കാര്യത്തിൽ 20 വർഷം മുൻപ് ഏശാവിനെ യാക്കോബ് കബളിപ്പിച്ച കാര്യം ഓർക്കുക. ഇപ്പോൾ ഏശാവു തന്നെ കൊല്ലാനാണു വരുന്നതെന്ന് യാക്കോബിന് ഉറപ്പായിരുന്നു. *നമ്മെ ഭയപ്പെടുത്തുന്ന* ചില സാഹചര്യങ്ങളെ അഭിമുഖീകരിക്കുവാൻ ദൈവം നമ്മെ അനുവദിക്കുന്നതു നമ്മെ സംബന്ധിച്ചു നല്ലതാണ്. കാരണം മനുഷ്യർ നമ്മോടു ചെയ്യാൻ പോകുന്നതു സംബന്ധിച്ചു ഭയപ്പെടുമ്പോൾ നാം ദൈവത്തിന്റെ സമീപത്തേക്കു കൂടുതൽ അടുത്തുചെല്ലും.

പെനിയേലിൽ യാക്കോബ് *തനിയെ* ആയിരുന്നു *(ഉത്പത്തി 32:24)*. ദൈവം നമ്മെ അഭിമുഖീകരിക്കുന്നതിനു മുമ്പ് അവിടുത്തേക്കു നമ്മെ തനിയെ കിട്ടേണ്ടതുണ്ട്. ഇതറിയാവുന്നതുകൊണ്ടാണ് ഇന്നത്തെ ലോകത്തിൽ സാത്താൻ ജീവിതത്തെ (പ്രത്യേകിച്ച് നഗരങ്ങളിൽ) വലിയ തിരക്കുള്ളതാക്കിയിരിക്കുന്നത്. ഇതിന്റെ ഫലമായി പല വിശ്വാസികൾക്കും ദൈവത്തോട് ഒപ്പം തനിയെ ആയിരിക്കാൻ ഒട്ടും സമയം കിട്ടാറില്ല. അവരുടെ ജീവിതം അതീവ തിരക്കുള്ളതായിരിക്കുന്നതു മൂലം മുൻഗണന കുറഞ്ഞ വിഷയങ്ങൾ (ദൈവിക കാര്യങ്ങൾ പോലെ) അവരുടെ ടൈംടേബിളിനു തീർത്തും പുറത്താകുന്നു! ഇതാണ് ക്രിസ്തീയലോകത്തെ ഇന്നത്തെ ദുരന്തം.

ദൈവം അന്നു രാത്രി അനേകം മണിക്കൂറുകൾ യാക്കോബിനോടു മല്ലിട്ടെങ്കിലും യാക്കോബ് കീഴടങ്ങിയില്ല. കഴിഞ്ഞ 20 വർഷമായി യാക്കോബിന്റെ ജീവിതത്തിൽ സംഭവിച്ചുകൊണ്ടിരുന്നതിന്റെ പ്രതീകാത്മകമായ ഒരു നടപടിയായിരുന്നു സത്യത്തിൽ ആ മൽപ്പിടിത്തം. ഒടുവിൽ യാക്കോബ് കീഴടങ്ങുകയില്ലെന്നുകണ്ടപ്പോൾ ദൈവം അവന്റെ തുടയുടെ തടം തൊട്ടു. അത് ഉളുക്കി. ഇതു സംഭവിക്കുമ്പോൾ യാക്കോബിനു 40 വയസ്സാണു പ്രായം. വളരെ ശക്തനായ ഒരു മനുഷ്യനായിരുന്നു അപ്പോൾ അവൻ. അവന്റെ മുത്തശ്ശൻ അബ്രഹാം 175 വയസ്സുവരെ ജീവിച്ചിരുന്നു. അതുകൊണ്ട് യാക്കോബ് തന്റെ യുവത്വത്തിന്റെ ഉച്ചകോടിയിലായിരുന്നു അപ്പോൾ എന്നു പറയാം. അവന്റെ ജീവിതത്തിന്റെ 75 ശതമാനവും മുൻപിൽ അവശേഷിക്കുന്ന ഘട്ടം. ആ സമയത്ത് തുടയുടെ മേൽക്കുഴ തെറ്റിയവനായിത്തീരുക എന്നു പറഞ്ഞാൽ യാക്കോബിന് അത് ഒട്ടും സഹിക്കാൻ കഴിയുന്ന ഒരു കാര്യമായിരിക്കുകയില്ല. ഭാവിയെക്കുറിച്ചുള്ള അവന്റെ സ്വപ്നങ്ങളെ മുഴുവൻ അതു തച്ചുടച്ചിരിക്കും. അതു വ്യക്തമാകണമെങ്കിൽ ഇന്ന് 20 വയസ്സുള്ള ഒരു ചെറുപ്പക്കാ

രന്റെ കാലിന്റെ തുടയുടെ കുഴതെറ്റുകയും ജീവിതകാലം മുഴുവൻ അവന്റെ ജീവിതം ഊന്നുവടിയിൽ തളച്ചിടപ്പെടുകയും ചെയ്യുന്നതു സങ്കൽപിക്കുക. അത് അവനെ തകർത്തുകളയുന്ന ഒരനുഭവമായിരിക്കും. യാക്കോബിനും ജീവിതത്തിൽ പിന്നീടെന്നും ഊന്നുവടികൾ ഉപയോഗിച്ചേ സഞ്ചരിക്കുവാൻ കഴിയുമായിരുള്ളൂ.

യാക്കോബിനെ തകർക്കുവാൻ ദൈവം അനേകം മാർഗ്ഗങ്ങളിലൂടെ ശ്രമിച്ചു. പക്ഷേ അവിടുന്നു വിജയിച്ചില്ല. അതുകൊണ്ട് ഒടുവിൽ അവിടുന്ന് യാക്കോബിന് സ്ഥിരമായ ഒരു ശാരീരികവൈകല്യം നൽകി. ഒടുവിൽ അത് യാക്കോബിനെ തകർക്കുവാൻ സഹായകമായി.

ദൈവം അതുതന്നെ നമുക്കുവേണ്ടിയും ചെയ്യും-നമ്മെസംബന്ധിച്ച് അത് ആവശ്യമാണെന്ന് അവിടുന്നു കണ്ടാൽ മാത്രം. സ്നേഹിക്കുന്നവരെ മാത്രമേ അവിടുന്നു ശിക്ഷിക്കുകയുള്ളൂ. കൂടുതൽ വലിയ ഒരു ദുരന്തത്തിൽ നിന്ന് അവരെ രക്ഷിക്കുവാൻ വേണ്ടിയാണ് അവിടുന്ന് അതു ചെയ്യുന്നത്.

നിങ്ങളെ തിരുത്തുന്നത് ദൈവം അവസാനിപ്പിച്ചു കഴിഞ്ഞാൽ, പിന്മാറ്റത്തിലാണെങ്കിലും, നല്ല ആരോഗ്യത്തോടെ, ധാരാളം പണം സമ്പാദിച്ച്, അതേ സമയംതന്നെ ജീവിതം പാഴാക്കിക്കളയുവാൻ അവിടുന്നു നിങ്ങളെ അനുവദിക്കും. പക്ഷേ ആരാണ് അതാഗ്രഹിക്കുന്നത്? എന്നെ സംബന്ധിച്ചിടത്തോളമാണെങ്കിൽ ഭൂമിയിൽ ദൈവഹിതം തികയ്ക്കുന്നതിനും അവിടുത്തോടൊപ്പം നടക്കുന്നതിനും ആവശ്യമെങ്കിൽ എന്നെ കർശനമായ ശിക്ഷണത്തിലൂടെ കടത്തിവിട്ട് തകർക്കുന്നതിന് (അത് അക്ഷരികമായാണെങ്കിലും) എനിക്കു നൂറുവട്ടം സമ്മതമാണ്.

വലിയ അപ്പോസ്തലനായ പൗലോസിനെ തകർച്ചയിൽ സൂക്ഷിക്കുന്നതിനു ജഡത്തിൽ ഒരു മുള്ള് ആവശ്യമായിവന്നു. *(2 കൊരിന്ത്യർ 12:7)*. പൗലോസിന്റെ ജഡത്തിലെ മുള്ള് എന്തായിരുന്നു? അത് അദ്ദേഹത്തെ നിരന്തരം അലട്ടിക്കൊണ്ടിരുന്ന എന്തെങ്കിലും ശാരീരികക്ലേശങ്ങളാകാം. ഈ *'സാത്താന്റെ ദൂതനെ'* ഒഴിവാക്കികിട്ടേണ്ടതിന് പൗലോസ് പിന്നേയും പിന്നേയും പ്രാർത്ഥിച്ചു. പക്ഷേ ദൈവത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു.*''ഇല്ല. അതു സാത്താന്റെ ഒരു ദൂതനാണെങ്കിലും ഞാൻ അത് ഒഴിവാക്കുകയില്ല. കാരണം നിന്നെ താഴ്മയിൽ സൂക്ഷിക്കാൻ അത് ആവശ്യമാണ്. എങ്കിൽ മാത്രമേ എനിക്കും നിന്റെ സഹപ്രവർത്തകർക്കും നീ ഒരു പ്രയോജനം ആയിരിക്കുകയുള്ളൂ."*

യാക്കോബിന്റെ കാലിന്റെ തുടതൊട്ട് അവനെ മുടന്തനാക്കിയശേഷം ദൈവം പറഞ്ഞു *"ശരി ഞാൻ എന്റെ പ്രവൃത്തി ചെയ്തു കഴിഞ്ഞിരിക്കുന്നു. ഇനി എന്നെ പോകാൻ അനുവദിക്കുക. നിനക്ക് എന്നും സ്ത്രീകളും പണവും മതിയായിരുന്നല്ലോ."* എന്നാൽ യാക്കോബ് ഇപ്പോൾ ദൈവത്തെ പോകുവാൻ അനുവദിക്കുന്നില്ല. ഒടുവിൽ അവനു രൂപാന്തരം സംഭവിച്ചിരിക്കുന്നു! തന്റെ

ജീവിതകാലം മുഴുവൻ സ്ത്രീകളും വസ്തുവകകളും പിടിച്ചെടുക്കുവാൻ ശ്രമിച്ചവൻ ഇപ്പോഴിതാ ദൈവത്തിന്മേൽ പിടിമുറുക്കുന്നു. എന്നിട്ടു പറയുന്നു *"നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല."* അവന്റെ തുടയുടെ തടം ഉളുക്കിയതുവഴി യാക്കോബിന്റെ ഹൃദയത്തിൽ എത്ര വലിയ ഒരു പ്രവൃത്തിയാണു പൂർത്തിയാക്കപ്പെട്ടത്. അതുമൂലം അവനിപ്പോൾ ദൈവത്തെ മാത്രമാണു വാഞ്ഛിക്കുന്നത്.

**"നിങ്ങൾക്കു ദൈവമല്ലാതെ മറ്റൊന്നും ഇല്ലാതെ വരുമ്പോൾ ദൈവം എല്ലാറ്റിനും മതിയായവനാണെന്ന് നിങ്ങൾ കണ്ടെത്തും" എന്ന പഴമൊഴി എത്രയോ ശരിയാണ്!**

തുടർന്നു ദൈവം യാക്കോബിനോടു ചോദിക്കുന്നു "നിന്റെ പേരെന്താണ്?"

"എന്റെ പേര് യാക്കോബ്" മറുപടി.

*യാക്കോബ്* എന്നതിന്റെ അർത്ഥം 'ചതിയൻ' എന്നാണ്. താനൊരു ചതിയനാണെന്ന് ഒടുവിൽ യാക്കോബ് സമ്മതിക്കുകയാണ്.

നിങ്ങളും ഒരു പക്ഷേ ഒരു ചതിയനായിരിക്കാം? ഒരു ആത്മീയനാണെന്ന ധാരണ നൽകി ചുറ്റുമുള്ളവരെ നിങ്ങൾ വഞ്ചിക്കുകയാണോ? എങ്കിൽ ദൈവത്തോട് ഇന്നു നിങ്ങൾ സത്യസന്ധനായിരിക്കുകയും നിങ്ങൾ ഒരു കാപട്യക്കാരനാണെന്നു സമ്മതിക്കുകയും ചെയ്യുമോ?

അനേകവർഷങ്ങൾക്കു മുൻപ് അന്ധനായ പിതാവ് യിസ്ഹാക്ക് അവനോടു പേരു ചോദിച്ചു. യാക്കോബ് അന്ന് ഏശാവാണെന്ന് അഭിനയിക്കുകയാണു ചെയ്തത്. എന്നാൽ ഇന്ന് അവൻ സത്യസന്ധനാണ്. കർത്താവ് ഉടനെ അവനോട് പറഞ്ഞു *"നീ ഇനി മേലിൽ ഒരു ചതിയൻ (യാക്കോബ്) ആയിരിക്കുകയില്ല. " (28-ാം വാക്യം).*

അതൊരു ഉത്സാഹം നൽകുന്ന വചനമല്ലേ?. നിങ്ങൾ അതു കേട്ടോ?. *"നിങ്ങൾക്ക് ഇനിമേലിൽ ഒരു ചതിയനായിരിക്കേണ്ട ആവശ്യമില്ല."*

ഹല്ലേലുയ്യ!

നിങ്ങൾ ഇനി ഒരിക്കലും *പാപത്തിൽ വീഴുകയില്ല* എന്നല്ല പറഞ്ഞത്. ജീവിതത്തിൽ മേലിൽ ഒരു *വഞ്ചനയും* ഉണ്ടായിരിക്കുകയില്ല എന്നാണ്. നിങ്ങളുടെ ജീവിതത്തിൽ ഇനി ഒരിക്കലും കാപട്യം ഉണ്ടായിരിക്കുകയില്ല.

തുടർന്നു ദൈവം യാക്കോബിനോട് അരുളിച്ചെയ്യുന്നു *''നിന്റെ പേര് ഇനി യിസ്രായേൽ (ദൈവത്തിന്റെ പ്രഭു) എന്നായിരിക്കും. നീ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിച്ചിരിക്കുന്നുവല്ലോ."* എന്തൊരു രൂപാന്തരം-ഒരു 'ചതിയ'നെന്ന നിലയിൽ നിന്നു 'ദൈവത്തിന്റെ പ്രഭു' എന്ന സ്ഥാനത്തേക്ക്. യാക്കോബ് തകർക്കപ്പെട്ടതിനെതുടർന്നാണ് ഇതു സംഭവിച്ചത്.

നമ്മുടെ വിളിയും ഇതാണ്-ഒരു പ്രഭുവിനെപ്പോലെ ക്രിസ്തുവിനോടൊപ്പം തന്റെ സിംഹാസനത്തിൽ ഇരുന്ന് സാത്താന്റെ മേൽ ആത്മീയാധികാരം നടത്തി സ്ത്രീപുരുഷന്മാരെ സാത്താന്റെ ബന്ധത്തിൽ നിന്നു പുറത്തു കൊണ്ടുവരിക. ക്രിസ്തുവിന്റെ ശരീരത്തിന്റെ അംഗങ്ങളെന്ന നിലയിൽ ദൈവത്തോടും മനുഷ്യരോടും മല്ലുപിടിച്ചു ജയിക്കുന്ന അനുഭവം. എല്ലാവർക്കും ഒരനുഗ്രഹമാകാൻ വേണ്ടിയാണു നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. പക്ഷേ നാം തകർക്കപ്പെട്ടാൽ മാത്രമേ അതു നടക്കൂ. നമ്മുടെ കാപട്യവും വഞ്ചനയും സംബന്ധിച്ചു നാം ദൈവത്തോടു സത്യസന്ധരായാൽ മാത്രമേ നാം നുറക്കം അറിയുകയുള്ളൂ.

പല നൂറ്റാണ്ടുകൾക്കുശേഷം യാക്കോബിന്റെ ഒരു അനന്തരഗാമി, നഥനയേൽ യേശുവിനെ കണ്ടുമുട്ടുമ്പോൾ കർത്താവ് അവനെക്കുറിച്ചു പറഞ്ഞു *"ഇതാ സാക്ഷാൽ യിസ്രായേല്യൻ ഇവനിൽ യാക്കോബില്ല (കാപട്യമില്ല)". (യോഹന്നാൻ 1:47)*. തുടർന്ന് യേശു നഥനയേലിനെ യാക്കോബ് ബഥേലിൽ വച്ചുകണ്ട ഗോവേണിയെപ്പറ്റി ഓർമ്മിപ്പിക്കുന്നു. നഥനയേൽ സാക്ഷാൽ *യിസ്രായേല്യനാണ്*-അത് അവൻ പൂർണനായതുകൊണ്ടല്ല, അവനിൽ കാപട്യവും ചതിവും ഇല്ലാത്തതുകൊണ്ടാണ്.

ഒടുവിൽ യാക്കോബ് അവിടെവച്ച് ദൈവത്തിന്റെ മുഖം കണ്ടതുകൊണ്ടാവണം ആ സ്ഥലത്തിന് *'പെനിയേൽ'* എന്നു പേരിട്ടത്. ബഥേലിൽ *'ദൈവത്തിന്റെ ഭവനം'* എന്ന കാര്യത്താലാണ് അവൻ പിടിക്കപ്പെട്ടത്. നിങ്ങൾ പല വർഷങ്ങളായി ദൈവത്തിന്റെ ഭവനത്തിലാണെന്നു വരാം. പക്ഷേ നിങ്ങൾ ദൈവത്തിന്റെ മുഖം കണ്ടിട്ടുണ്ടാവുകയില്ല. എങ്കിൽ നിങ്ങൾക്ക് ആവശ്യം ദൈവത്തോട് ഒരു **രണ്ടാം മുഖാമുഖമാണ്**-അവിടെ നിങ്ങൾ അവിടുത്തെ മുഖം കാണും.

യാക്കോബ് അത്ഭുതാഹ്ലാദങ്ങളോടെ പറയുന്നു *'ഇപ്പോൾ ഞാൻ ദൈവമേ, അവിടുത്തെ മുഖം കാണുന്നു എന്റെ ജീവിതം സംരക്ഷിക്കപ്പെട്ടിരിക്കുന്നു"*

*"ഞാൻ ആ കമ്പനിയിൽ നിന്നു പറത്താക്കപ്പെടേണ്ടവനാണ്. പക്ഷേ എന്റെ ശമ്പളം മൂന്നിരട്ടിയാക്കുകയാണു ചെയ്തത്!"*

*"ഞാൻ നരകത്തിൽ പോകേണ്ടവനായിരുന്നു. പകരം അവിടുന്നു പരിശുദ്ധാത്മാവിനാൽ എന്നെ നിറച്ചു. ഹല്ലേലുയ്യാ!"*

പല വിശ്വാസികളും പരിശുദ്ധാത്മാവിനാൽ നിറയപ്പെടാത്തതിന്റെ കാരണം ഇപ്പോൾ എനിക്കറിയാം എന്നു ഞാൻ കരുതുന്നു. അവർ അതു കൈവശമാക്കാൻ ശ്രമിക്കുന്നു. അതിനു യോഗ്യരായിത്തീരുവാനാണ് അവരുടെ ശ്രമം. പല മതങ്ങളിലുമുള്ള ആത്മാർത്ഥതയുള്ള ആളുകൾ പാപമോചനം നേടാനായി ശ്രമിക്കുന്നതും ഇതേ വിധമാണ്. അവർക്കെന്തുകൊണ്ടാണു പാപക്ഷമ ലഭിക്കാത്തത്? അവർ അതു നേടാൻ ശ്രമിക്കുന്നു എന്നതാണു കാരണം.

നിങ്ങൾക്ക് എങ്ങനെയാണു നിങ്ങളുടെ പാപത്തിൽ നിന്നു ക്ഷമ ലഭിക്കുന്നത്? നിങ്ങൾ അതു നേടുകയായിരുന്നോ? നിങ്ങൾക്കതിന് അർഹത ഉണ്ടായിരുന്നോ? നിങ്ങൾ ദൈവത്തിന്റെ ക്ഷമയ്ക്ക് ഒരിക്കലും അർഹനല്ലെന്നു തിരിച്ചറിഞ്ഞ ഒരു ദിവസം നിങ്ങളുടെ ജീവിതത്തിലുണ്ടായി. അപ്പോൾ നിങ്ങൾ യേശുവിന്റെ അടുത്തേക്കു വന്നു. ഒരു ക്രിസ്ത്യാനിയായിട്ടല്ല, ഒരു പാപിയെന്ന നിലയിൽ. ഉടനെ നിങ്ങളുടെ പാപങ്ങൾ ക്ഷമിക്കപ്പെട്ടു. ആത്മാവിന്റെ നിറവു പ്രാപിക്കാൻ നാമും ഈ വിധം വരേണ്ടതുണ്ട്.

ഇന്നു പല വിശ്വാസികളും പരിശുദ്ധാത്മാവിന്റെ നിറവിനുവേണ്ടി കാത്തിരിക്കയും പ്രാർത്ഥിക്കയും ഉപവസിക്കയും ചെയ്യാറുണ്ട്. ഇവയൊക്കെ ചെയ്യുന്നതിൽ ഒരു തെറ്റുമില്ല. അതെല്ലാം നല്ലതാണ്. എന്നാൽ പരിശുദ്ധാത്മാവിന്റെ നിറവുപ്രാപിക്കാൻ *യോഗ്യരാകാൻ* വേണ്ടി നിങ്ങൾ ഇതിലേതെങ്കിലും ചെയ്താൽ അപ്പോൾ നിങ്ങൾ തെറ്റായ പാതയിലാണ്.

അപ്പോൾ ആത്മാവിന്റെ നിറവ് ലഭിക്കാതിരുന്നാൽ നിങ്ങൾ ദൈവത്തെത്തന്നെ ചോദ്യം ചെയ്തെന്നു വരും: "കർത്താവേ, ഞാൻ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും കാത്തിരിക്കുകയും ചെയ്തതാണല്ലോ. എന്നിട്ടും അവിടുന്ന് എന്താണെന്നെ നിറയ്ക്കാഞ്ഞത്?" പക്ഷേ പാപക്ഷമ നിങ്ങൾക്ക് നേടിയെടുക്കാനോ അതിന് അർഹത നേടുവാനോ കഴിയാത്തതുപോലെ പരിശുദ്ധാത്മാവും സ്വന്ത പ്രയത്നത്തിലൂടെ നേടിയെടുക്കുവാനോ അതിനു അർഹനായിത്തീരുവാനോ നിങ്ങൾക്കു കഴിയുകയില്ല. ഇവ രണ്ടും ദൈവത്തിന്റെ ദാനമാണ്. രണ്ടിനുവേണ്ടിയും നിങ്ങൾക്ക് ദൈവത്തിനു വില നൽകാൻ സാധ്യമല്ല. നിങ്ങൾ അവ സൗജന്യമായി എടുക്കേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ നിങ്ങൾക്കൊരിക്കലും അതു കിട്ടുകയില്ല.

ദൈവത്തിന്റെ ദാനങ്ങളെല്ലാം സൗജന്യമാണ്. പക്ഷേ മനുഷ്യന്റെ തെറ്റ്, ദൈവത്തിന് ഇതിനെല്ലാം അവൻ വിലകൊടുക്കാൻ ശ്രമിക്കുന്നു എന്നതാണ്. ഫലം അവന് ഒന്നും സ്വായത്തമാക്കാൻ കഴിയാതെ പോകുന്നു. ദൈവത്തിന്റെ ദാനങ്ങൾ ലഭിക്കുവാൻ നിങ്ങൾ നിങ്ങളെത്തന്നെ യോഗ്യനാക്കിത്തീർക്കുകയാണെങ്കിൽ നിങ്ങൾക്ക് അവ ലഭിക്കുകയില്ല. നിങ്ങൾ ഇതുവരെ പരിശുദ്ധാത്മാവിനാൽ നിറയപ്പെടാത്തതിന്റെ കാരണം ഒരു പക്ഷേ ഇതാകാം.

യേശു ഭൂമിയിലായിരുന്നപ്പോൾ, മറ്റാരേക്കാളും പാപക്ഷമയ്ക്ക് തങ്ങളാണ് അർഹരെന്ന് അന്നു പരീശന്മാർ ചിന്തിച്ചു. പക്ഷേ അവർക്കതു ലഭിച്ചില്ല–അവർ നരകത്തിലേക്കു പോയി. അതേ സമയം മഗ്ദലനമറിയത്തെപ്പോലെയുള്ള കുപ്രസിദ്ധരായ പാപികൾക്കു പാപക്ഷമ വേഗം ലഭ്യമായി. ഒരു ജീവിതകാലം മുഴുവൻ കുറ്റകൃത്യങ്ങൾ ചെയ്ത ഒരു കള്ളന് ഒരു നിമിഷം കൊണ്ടു ക്ഷമ ലഭിക്കുകയും അവൻ ക്രൂശിക്കപ്പെട്ട രാത്രിയിൽ തന്നെ പറുദീസയിൽ പ്രവേശിക്കുകയും ചെയ്തു.

**അർഹരല്ലാത്തവർക്കാണ്** ദൈവം തന്റെ ഏറ്റവും നല്ല ദാനങ്ങൾ നൽകുന്നത്.

പതിനൊന്നാം മണിക്കൂറിൽ മുന്തിരിത്തോപ്പിൽ ജോലിചെയ്യാൻ എത്തിയവർക്ക് തങ്ങൾ ഒന്നിനും അർഹരല്ലെന്ന് അറിയാമായിരുന്നു ഫലം അവർക്ക് ആദ്യം പ്രതിഫലം ലഭിച്ചു. പക്ഷേ നേരത്തെ വന്നവർക്ക് തങ്ങൾ കൂലിക്ക് *അർഹരാണെന്നു* തോന്നി. അതിന്റെ ഫലമായി അവർ പിമ്പന്മാരായി.

ധൂർത്തപുത്രന്റെ ഉപമയിൽ പിതാവിനു വിരലിൽ മോതിരമുണ്ടായിരുന്നു. പക്ഷേ ഒരുനാൾ അവൻ അത് ഊരി തന്റെ പണം മുഴുവൻ പാഴാക്കിയ ഇളയ മകനു സമ്മാനിച്ചു. എന്തുകൊണ്ടാണ് അവൻ ആ മോതിരം മൂത്തപുത്രനു നൽകാഞ്ഞത്? കാരണം മുത്തപുത്രൻ സ്വന്തനീതിയെക്കുറിച്ചു ബോധ്യം ഉള്ളവനായിരുന്നു. മനുഷ്യദൃഷ്ടിയിൽ മോതിരത്തിന് അർഹനായ അവകാശി മൂത്തപുത്രനായിരുന്നു. പക്ഷേ പിതാവ് അത് ഇളയമകനാണു നൽകിയത്.

ദൈവത്തിന്റെ വഴി അതാണ്. ഒരു ജഡവും തന്റെ സാന്നിദ്ധ്യത്തിൽ പ്രശംസിക്കാതിരിക്കേണ്ടതിന്, മനുഷ്യന്റെ അഹങ്കാരത്തെ വിനയപ്പെടുത്താൻ, ദൈവം ഇങ്ങനെയുള്ള കാര്യങ്ങൾ ചെയ്യുന്നു. *നമ്മുടെ വഴികളല്ല ദൈവത്തിന്റെ വഴികൾ. നമ്മുടെ വിചാരങ്ങളല്ല അവിടുത്തെ വിചാരങ്ങൾ.*

ഞാൻ ഊന്നിപ്പറയുന്ന ഈ സത്യം നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ ദൈവം എങ്ങനെയാണു മനുഷ്യരോട് ഇടപെടുന്നത് എന്നതു സംബന്ധിച്ച അടിസ്ഥാന നിയമം നിങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു.

ആദ്യമായി ദൈവത്തിന്റെ ദയയാണ് എന്നെ അനുതാപത്തിലേക്കു നയിച്ചത്. തുടർന്ന് എന്റെ മേൽ ചൊരിഞ്ഞ ദൈവത്തിന്റെ കരുണകൾ എന്നെ കൂടുതൽ അനുതാപത്തിലേക്കു നയിച്ചു.

ദൈവത്തിന്റെ ദയ നിങ്ങളേയും അനുതാപത്തിലേക്കു നയിക്കട്ടെ. അവിടുത്തെ നന്മയെമുതലെടുക്കാതിരിക്കുക. ദൈവം നമ്മോട് വിവിധ നിലകളിൽ ദയയുള്ളവനാണ്. എന്നാൽ നമ്മളോടു *ദയയുള്ളവനായതുകൊണ്ട്* അവിടുന്നു നമ്മെ സംബന്ധിച്ച് *സന്തുഷ്ടനാണെന്നു* കരുതരുത്. അവിടുന്ന് എല്ലാ മനുഷ്യരോടും ദയയുള്ളവനാണ്. അവിടുത്തെ ദയ നമ്മെ അനുതാപത്തിലേക്കു നയിക്കുന്നതിനുവേണ്ടിയാണ്. കാപട്യമില്ലാതെ നാം ദൈവത്തിങ്കലേക്കു തിരിയുമെങ്കിൽ അവിടുന്നു നമ്മുടെ വിരലിലും മോതിരം അണിയിക്കും. നമ്മെപ്പോലെയുള്ള പാപികൾക്കുവേണ്ടിയാണ് അവിടുന്ന് ആ മോതിരം സൂക്ഷിക്കുന്നത്.

യേശു ഒരിക്കൽ പരീശന്മാരോട് ഹാസ്യരൂപത്തിൽ ഇങ്ങനെ പറഞ്ഞു: *"നിങ്ങൾ എല്ലാവരും വളരെ ആരോഗ്യമുള്ളവരാണ്. നിങ്ങൾക്ക് ഒരു വൈദ്യനെ ആവശ്യമില്ല. രോഗികളായ ആളുകൾക്കാണ് വൈദ്യനെ ആവശ്യം. ഞാൻ അങ്ങനെയുള്ളവർക്കുവേണ്ടിയാണ് വന്നത്". (മത്തായി 9:12).*

അവിടുന്നു സ്നേഹത്തോടെ ഹാസ്യരസം ഉപയോഗിച്ചു–അവരെ സത്യത്തിലേക്ക് ഉണർത്തേണ്ടതിനുവേണ്ടി. പക്ഷേ അവർ ഉണർന്നില്ല.

തങ്ങളെത്തന്നെ നീതിമാന്മാർ എന്നു കരുതുന്നവരെ വിളിക്കാനല്ല യേശു വന്നത്. മറിച്ച് തങ്ങളെത്തന്നെ പാപികളായി കാണുന്നവരെയാണ്. ഇന്നു നിങ്ങളിൽ പലരും പരീശന്മാരെപ്പോലെ രോഗികളായിരിക്കാനുള്ള സാധ്യതയുണ്ട്. പക്ഷേ അത് മനസ്സിലാക്കുന്നുമില്ല. കാപട്യത്താലും, അഹങ്കാരത്താലും, സ്വയനീതീകരണത്താലും രോഗികളായിരിക്കുക. ഈ രോഗങ്ങൾ സത്യത്തിൽ എയ്ഡ്സിനെക്കാളും കാൻസറിനെക്കാളും മാരകമാണ്–അവ നിങ്ങളെ നശിപ്പിച്ചെന്നുവരാം! ഈ പാപങ്ങളോടു താരതമ്യപ്പെടുത്തുമ്പോൾ കൊലപാതകവും വ്യഭിചാരവുമൊക്കെ പനിയും ജലദോഷവും പോലെ നിസ്സാരമാണ്. കൊലപാതകികളും വ്യഭിചാരികളുമാണ് രോഗികൾ എന്നു നിങ്ങൾ കരുതുന്നു. എന്നാൽ നിങ്ങൾ ആ രണ്ടു കൂട്ടരെക്കാളും രോഗാതുരനാണെന്നു വരാം!!

◆

# 4

# അനുഗ്രഹത്തിലേക്ക്, തകർച്ചയിലൂടെ

**ത**ന്റെ ജീവനും ശക്തിയും അധികാരവും നമുക്ക് തരുവാൻ ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് നമ്മൾ നിരന്തരം പരാജയപ്പെടുവാനും ഒടുവിൽ തകർക്കപ്പെടുവാനും അവിടുന്ന് അനുവദിക്കുന്നത്.

ഇയ്യോബിന്റെ ചരിത്രത്തിൽ അവന്റെ വസ്തുവകകളും കുഞ്ഞുങ്ങളും ആരോഗ്യവും നഷ്ടപ്പെടുത്തി ഏറ്റവും അടിത്തട്ടിലേക്ക് ദൈവം അവനെ കൊണ്ടുവന്നതു നാം കാണുന്നു. പ്രത്യേകാർത്ഥത്തിൽ പറഞ്ഞാൽ അവനു ഭാര്യയേയും (അവൾ അവനെ നിരന്തരം അലട്ടിക്കൊണ്ടിരുന്നു) മൂന്നു നല്ല കൂട്ടുകാരേയും (അവർ അവനെ തെറ്റിദ്ധരിക്കുകയും വിമർശിക്കുകയും ചെയ്തു) നഷ്ടപ്പെട്ടു. അവന്റെ സ്നേഹിതന്മാർ സ്വയംനീതിമാന്മാരായ പ്രസംഗകരെപ്പോലെയാണ് പെരുമാറിയത്. അവൻ നിലംപരിചായപ്പോൾ അവനെ പന്തു തട്ടുന്നതുപോലെ ഇട്ടുതട്ടുന്നതിൽ അവർ ആഹ്ലാദം കണ്ടെത്തി. അവർ അവനെ തട്ടിക്കൊണ്ടിരുന്നു. ഒടുവിൽ ദൈവം തന്റെ കരുണയാൽ അതിന് ഒരന്തം വരുത്തി. ഈ സമ്മർദ്ദങ്ങളുടെ എല്ലാം നടുവിൽ ഇയ്യോബ് നിരന്തരം തന്നെ നീതീകരിക്കുകയാണു ചെയ്തത്. ഒടുവിൽ ദൈവം അവനോടു സംസാരിച്ചപ്പോൾ അവൻ തന്റെ സ്വയംനീതീകരണത്തിലെ ജീർണത കണ്ടെത്തി. അനുതപിച്ചു.

ഇയ്യോബ് നീതിമാനായ ഒരു മനുഷ്യനായിരുന്നു. അതു നല്ലതാണ്. പക്ഷേ അവൻ തന്റെ നീതിയെക്കുറിച്ച് അഹംഭാവം ഉള്ളവനായിരുന്നു. അത് ചീത്തയായിരുന്നു. പക്ഷേ ദൈവം അവനോട് ഇടപെട്ടുകഴിഞ്ഞപ്പോൾ അവൻ തകർക്കപ്പെട്ട ഒരുവനായി. അവിടം മുതൽ അവൻ ദൈവത്തിൽ മാത്രം പുകഴുവാൻ തുടങ്ങി. അങ്ങനെ ഇയ്യോബിനെക്കുറിച്ചുള്ള ദൈവിക ലക്ഷ്യം പൂർത്തിയായി.

ഇയ്യോബ് തകർക്കപ്പെട്ടുകഴിഞ്ഞപ്പോൾ അവൻ എന്താണ് ദൈവത്തോട് പറഞ്ഞതെന്നു ശ്രദ്ധിക്കുക: *"ഇതുവരെ ഞാൻ ഈ പ്രസംഗകരിൽ നിന്നെല്ലാം അങ്ങയെക്കുറിച്ചു കേട്ടിട്ടേ ഉണ്ടായിരുന്നുള്ളൂ. ഇപ്പോഴാകട്ടെ ഞാൻ അങ്ങയെ*

***മുഖാമുഖം** കാണുന്നു" (ഇയ്യോബ് 42:5).* യാക്കോബിന്റെ പെനിയേലും അതു തന്നെ ആയിരുന്നല്ലോ. യാക്കോബും ദൈവത്തിന്റെ മുഖം കണ്ടു. എന്നാൽ അവന്റെ ജീവൻ സംരക്ഷിക്കപ്പെട്ടു. അതിന്റെ ഫലം എന്തായിരുന്നു? അവൻ പൊടിയിലും ചാരത്തിലും കിടന്ന് അനുതപിച്ചു (ആറാം വാക്യം). നിരവധി പ്രസംഗങ്ങൾ കൊണ്ട് അവന്റെ സ്നേഹിതർക്കു ചെയ്തെടുക്കുവാൻ കഴിയാതിരുന്നതാണത്. എന്നാൽ തന്റെ ദയയെക്കുറിച്ചുള്ള വെളിപ്പാടു നൽകി ദൈവം ഇയ്യോബിൽ അക്കാര്യം ഒരു നിമിഷംകൊണ്ടു ചെയ്തെടുത്തു. ദൈവത്തിന്റെ ദയയാണ് ഇയ്യോബിനെ തകർത്തതും അവനെ അനുതാപത്തിലേക്കു നയിച്ചതും.

മീറ്റിംഗുകളിൽ പ്രസംഗകരിൽ നിന്നാണു നമ്മിൽ മിക്കവരും ദൈവത്തെക്കുറിച്ചു കേൾക്കുന്നത്. നമുക്കു വേണ്ടതു ദൈവത്തോട് ഒരു അഭിമുഖബന്ധമാണ്. അവിടെ നമ്മൾ അവിടുത്തെ ദയ കണ്ട് അതിനാൽ ഹൃദയംതകർന്നവരായിത്തീരുകയാണ് വേണ്ടത്.

പത്രോസിനും ഇതാണു സംഭവിച്ചത്. അവൻ കർത്താവിനെ മൂന്നുപ്രാവശ്യം തള്ളിപ്പറഞ്ഞു കഴിഞ്ഞ് അവൻ അവിടുത്തെ മുഖം കണ്ടു. പത്രോസിനും അവന്റേതായ പെനിയേൽ ഉണ്ടായിരുന്നു! *"കർത്താവു പത്രോസിന്റെ നേരേ തിരിഞ്ഞ് അവനെ നോക്കി" എന്നാണു നാം വായിക്കുന്നത് (ലൂക്കോസ് 22:61).* "ഇതു സംഭവിക്കുമെന്നു ഞാൻ നിനക്കു മുന്നറിയിപ്പുനൽകിയതല്ലേ?" എന്നു ചോദിക്കുന്ന കുറ്റപ്പെടുത്തുന്ന ഒരു നോട്ടമായിരുന്നില്ല കർത്താവിന്റേത്. മറിച്ച് **"ഞാനിപ്പോഴും നിന്നെ സ്നേഹിക്കുന്നു-നീ ആയിരിക്കുന്ന അവസ്ഥയിൽ എന്നിലുള്ള നിന്റെ വിശ്വാസം നഷ്ടപ്പെടുത്താതിരിക്കുക. ഞാനിതിൽ നിന്നു നിന്നെ വിടുവിക്കും"** എന്ന സന്ദേശം നൽകുന്ന ആർദ്രമായ നോട്ടമായിരുന്നു അത്. ഫലം എന്തായിരുന്നു? *"പത്രോസ് പുറത്തിറങ്ങി കയ്പോടെ കരഞ്ഞു." (62-ാം വാക്യം).* യേശുവിന്റ ദയാപൂർവമായ ആ നോട്ടവും അവന്റെ മേൽ ചൊരിഞ്ഞ ക്ഷമയും ആ പരുക്കനായ മുക്കുവന്റെ ഹൃദയത്തെ തകർത്തുകളഞ്ഞു.

പഴയ ഉടമ്പടിയിൽ ദൈവം ആരോഗ്യവും സമ്പത്തും ധാരാളം ഭൗതികാനുഗ്രഹങ്ങളും യിസ്രായേലിനു വാഗ്ദാനം ചെയ്തു. പക്ഷേ അതിലെല്ലാം മഹത്തായത് മറ്റൊരനുഗ്രഹമായിരുന്നു. *സംഖ്യ 6:22-26* ൽ അതു രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെ യിസ്രായേൽ മക്കളെ ഇങ്ങനെ അനുഗ്രഹിക്കാനാണ് അഹരോനോട് ദൈവം ആജ്ഞാപിച്ചിരിക്കുന്നത്. *"യഹോവ **തിരുമുഖം** നിന്റെ മേൽ പ്രകാശിപ്പിച്ചു നിന്നോടു കൃപയുള്ളവനാകട്ടെ. യഹോവ **തിരുമുഖം** നിന്റെ മേൽ ഉയർത്തി നിനക്കു സമാധാനം നൽകുമാറാകട്ടെ".*

ആരോഗ്യം, സമ്പത്ത് (അവിശ്വാസികൾക്കും പ്രാർത്ഥന കൂടാതെപോലും ലഭിക്കുന്നതാണത്) വൈകാരികാനുഭൂതികൾ (അവയിൽ പലതും വഴിതെറ്റിക്കുന്നതാണ്) എന്നിങ്ങനെയുള്ള നിലവാരം കുറഞ്ഞ അനുഗ്രഹങ്ങൾ ഇന്നു പല വിശ്വാസികളും അന്വേഷിക്കുന്നു. അതേസമയം അവരുടെ ജീവിതത്തെ

അടിമുടി രൂപാന്തരപ്പെടുത്തുന്ന ഏറ്റവും വലിയ അനുഗ്രഹം-ദൈവത്തോട് ഒരു അഭിമുഖബന്ധം-അവർ ആഗ്രഹിക്കുന്നില്ലെന്നത് പരിതാപകരമല്ലേ?

നമ്മൾ സമ്പന്നരായില്ലെങ്കിലും സൗഖ്യം പ്രാപിച്ചില്ലെങ്കിലും നാം കർത്താവിന്റെ മുഖം കണ്ടാൽ അതു നമ്മുടെ ആവശ്യങ്ങൾ നിറവേറ്റും.

ദൈവത്തെ കണ്ടപ്പോൾ ഇയ്യോബിന് ശരീരത്തിൽ മുഴുവൻ വ്രണങ്ങൾ ഉണ്ടായിരുന്നു. പക്ഷേ രോഗസൗഖ്യത്തിനായി അവൻ ദൈവത്തോട് അപേക്ഷിച്ചില്ല. അവൻ പറഞ്ഞു: *"ഞാൻ ദൈവത്തിന്റെ മുഖം കണ്ടല്ലോ. അതു മതി"*. ദൈവത്തിൽ നിന്ന് ഒരു വചനവും വിവേചനവും പ്രാപിച്ചെന്ന് ഭാവിച്ച ആ മൂന്നു പ്രസംഗകരും ഇയ്യോബിനോടു പറഞ്ഞത് അവന്റെ ജീവിതത്തിലെ ഏതോ രഹസ്യപാപം മൂലം അവൻ പരീക്ഷിക്കപ്പെട്ടെന്നാണ്. ഇന്നും *"കർത്താവ് ഇങ്ങനെ പറയുന്നു"* എന്ന മുഖവുരയോടെ വ്യാജസന്ദേശങ്ങൾ നൽകുന്ന സ്വയം നിയമിച്ച പ്രവാചകന്മാർ ദൈവജനത്തെ കുറ്റംവിധിയിലേക്കു തള്ളിവിടാറുണ്ട്. പക്ഷേ ദൈവം ആ മൂന്നു പ്രവാചകന്മാരെയുംപോലെ ന്യായവിധിയുടെ ഭീഷണി ഇയ്യോബിനു നേരേ മുഴക്കിയില്ല.

ഇയ്യോബിനോടു ദൈവം അവന്റെ പരാജയങ്ങളെക്കുറിച്ചു പറയുകയോ സമ്മർദ്ദത്തിലായിരുന്നപ്പോൾ അവൻ ദൈവത്തെ സംബന്ധിച്ചു പറഞ്ഞ പരാതികളെക്കുറിച്ച് ഓർമ്മിപ്പിക്കുകയോ ചെയ്യുന്നില്ല. ദൈവം ഇയ്യോബിനോടു തന്റെ ദയ മാത്രം വെളിപ്പെടുത്തി-മനുഷ്യന്റെ ആസ്വാദനത്തിനായി സൃഷ്ടിച്ച ഈ പ്രപഞ്ചത്തിലും മനുഷ്യനു വിധേയപ്പെട്ടിരിക്കാനായി സൃഷ്ടിച്ച മൃഗങ്ങളിലും പ്രകടമാകുന്ന അവിടുത്തെ ദയ. ദൈവത്തിന്റെ ദയയെക്കുറിച്ചുള്ള ആ വെളിപ്പാടാണ് ഇയ്യോബിനെ അനുതാപത്തിലേക്കു നയിച്ചത്. പലരും ദൈവത്തിന്റെ ദയയെ മുതലെടുത്തശേഷം അതിനെ പഴിപറയാറുണ്ട്. എന്നാൽ ഇയ്യോബിനെ സംബന്ധിച്ച് അതവനെ അനുതാപത്തിലേക്കാണു നയിച്ചത്. കർത്താവ് തുടർന്ന് അവനെ നേരത്തേ ഉണ്ടായിരുന്നതിൽ ഇരട്ടിയായി അനുഗ്രഹിച്ചു.

*നമ്മെ തകർക്കുന്നതിൽ അവിടുത്തെ ആത്യന്തികലക്ഷ്യം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കുക* എന്നതാണ്-*യാക്കോബ് 5:11* ൽ നമ്മൾ വായിക്കുന്നതുപോലെ. ഇയ്യോബിനെ സംബന്ധിച്ചു ദൈവത്തിന്റെ ഹൃദയത്തിലുള്ള ഉദ്ദേശ്യം അവന്റെ സ്വയനീതിയെയും നിഗളത്തെയും ഉടച്ച് അവനെ നുറുങ്ങപ്പെട്ട ഒരു മനുഷ്യനാക്കിത്തീർക്കുക എന്നതായിരുന്നു-അങ്ങനെയെങ്കിൽ കർത്താവിന് അവനെ സമൃദ്ധമായി അനുഗ്രഹിക്കുവാൻ കഴിയുമല്ലോ. ദൈവം നമുക്കു നൽകുന്ന ഭൗതികവും ശാരീരികവുമായ അനുഗ്രഹങ്ങൾക്കു പിന്നിൽ നാം അവിടുത്തെ മുഖം കണ്ടില്ലെങ്കിൽ ഈ ഭൗതികാനുഗ്രഹങ്ങൾ തന്നെ നമ്മെ ദൈവത്തിൽ നിന്ന് അകറ്റിക്കളയും.

ഇന്ന് ഭൗതികസമൃദ്ധികൊണ്ട് ദൈവത്തിൽ നിന്ന് അകന്നുപോയ വിശ്വാസികൾ എത്ര!

ഈ ലോകം വാഗ്ദാനം ചെയ്യുന്നതെല്ലാം ആഗ്രഹിക്കുന്നതിൽ നിന്ന് കർത്താവിന്റെ മുഖത്തിന്റെ ദർശനം നമ്മെ വിടുവിക്കും.

*"എന്നെ കാട്ടുക അവിടുത്തെ മുഖം-ഒരു മാത്രയെങ്കിലും*
*ദിവ്യസ്നേഹഭരിതമത്.*
*അപ്പോൾ ഞാൻ അങ്ങേസ്നേഹത്തിനപ്പുറം*
*മറ്റൊന്നും ചിന്തിക്കുകയോ സ്വപ്നം കാണുകയോ ഇല്ല.*
*അപ്പോൾ മങ്ങിയ എല്ലാ വെളിച്ചവും ഇരുളാകും*
*തരംതാണ എല്ലാ മഹത്വവും മങ്ങിടും*
*ഈ ലോക സൗന്ദര്യം മേലിൽ തരിമ്പും*
*സുന്ദരമായ് തോന്നുകയുമില്ല."*

പത്രോസ് കർത്താവിന്റെ മുഖദർശനത്തിനു മുമ്പിൽ കയ്പോടെ കരഞ്ഞു. അവസാനം അവിടെ പത്രോസ് ഹൃദയത്തകർച്ചയിലായി എന്നു നാം കരുതും. പക്ഷേ ഇല്ല. അവൻ തന്റെ പെനിയേലിനു തയ്യാറാകുന്നതിനു മുൻപ് കർത്താവിന് അവനെ പരാജയത്തിന്റെ ഒരനുഭവത്തിലേക്കുകൂടി നയിക്കേണ്ടതുണ്ടായിരുന്നു.

പത്രോസ് തന്റെ സഹ അപ്പോസ്തലന്മാരോട് *"ഞാൻ മീൻ പിടിക്കാൻ പോകുന്നു"* എന്നു പറഞ്ഞതായി *യോഹന്നാൻ 21:3* ൽ നാം വായിക്കുന്നു. ആ വൈകുന്നേരം വെറുതെ ഒന്നു മീൻ പിടിക്കാൻ പോകുന്നു എന്നല്ല അവൻ അർത്ഥമാക്കിയത്. അപ്പോസ്തലന്റെ ജോലി-അതിൽ താൻ ഒരു പരാജയമായിരുന്നതിനാൽ-ഉപേക്ഷിച്ച് *സ്ഥിരമായി* മീൻപിടിത്തത്തിനു പോകുന്നു എന്നാണവൻ അർത്ഥമാക്കിയത്!

ചിലവർഷങ്ങൾക്കു മുൻപ് കർത്താവ് അവനെ വിളിച്ചപ്പോൾ മീൻപിടിത്തം ഉപേക്ഷിച്ചവനാണു പത്രോസ്. അവൻ അന്ന് എല്ലാം ഉപേക്ഷിച്ച് അവന് ആകാവുന്നിടത്തോളം ആത്മാർത്ഥമായി കർത്താവിനെ അനുഗമിക്കാൻ ഇറങ്ങിത്തിരിച്ചതാണ്. പക്ഷേ അവൻ തോറ്റുപോയി. ഒരു അപ്പോസ്തലനായിരിക്കുന്ന പരിപാടി തനിക്കു പറ്റിയതല്ലെന്ന തോന്നലിൽ അവൻ എത്തിച്ചേർന്നു. പ്രസംഗിച്ചിട്ടുള്ളതിൽ ഏറ്റവും അത്ഭുതകരമായ സന്ദേശങ്ങൾ ജീവിച്ചിട്ടുള്ള ഏറ്റവും മഹാനായ പ്രസംഗകനിൽ നിന്ന് മൂന്നരവർഷം കേട്ടശേഷവും അവൻ കർത്താവിനെ പൂർണമായി തള്ളിപ്പറഞ്ഞു. അതും ഒരിക്കലല്ല. മൂന്നുവട്ടം. അതോടെ ഒരു അപ്പോസ്തലനാകുന്നത് അവനു മതിയായി.

പക്ഷേ ഇപ്പോഴും പത്രോസിന് ഭംഗിയായി ചെയ്യാൻ കഴിയുന്ന ഒരു കാര്യമുണ്ട്-മീൻപിടിത്തം. ഒരു കുട്ടിയായിരിക്കുമ്പോൾ മുതലേ അവൻ ഈ തൊഴിൽ ചെയ്തിട്ടുണ്ട്. ഇപ്പോൾ അതിൽ അവൻ ഒരു വിദഗ്ധനാണ്. അതുകൊണ്ട് വീണ്ടും ഒരു മീൻ പിടിത്തക്കാരനാകാൻ അവൻ തീരുമാനിച്ചു. മറ്റു ചില അപ്പോസ്തലന്മാർക്കും അങ്ങനെതന്നെ തോന്നാൻ തുടങ്ങി. അവരും

ആ ആവശ്യത്തിന്റെ മണിക്കൂറിൽ കർത്താവിനെ ഉപേക്ഷിച്ച് ഓടിപ്പോയവരാണ്. അതുകൊണ്ട് അവരും മീൻപിടിത്തത്തിനു പോകുന്നു. കാരണം *അപ്പോസ്തലന്മാരെന്ന* നിലയിൽ അവരും പരാജയപ്പെട്ടവരാണ്.

നിങ്ങളുടെ അനുഭവവും അവരുടേതുപോലെയാകാം. ശക്തമായ സന്ദേശങ്ങൾ കേട്ട് നിങ്ങളും ഉണർത്തപ്പെട്ടിട്ടുണ്ടാവാം. ദൈവത്തിന്റെ വചനം കേട്ട് നിങ്ങളുടെ ഹൃദയം നിങ്ങളിൽ തന്നെ കത്തിയിട്ടുണ്ടായിരിക്കാം. നിങ്ങൾ എല്ലാം ഉപേക്ഷിച്ച് സത്യസന്ധമായി കർത്താവിനെ പിൻപറ്റാൻ ശ്രമിച്ചവനാകാം. ശക്തമായ സന്ദേശങ്ങൾ കേട്ട് നിങ്ങൾ പലപ്പോഴും *'തീരുമാനങ്ങൾ'* എടുത്തിട്ടുണ്ടാകും. പല പരാജയങ്ങൾക്കു ശേഷം നിങ്ങൾ ഒരു ഘട്ടത്തിൽ ഇങ്ങനെ പറഞ്ഞിട്ടുണ്ടാകാം-"ഇപ്രാവശ്യം ഞാൻ യഥാർത്ഥമായി അതു ചെയ്യാൻ പോകുകയാണ്". പക്ഷേ നിങ്ങൾ പിന്നേയും തോറ്റു. ഇന്നു നിങ്ങൾ പുറകോട്ടുതിരിഞ്ഞു നോക്കുമ്പോൾ നിങ്ങൾക്കു കാണാൻ കഴിയുന്നത് പരാജയങ്ങളുടെ ഒരു കൂമ്പാരം മാത്രമാണ്. നിങ്ങളിൽ ചിലർ വളരെ നിരാശപ്പെട്ട് ഇന്ന് ഇങ്ങനെ ചിന്തിക്കുന്നുണ്ടാകും "ഇതുകൊണ്ട് ഒരു പ്രയോജനവുമില്ല. ഞാനിത് ഉപേക്ഷിക്കുവാൻ പോകുകയാണ്. ഈ സുവിശേഷം മറ്റുള്ളവരെ സംബന്ധിച്ചു പ്രായോഗികമായേക്കാം. പക്ഷേ എന്നെ സംബന്ധിച്ച് ഇതു നടപ്പാകുകയില്ല. ഞനതിരുവിട്ടു പോയി. എനിക്കിതു സാധിക്കുകയില്ല".

ഇതുപോലെയാണോ നിങ്ങൾക്കിന്നു തോന്നുന്നത്? ഇനി ശ്രമിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ലാത്തതു കൊണ്ട് മേലിൽ ഇക്കാര്യം ശ്രമിക്കേണ്ടന്നാണോ നിങ്ങൾ തീരുമാനിച്ചിരിക്കുന്നത്? ലോകത്തിലേക്കു മടങ്ങിപ്പോയി അവിടുത്തെ നിരർത്ഥകമായ സുഖങ്ങൾ അന്വേഷിക്കാമെന്നാണോ നിങ്ങളുടെ തീരുമാനം? യേശുകർത്താവിന്റെ ഒരു ശിഷ്യനാണെന്ന് അവകാശപ്പെടുന്നതിനെക്കാൾ ഭേദം ക്രിസ്ത്യാനിയാണെന്ന അഭിനയം ഒക്കെ നിർത്തിവച്ച് തീർത്തും ഒരു ലോകമനുഷ്യനായി ജീവിക്കുന്നതാണെന്ന് നിങ്ങൾക്കിപ്പോൾ തോന്നുന്നുവോ?

മീൻപിടിത്തത്തിനു പോകാമെന്നു തീരുമാനിച്ചപ്പോൾ അപ്പോസ്തലന്മാർക്ക് ഈ നിലയിലാണു തോന്നിയത്. "ആട്ടെ പൊയ്ക്കോളൂ. മീൻ പിടിത്തത്തിൽ വിജയിക്കാമോ എന്നു പരീക്ഷിച്ചുകൊള്ളൂ" എന്നു പറഞ്ഞ് കർത്താവ് അവരെ അതിനു പോകാൻ അനുവദിക്കുകയും ചെയ്തു. അങ്ങനെ പത്രോസും കൂട്ടരും രാത്രി മുഴുവൻ മീൻ പിടിക്കാൻ ശ്രമിച്ചു-പക്ഷേ അവർ ദയനീയമായി **പരാജയപ്പെട്ടു.** അത്തരം ഒരു കാളരാത്രി അവർ ജീവിതത്തിൽ മുൻപ് അനുഭവിച്ചിട്ടുണ്ടാവുകയില്ല.

◆

# 5

# യുക്തിയെ കവിയുന്ന ദൈവിക ക്ഷമ

**ഒ**രിക്കൽ ദൈവം താങ്കളെ തന്റേതായി വിളിച്ചിട്ടുണ്ടെങ്കിൽ അവിടുന്ന് പിന്നെ ഒരിക്കലും നിങ്ങളെ വിട്ടുകളയുകയില്ല. മീൻ പിടിത്തത്തിലോ അല്ലെങ്കിൽ നിങ്ങൾ ഏർപ്പെടുന്ന ഏതു പ്രവർത്തനത്തിലോ പരാജയപ്പെടാൻ അവിടുന്നു നിങ്ങളെ അനുവദിക്കും. നിങ്ങൾക്കിഷ്ടംപോലെ പരിശ്രമിക്കാം. എന്നാൽ നിങ്ങൾ തോറ്റുപോകുമെന്നുറപ്പ്. നിസ്സാരമായ കാര്യങ്ങൾക്കു പിന്നാലെ പോയി ജീവിതം പാഴാക്കാൻ ദൈവസ്നേഹം താങ്കളെ അനുവദിക്കുകയില്ല. അതുകൊണ്ട് ദൈവത്തിൽ നിന്ന് ഓടിയകലാൻ താങ്കൾ ശ്രമിച്ചാൽ, നിങ്ങൾ എവിടെപ്പോയാലും എന്തുചെയ്താലും ഒരു പരാജയമായിരിക്കും-അവിടുത്തെ അടുക്കലേക്കു മടങ്ങിവരുന്നതുവരെ.

പക്ഷേ ഇത് ദൈവത്താൽ വിളിക്കപ്പെട്ടിട്ടില്ലാത്തവരെ സംബന്ധിച്ചു പ്രസക്തമല്ല. ധാരാളം 'കറുത്തപണം' സമ്പാദിച്ചിട്ടുള്ള വളഞ്ഞ വഴിക്കാരായ ബിസിനസ്സുകാരും രാഷ്ട്രീയക്കാരും നല്ല ആരോഗ്യത്തോടെ ജീവിക്കുന്നു-ദൈവത്തെ കൂടാതെ തന്നെ. എന്തുകൊണ്ടാണ് ദൈവം ഇതനുവദിക്കുന്നത്? കാരണം അവർ ദൈവത്തിന്റെ മക്കളല്ല. പക്ഷേ അവരെക്കുറിച്ചല്ല ഞാൻ ഇപ്പോൾ പറയുന്നത്; തന്റേതായിരിക്കുവാൻ ലോകസ്ഥാപനത്തിനു മുൻപേ ദൈവം വിളിച്ച നിങ്ങളെക്കുറിച്ചാണ്.

സത്യത്തിൽ ഗലീലാതടാകത്തിൽ ധാരാളം മത്സ്യം ഉണ്ടായിരുന്നു. ആ രാത്രി മറ്റു മത്സ്യത്തൊഴിലാളികൾ അത് ഇഷ്ടം പോലെ പിടിക്കുകയും ചെയ്തു. മറ്റു മത്സ്യബന്ധന ബോട്ടുകളുടെ സമീപത്തേക്ക് മത്സ്യങ്ങൾ ധാരാളം ചെന്നപ്പോൾ അവയിൽ ഒന്നു പോലും പത്രോസിന്റെ വള്ളത്തിനടുത്തേക്കു ചെല്ലാതെ ദൈവം തടഞ്ഞു. മറ്റു വള്ളക്കാർ വന്ന് തങ്ങൾക്ക് എത്ര വലിയ കോളാണ് കിട്ടിയതെന്ന് പത്രോസിനോട് വിവരിച്ചിരിക്കാം. അതു കേട്ടപ്പോൾ തങ്ങൾക്കു മാത്രം എന്താണ് ഒന്നും പിടിക്കാൻ കഴിയാതെ പോയതെന്ന് പത്രോസും കൂട്ടരും അമ്പരന്നിരിക്കാം.

ചുറ്റുപാടും ഉള്ളവരെപ്പോലെ സ്റ്റോക്ക് മാർക്കറ്റിൽ നിന്നു പണം സമ്പാദിക്കാൻ നിങ്ങൾക്ക് എന്തുകൊണ്ടു കഴിയുന്നില്ലെന്നു നിങ്ങൾ അമ്പരന്നിട്ടുണ്ടോ? മറ്റുള്ളവരുടേതുപോലെ നിങ്ങളുടെ ബിസിനസ്സ് 'ദശലക്ഷ'ങ്ങളിലേക്കു കുതിക്കാത്തതെന്തുകൊണ്ടാണെന്ന് നിങ്ങൾ അത്ഭുതപ്പെട്ടിട്ടില്ലേ? ചുറ്റുമുള്ള ജനങ്ങളെല്ലാം കൂടുതൽ ധനികരായി മാറുന്നതായി കാണുന്നു. എന്നാൽ സമൃദ്ധി നിങ്ങളുടെ വഴിയേ പോലും വരുന്നതായിത്തോന്നുന്നില്ല. ദൈവത്തിന്റെ വിളി നിങ്ങളുടെ ജീവിതത്തിന്മേലുണ്ടെന്നും ലോകമനുഷ്യർക്കുള്ളതിനേക്കാൾ മെച്ചമായതു നിങ്ങൾക്കുണ്ടാകണമെന്നും ദൈവം ആഗ്രഹിക്കുന്നു എന്നതാണ് അതിനു കാരണം.

തന്റെ ജീവിതത്തിന്റെ മേലുള്ള ദൈവികവിളിയിൽനിന്നു പത്രോസ് മാറിപ്പോകുകയാണുണ്ടായത്. അതുകൊണ്ടു ദൈവത്തിന് അവനെ ഒരിക്കൽ കൂടെ തോല്പിച്ച് നുറുക്കേണ്ടതുണ്ടായിരുന്നു. വൈകുന്നേരം ആറുമണിക്ക് ആ അപ്പോസ്തലന്മാർ മീൻപിടിത്തം തുടങ്ങി. പക്ഷേ പിറ്റേന്നു പുലർച്ചെ അഞ്ചുമണിവരെ യേശു അവരുടെ അടുത്തേക്കു ചെന്നില്ല. പത്രോസിന് ആ രാത്രിയിൽ മീനൊന്നും ലഭിക്കാൻ പോകുന്നില്ലെന്നു കർത്താവിന് അറിയാമായിരുന്നു. അങ്ങനെയെങ്കിൽ അവർ മീൻ പിടിക്കാൻ പോയപ്പോൾ തന്നെ, അവർ സമയം പാഴാക്കാതിരിക്കേണ്ടതിന്, കർത്താവ് എന്തുകൊണ്ടു അപ്പോൾതന്നെ അവരുടെ അടുത്തേക്കു ചെന്നില്ല? രാത്രി ഒൻപതു മണിക്കെങ്കിലും എന്തുകൊണ്ടാണ് കർത്താവ് അവരുടെ അടുത്തു ചെല്ലാഞ്ഞത്? പിറ്റേന്ന് അഞ്ചുമണിവരെ അവിടുന്നു കാത്തുനിന്നത് എന്തിനാണ്? പതിനൊന്നു മണിക്കൂർ പാടുപെട്ട് ക്ഷീണിച്ച് അവർ പരാജയപ്പെടുന്നതുവരെ കർത്താവ് എന്തുകൊണ്ട് ഈ കാര്യത്തിൽ ഇടപെട്ടില്ല?

ഈ ചോദ്യത്തിനു മറുപടിയായി നമ്മെ പരാജയപ്പെടാൻ അനുവദിക്കുന്നതിനു പിന്നിലുള്ള ദൈവത്തിന്റെ പരിപാടി എന്തെന്നു നാം കണ്ടെത്തും. മനുഷ്യന്റെ തോൽവിക്കു പിന്നിലെ ദൈവികലക്ഷ്യമാണു നാം അവിടെ കാണുന്നത്. നാം പാടുപെടുമ്പോൾ, രക്ഷയ്ക്കായുള്ള നമ്മുടെ ആവർത്തിച്ചുള്ള നിലവിളികൾക്കു മറുപടി നൽകാതെയും നമ്മുടെ ആത്മാർത്ഥമായ പ്രാർത്ഥനകൾ കേൾക്കാതെയും ദൈവം നമ്മെ രക്ഷിക്കാതെ ഇരിക്കുന്നതെന്തുകൊണ്ടെന്നുള്ളതിന്റെ ഉത്തരം അപ്പോൾ നമുക്കു മനസ്സിലാകും.

പത്രോസും സുഹൃത്തുക്കളും വൈകുന്നേരം ആറുമണിക്ക് മീൻപിടിത്തം ആരംഭിച്ചപ്പോൾ അവർ ഒരു പരാജയമായിരുന്നില്ല. അവരപ്പോൾ പ്രതീക്ഷാനിർഭരമായ മനസ്സോടുകൂടിയവരായിരുന്നു. രാത്രി ഒൻപതുമണിയായപ്പോൾ മീനൊന്നും കിട്ടാതിരുന്നതിനാൽ അവർ തെല്ലു നിരാശരായിപ്പോയിരിക്കും. പക്ഷേ അപ്പോഴും അവരുടെ ശ്രമം *'ഒരു പരാജയം'* എന്ന് എഴുതിത്തള്ളാവുന്ന സ്ഥിതിയിലെത്തിയിരുന്നില്ല. അർദ്ധരാത്രിയോടെ അവർ തീർത്തും നിരാശരായിക്കാണും. പിറ്റേന്നു പുലർച്ചെ നാലുമണിയോടെ അവർ എല്ലാ

പ്രതീക്ഷകളും കൈവിട്ടിരിക്കാം. പക്ഷേ ***'തീർത്തും പരാജയം'*** എന്ന നിലയിൽ അവർ അപ്പോഴും എത്തിച്ചേരേണ്ടതുണ്ടായിരുന്നു. അവരുടെ ആത്മവിശ്വാസത്തിന്റെ ഗ്രാഫ് കുത്തനെ താഴേക്കു പോകുകയായിരുന്നു. പക്ഷേ അതു തീർത്തും 'പൂജ്യ'ത്തിൽ–കഴിവിന്റെ നെല്ലിപ്പലകയിൽ–ചെന്നെത്തേണ്ടതുണ്ടായിരുന്നു. അതു സംഭവിച്ചതു പുലർച്ചെ അഞ്ചുമണിക്കാണ്. *അപ്പോൾ അവർ എല്ലാം വിട്ടുകളയാൻ തയ്യാറായി.*"ഇനി ശ്രമിക്കുന്നതുകൊണ്ട് ഒരു പ്രയോജനവുമില്ല. നമുക്കു വീട്ടിൽ പോകാം" എന്ന് അവർ തമ്മിൽ തമ്മിൽ പറഞ്ഞിരിക്കാം.

അപ്പോഴാണ് കർത്താവ് അവർക്ക് പ്രത്യക്ഷനായത്. അതാണു ദൈവത്തിന്റെ വഴി. കർത്താവ് അവരുടെ വല അപ്പോൾ നിറഞ്ഞു കവിയുവാൻ ഇടയാക്കി. ജീവിതത്തിൽ ഒരിക്കലും ഒറ്റ ദിവസം കൊണ്ട് അവർക്ക് അത്രയും വലിയൊരു മീൻപിടിത്തം നടത്താൻ കഴിഞ്ഞിട്ടില്ല. 153 വലിയ മീനാണ് അന്നു പുലർച്ചെ അവർക്കു ലഭിച്ചത്. പണ്ട് നല്ല കോളുകിട്ടുന്ന ദിവസം ഇരുപതോ മുപ്പതോ മീൻ കിട്ടിയിരുന്ന സ്ഥാനത്ത് ഒരൊറ്റ ദിവസം തന്നെ 153 വലിയ മീൻ! തീർച്ചയായും ഇതൊരു അത്ഭുതം തന്നെയായിരുന്നു. ആ തടാകത്തിൽ നിന്ന് ആരും അതേവരെ അത്രയും മീൻ ഒരു ദിവസം പിടിച്ചിട്ടുണ്ടാവില്ല. ഗലീലിയയിലെ റെക്കോർഡ് ബുക്കിൽ സ്ഥാനം പിടിക്കത്തക്കവണ്ണം വലിയ മീൻപിടിത്തം! *തങ്ങളുടെ പ്രതീക്ഷകൾ എല്ലാം അസ്തമിച്ചു കഴിഞ്ഞപ്പോൾ* ദൈവം ചെയ്ത ഒരത്ഭുതമായി അവർ അത് എന്നും ഓർക്കും.

ഇന്നു നിങ്ങൾ നിങ്ങളുടെ 'നെല്ലിപ്പലക'യിൽ എത്തിച്ചേർന്നോ? –എങ്ങോട്ടു തിരിയണം, ഇനി എന്തുചെയ്യണം എന്ന് നിങ്ങൾക്ക് അറിഞ്ഞുകൂടാ. കാരണം എവിടേക്കു തിരിഞ്ഞപ്പോഴും നിങ്ങൾക്കു നിരാശയും പരാജയവും മാത്രമാണ് അനുഭവിക്കാൻ കഴിഞ്ഞത്. അങ്ങനെയെങ്കിൽ ദൈവം നിങ്ങൾക്കു പ്രത്യക്ഷനാകാൻ പോകുന്ന സ്ഥലത്തിനു വളരെ അടുത്തു നിങ്ങൾ എത്തിക്കഴിഞ്ഞു. ഉപേക്ഷിച്ചുകളയരുത്. നിങ്ങളുടെ ആത്മവിശ്വാസം പൂജ്യമായിത്തീരാൻവേണ്ടിയാണ് അവിടുന്നു കാത്തുനിൽക്കുന്നത്. അവിടുന്നു ഇതുവരെ നിങ്ങളുടെ അടുത്ത് എത്തിയിട്ടില്ലെങ്കിൽ അതിന്റെ അർത്ഥം ഇതുവരെ നിങ്ങളുടെ ആത്മവിശ്വാസത്തിന്റെ ഗ്രാഫ് പൂജ്യത്തിൽ എത്തിയിട്ടില്ലെന്നാണ്. സ്വയത്തിന്റെ അല്പം ബലം ഇപ്പോഴും നിന്നിൽ അവിടുന്നു കാണുന്നുണ്ട്. അതും പോകണം. കർത്താവു വരണമെങ്കിൽ അതിനുമുൻപ് ലാസർ മരിക്കുകയും അടക്കപ്പെടുകയും ചെയ്യേണ്ടതുണ്ട്!

ഒടുവിൽ അന്നു പുലർച്ചെ തടാകക്കരയിൽ എത്തിയപ്പോൾ യേശു അവരോട് എന്താണു ചോദിച്ചത്? അവരുടെ പക്കൽ ഒരു മീനും ഇല്ലെന്ന് അവിടുത്തേക്ക് അറിയാം. എന്നിട്ടും അവിടുന്നു ചോദിച്ചു *"കുഞ്ഞുങ്ങളെ, നിങ്ങളുടെ പക്കൽ മീൻ എന്തെങ്കിലും ഉണ്ടോ?"* ആദ്യം അവരിൽ ആരും തന്നെ മറുപടി പറഞ്ഞിരിക്കുകയില്ല. അവിടുത്തേക്ക് രണ്ടാമതും ചോദ്യം ആവർത്തി

ക്കേണ്ടതായി വന്നിരിക്കാം. അപ്പോൾ അവർ മന്ദസ്വരത്തിൽ പറഞ്ഞു "ഇല്ല". തങ്ങൾ ഒരു പരാജയമാണെന്ന് അവർ സമ്മതിക്കുകയായിരുന്നു. മുൻപ് യാക്കോബും ഇയ്യോബും പറഞ്ഞതുപോലെ ഇവരും ഈ ഘട്ടത്തിൽ സത്യ സന്ധമായി അതു സമ്മതിച്ചു. കർത്താവും അത്രമാത്രമേ ആഗ്രഹിച്ചുള്ളു. തങ്ങൾ തോറ്റുവെന്ന് അവർ സമ്മതിക്കണം.

എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സന്തോഷങ്ങളിലൊന്ന് ഈ തേജ സ്സേറിയ സത്യം കണ്ടെത്തിയതാണ്: *ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ദൈവം നമ്മിൽ നിന്ന് ആഗ്രഹിക്കുന്ന പ്രധാന കാര്യം **സത്യസന്ധതയാ ണ്.*** അപ്പോൾ അവിടുത്തേക്ക് അത്ഭുതം പ്രവർത്തിക്കുവാൻ കഴിയും.

"നിങ്ങൾക്കു മീൻ എന്തെങ്കിലും കിട്ടിയോ?"

"ഇല്ല"

"വലതു വശത്തു വല വീശുക"

കണ്ടാലും! അവിടെ ഒരത്ഭുതം സംഭവിച്ചു!!

"നിന്റെ പേരെന്താണ്?"

"ചതിയൻ"

"മേലിൽ നിന്റെ പേര് ചതിയനെന്നല്ല. ദൈവത്തിന്റെ പ്രഭു എന്നാണ്" കണ്ടാലും! മറ്റൊരത്ഭുതം! പ്രിയസഹോദരീസഹോദരന്മാരേ, ഇതാണു ദൈവ ത്തിന്റെ വഴി.

ദൈവം നമ്മിൽ നിന്ന് ആകെ ആഗ്രഹിക്കുന്നതു **സത്യസന്ധതയാണ്**. നിനക്ക് ഇന്ന് അവിടുത്തോട് സത്യസന്ധനായിരിക്കാൻ കഴിയുമോ?

നമ്മുടെ സഭ ഒരു ആശുപത്രിപോലെയാണ്. നമ്മൾ എല്ലാവരും ഇവിടെ രോഗികളാണ്. നമ്മളാരും ഇവിടെ വിദഗ്ദ്ധൻമാരോ സ്പെഷ്യലിസ്റ്റുകളോ അല്ല. നമ്മിൽ ചിലർ ഈ ആശുപത്രിയിൽ മറ്റുള്ളവരെക്കാൾ കൂടുതൽ കാല മായി കഴിയുന്നു എന്നു മാത്രം. നമ്മൾ എല്ലാവരും രോഗികളാണ്. ഒരേ ഒരു ഡോക്ടർ മാത്രമേ ഉള്ളൂ-അത് യേശുവാണ്. നമ്മുടെ മദ്ധ്യത്തിൽ സ്പെഷ്യ ലിസ്റ്റുകൾ ഇല്ല. സ്പെഷ്യലിസ്റ്റുകളും വിദ്ഗ്ധന്മാരും ഉള്ളത് അന്ധാരാധനാ സമൂഹങ്ങളിലെ സ്വയനീതിമാന്മാരായ ആളുകൾക്കിടയിലാണ്. ജീവനുള്ള ദൈവത്തിന്റെ സഭയിലല്ല. എല്ലാവർക്കും നമ്മുടെ ആശുപത്രിയിലേയ്ക്ക് സ്വാഗതമുണ്ട്. നിങ്ങളുടെ അസുഖം എത്രത്തോളം ഗുരുതരമാണോ സൗഖ്യം കണ്ടെത്താനായി കൂടുതൽ കാലം നിങ്ങൾ ഞങ്ങളുടെ മധ്യത്തിലുണ്ടായിരി ക്കണം. ഞങ്ങളുടെ സന്ദേശം ഇതാണ്:*"പാപികളെ രക്ഷിപ്പാൻ യേശുക്രിസ്തു ഈ ലോകത്തിൽ വന്നു. അവരിൽ ഒന്നാമന്മാർ ഞങ്ങളാണ്."*

ഒന്നും അർഹിക്കാത്തവരെയാണു ദൈവം സന്ധിക്കുന്നത്. ചുങ്കക്കാരൻ പ്രാർത്ഥിച്ചത് ഇങ്ങനെയാണ് *"ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകണമേ"* (ലൂക്കോസ് 18:13 NASB). അവൻ തന്നെത്തന്നെ വിളിക്കുന്നത് ***ഒരേഒരു പാപി (The Sinner)*** എന്നാണ്. അവൻ അർത്ഥമാക്കിയത് താരതമ്യം ചെയ്യുമ്പോൾ ചുറ്റുമുള്ളവരെല്ലാം വിശുദ്ധരാണെന്നാണ്. അവന്റെ കണ്ണിൽ ഈ ഭൂമിയിലുള്ള ***ഏക പാപി*** അവനാണ്! യേശു പറഞ്ഞത് ഒടുവിൽ അവൻ *നീതീകരിക്കപ്പെട്ടവനായി* വീട്ടിൽ പോയി എന്നാണ്. ഇങ്ങനെയുള്ളവരെയാണു ദൈവം *നീതീകരിക്കുന്നത്.*

◆

# 6

# തോൽവി- ദൈവികപദ്ധതിയിലെ അനിവാര്യമായ പാഠം

**'നീ**തീകരിക്കുക' എന്ന വാക്കിന്റെ ശരിയായ അർത്ഥം എന്താണെന്നു ഞാൻ നിങ്ങളോടു പറയട്ടെ. അത് വളരെ മനോഹരമായ, വിടുവിക്കുന്ന, ഒരു വാക്കാണ് (ലൂക്കോ 18:14).

ഇക്കാലത്തു കംപ്യൂട്ടറിൽ ക്രമീകരിക്കുന്ന പുസ്തകങ്ങളുടെപേജുകൾ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? ഇടതു വശത്തെ മാർജിൻ പോലെ തന്നെ വലതു വശത്തെ മാർജിനും ഭംഗിയായി ഒരേ നിരപ്പിൽ താഴേയറ്റം വരെ ആയിരിക്കും. കംപ്യൂട്ടർ ഭാഷയനുസരിച്ച് ഇതിന് നീതീകരണം എന്നതിന്റെ ഇംഗ്ലീഷ് വാക്കായ 'Justification' എന്ന പദമാണ് ഉപയോഗിക്കുന്നത്. ഓരോ വരിയിലേയും അക്ഷരങ്ങളുടെ എണ്ണം വ്യത്യസ്തമാണെങ്കിലും കംപ്യൂട്ടറിൽ 'Justification' എന്ന കമാന്റു കൊടുക്കുമ്പോൾ അക്ഷരങ്ങളുടെ ഇടയിലുള്ള അകലം കംപ്യൂട്ടർ തന്നെ ക്രമീകരിച്ച് വലതുവശത്തെ മാർജിനും ഇടതുവശത്തേതുപോലെ ഒരേ നിരപ്പിൽ ആയിത്തീരും. അതേ സമയം 'Justification' എന്ന നിർദ്ദേശം നൽകിയില്ലെങ്കിൽ വലതു വശത്തെ മാർജിന്റെ ഭാഗം, പണ്ടു നമ്മൾ കൈകൊണ്ടു ടൈപ്പു ചെയ്യുമ്പോൾ വന്നിരുന്നതുപോലെ ഏറിയും കുറഞ്ഞും വരും. എന്നാൽ 'Justification' എന്ന നിർദ്ദേശം കൊടുത്താൽ ഒരു നിമിഷംകൊണ്ട് വലതുവശത്തെ മാർജിനും ഇടതുവശത്തേതുപോലെ ഒരേ നിരപ്പിൽ വരുന്നതു കാണാം.

നിങ്ങൾ ഇതുവരെ 30 വരികൾ എഴുതിയെന്നിരിക്കട്ടെ. എല്ലാ വരിയുടെയും വലത്തേ അറ്റം ഏറിയും കുറഞ്ഞും ഇരിക്കുകയും ചെയ്യുന്നു. നിങ്ങൾ എഴുതിയ അത്രയും വരികൾ 'സെലക്ടു' ചെയ്തശേഷം കംപ്യൂട്ടറിനോട് 'ജസ്റ്റിഫൈ' ചെയ്യാൻ ആവശ്യപ്പെടുക. അത്ഭുതം. നിങ്ങൾ ഒരൊറ്റ കട്ട അമർത്തുന്നതോടെ അത്രയും വരികൾ 'ജസ്റ്റിഫൈ' ചെയ്തുകഴിഞ്ഞു.

ദൈവവും നമ്മെ നീതീകരിക്കുമ്പോൾ ഇതു തന്നെയാണു ചെയ്യുന്നത്. നിങ്ങൾ നിങ്ങളുടെ ജീവിതം ഇതുവരെ ആകെകുഴപ്പമാക്കിയെന്നിരിക്കട്ടെ.

നിങ്ങളുടെ ഭൂതകാലജീവിതത്തിലെ ഓരോ ദിവസവും അവസാനിച്ചത് ക്രമം തെറ്റിയ നിലയിലാണെന്നും ഇരിക്കട്ടെ. എന്നാൽ നിങ്ങൾ ക്രിസ്തുവിലേക്കു വരുമ്പോൾ ദൈവം നിങ്ങളെ ഒരു നിമിഷം കൊണ്ടു ***നീതീകരിക്കും.!*** നിങ്ങളുടെ ***ഭൂതകാലജീവിതത്തിലെ ഒരോ വരിയും*** അവിടുന്നു പൂർണതയുള്ളതാക്കിത്തീർക്കും. നിങ്ങളുടെ ജീവിതത്തിൽ ഇതുവരെ ഒരിക്കൽ പോലും പാപം ചെയ്തിട്ടില്ലെന്നവണ്ണം അവിടുന്നു നിങ്ങളെ നീതീകരിക്കും. ക്രമം തെറ്റിയ വരികളൊന്നും ഇല്ലാതെ ഒരു നേർരേഖ പോലെ അവിടുന്ന് ഇതുവരെയുള്ള ജീവിതത്തെ ആക്കിത്തീർക്കും.

അതുവളരെ അത്ഭുതകരമാണ്. അല്ലേ?. കംപ്യൂട്ടർ ഒരു പേജിനെ സംബന്ധിച്ചു ചെയ്തത് ദൈവം നമ്മുടെ ജീവിതത്തെ സംബന്ധിച്ചു ചെയ്യും.

ഇതു സംബന്ധിച്ചു കൂടുതലായി ഒരു കാര്യം കൂടി ഞാൻ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തട്ടെ. ഒരിക്കൽ നാം കംപ്യൂട്ടറിന് 'Justify' എന്ന നിർദ്ദേശം നൽകിയാൽ അതുവരെയുള്ള വരികൾ മുഴുവൻ ക്രമീകരിക്കുക മാത്രമല്ല, *പിന്നീടു* നാം അടിക്കുന്ന ഒരോ വരിയും കംപ്യൂട്ടർതന്നെ യാന്ത്രികമായി ക്രമീകരിച്ച് വലതുവശത്തെ മാർജിൻ ഒരേനിരയിലാക്കും. നീതീകരണം നമ്മുടെ *ഭൂതകാലത്തെ* സംബന്ധിച്ചു മാത്രമല്ല *ഭാവിയെ* സംബന്ധിച്ചും പ്രസക്തമാണെന്നു സാരം. ഇതു തീർച്ചയായും അത്ഭുതകരമായ സുവിശേഷം തന്നെ.

ദൈവം ഇപ്പോൾ നമ്മെ ക്രിസ്തുവിലാണു കാണുന്നത്. ഇനി നമുക്കു തന്നെ പുകഴുവാൻ ഒരു നീതിയുമില്ല. ക്രിസ്തു തന്നെയാണു നമ്മുടെ നീതീകരണം.

*ദൈവം നീതീകരിക്കുമ്പോൾ ഒരു പാപവും, ജീവിതത്തിൽ ഒരു തെറ്റും, ചെയ്തിട്ടില്ലാത്തവരെപ്പോലെയാണു പിന്നെ നമ്മെ കണക്കാക്കുന്നത്.* തുടർന്നും നാം നിരന്തരം ക്രിസ്തുവിന്റെ രക്തത്താൽ നീതീകരിക്കപ്പെടുകയാണ്-കാരണം നാം വെളിച്ചത്തിൽ നടക്കുമ്പോൾ ക്രിസ്തുവിന്റെ രക്തം എല്ലാ പാപത്തിൽ (ബോധപൂർവമോ, അബോധപൂർവമോ ആയ) നിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

ദൈവവചനം വായിക്കുമ്പോൾ നമുക്കുപറ്റാവുന്ന ഏറ്റവും വലിയതെറ്റ്, ഒരു കണക്ക് ചെയ്യുമ്പോഴെന്നപോലെ നാം അപ്പോഴും യുക്തിപൂർവം ചിന്തിച്ചു പോകാം എന്നതാണ്. ദൈവം ഒരു ഗണിതശാസ്ത്രത്തിന്റെ യുക്തി അനുസരിച്ചു പ്രവർത്തിക്കാത്തതിനാൽ നമുക്കു ദൈവത്തിന്റെ മനസ്സ് ആ നിലയിൽ മനസ്സിലാക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഭൂതകാലത്തിൽ ധാരാളം തെറ്റുകൾ വരുത്തിയശേഷവും നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ പൂർണഹിതം എങ്ങനെ നിറവേറും എന്നു ചിന്തിക്കുമ്പോൾ അവിടെ നമ്മുടെ യുക്തികൊണ്ടുവരരുത്. ഗണിതശാസ്ത്രമനുസരിച്ച് ഒരു തെറ്റു വരുത്തിയാൽ പിന്നീട് ഒരിക്കലും അവസാനഉത്തരം ശരിയാവുകയില്ല. കണക്കു ചെയ്തു

വരുന്ന വഴിയിൽ എവിടെയെങ്കിലും ഒരു തെറ്റു വന്നാൽ ഉത്തരം തീർച്ചയായും തെറ്റായിരിക്കും.

കണക്കിലെ ഈ യുക്തി അനുസരിച്ചു ചിന്തിച്ചാൽ ഭൂതകാലത്തിൽ എപ്പോഴെങ്കിലും-അതു രണ്ടു വയസ്സുള്ളപ്പോഴോ 52 വയസ്സുള്ളപ്പോഴോ-നിങ്ങൾ ദൈവഹിതത്തിൽ നിന്നു പാളിപ്പോയാൽ നിങ്ങൾക്ക് ഇപ്പോൾ എത്ര അനുതപിച്ചാലും നിങ്ങളെ സംബന്ധിച്ച ദൈവത്തിന്റെ പരിപൂർണഹിതത്തിൽ എത്തിച്ചേരാൻ കഴിയുകയില്ല. കാരണം കണക്കു ചെയ്തുവരുമ്പോൾ എവിടെവച്ചെങ്കിലും തെറ്റിയാൽ (അതു രണ്ടാമത്തെ സ്റ്റെപ്പിലോ 52 -ാമത്തെ സ്റ്റെപ്പിലോ ആണെങ്കിലും) പിന്നീട് അവസാന ഉത്തരം ഒരിക്കലും ശരിയാകുകയില്ലല്ലോ!!

പക്ഷേ ദൈവം പറയുന്നത് *''എന്റെ വഴികൾ നിങ്ങളുടെ വഴികളല്ല'' (യെശയ്യ 55:8,9).*

ഗണിതശാസ്ത്രത്തിലെ യുക്തിയനുസരിച്ചല്ല നമ്മുടെ ജീവിതത്തെക്കുറിച്ചുള്ള ദൈവഹിതം നടപ്പാക്കുന്നതെന്ന് ഓർത്ത് ദൈവത്തിനു നന്ദി പറയാം. അങ്ങനെയായിരുന്നെങ്കിൽ ഒരു മനുഷ്യജീവിക്കും (എന്തിന് പൗലോസ് അപ്പോസ്തലനു പോലും) ദൈവത്തിന്റെ പൂർണഹിതം നിറവേറ്റാൻ കഴിയാതെ പോകുമായിരുന്നു. നമ്മളെല്ലാം ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ പരാജയപ്പെട്ടവരാണ്. *വിശ്വാസികളായതിനുശേഷവും* നമ്മൾ പരാജയപ്പെട്ടിട്ടുണ്ട്-*പല തവണ.* വിശ്വാസികളായതിനുശേഷവും *ബോധപൂർവം* പാപം ചെയ്തിട്ടുണ്ട്. സത്യസന്ധരായ എല്ലാവരും അത് വേഗം സമ്മതിക്കും. പക്ഷേ അത്ഭുതകരമായ സത്യം, *നമ്മെ ഓരോരുത്തരെ സംബന്ധിച്ചും* ***ഇനിയും പ്രതീക്ഷയുണ്ടെന്നതാണ്.***

ഗണിതശാസ്ത്രം, ഒരു നേരിയ തെറ്റു വരുത്തുന്നവരെയും തെറ്റുകാരാക്കും. വളരെ ചെറിയതെറ്റിനുപോലും ഒരു ഔദാര്യവും കാണിക്കുന്നില്ല. 2+2 ഒരിക്കലും 3.99999999 ആയിരിക്കുന്നില്ല. അതു കൃത്യം 4 ആണ്. കൂടുതലുമില്ല; കുറവുമില്ല.

എന്നാൽ ദൈവത്തിന്റെ പദ്ധതികൾ ഗണിതശാസ്ത്രം പോലെയല്ല പ്രവർത്തിക്കുന്നത്. *അവിടുത്തെ പദ്ധതിയിൽ, നമ്മുടെ തോൽവികൾ അനിവാര്യമാണ്.* കാരണം തോൽവിയിലൂടെ അല്ലാതെ നമ്മിലാരും നുറുങ്ങപ്പെടുകയില്ല. അതുകൊണ്ട് നമ്മുടെ ആത്മിക വിദ്യാഭ്യാസത്തിന്റെ പാഠപദ്ധതിയിലെ അനിവാര്യമായ ഒരു ഭാഗമാണ് തോൽവികൾ.

യേശു മാത്രമാണ് തോൽക്കാതെ ജീവിച്ച ഒരേ ഒരാൾ. ബാക്കി എല്ലാവരും (നമ്മിൽ ഏറ്റവും ഉത്തമരായവർ പോലും) തോൽവികളിലൂടെ ദൈവത്താൽ തകർക്കപ്പെടേണ്ടതുണ്ട്. പത്രോസും പൗലോസും പോലും ആവർത്തിച്ചുവന്ന തോൽവികൾ മൂലം നുറുക്കപ്പെട്ടവരാണ്.

അതുകൊണ്ട് സുവിശേഷസന്ദേശത്തിൽ ആഹ്ലാദിക്കുക. ദൈവത്തിന്റെ ദയ നിങ്ങളെ അനുതാപത്തിലേക്കു നയിക്കട്ടെ. അതു നിങ്ങളെ ദൈവത്തിൽ പൂർണസ്വസ്ഥതയും സന്തോഷവുമുള്ള ഒരു ജീവിതത്തിലേക്കു വഴി നടത്തട്ടെ. *ദൈവം നിങ്ങളെ (എന്നേക്കുമായി) അവിടുത്തെ പ്രിയമകനായി സ്വീകരിച്ചിരിക്കുന്നു (എഫേസ്യർ 1:6).* എന്ന അറിവിൽ നിന്നു ലഭ്യമാകുന്ന വലിയ സ്വസ്ഥതയാണത്.

ഓരോ ദിവസവും നമ്മൾ പല തെറ്റുകളും വരുത്തുന്നു. നമ്മൾ കാൽതെറ്റി പാപത്തിൽ വീഴുന്നു-യാദൃച്ഛികമായോ, അബോധപൂർവമായോ. ആ സമയത്തു നിരാശപ്പെടുകയും ക്ഷീണിക്കുകയും ചെയ്യുവാനുള്ള വലിയ സമ്മർദ്ദം നമ്മുടെ മേൽ അനുഭവപ്പെടും. അങ്ങനെ സംഭവിച്ചാൽ നമ്മൾ കൂടുതൽ പാപം ചെയ്യാൻ പ്രലോഭിപ്പിക്കപ്പെടും. എന്നാൽ ദൈവം നമ്മുടെ സമ്മർദ്ദങ്ങളറിയുന്നു. അവിടുന്നു കരുണയുള്ളവനാണ്. നമ്മുടെ കഴിവിന് അതീതമായി പരീക്ഷിക്കപ്പെടുവാൻ അവിടുന്നു നമ്മെ അനുവദിക്കുകയില്ല. മറിച്ച് നമുക്ക് രക്ഷപ്പെടാൻ ഒരു വഴി അവിടുന്ന് ഒരുക്കും. നമ്മുടെ ഓരോരുത്തരുടേയും ജീവിതത്തിൽ അവിടുത്തേക്ക് എല്ലാം ക്രമീകരിക്കാൻ കഴിയും.

ക്രിസ്തീയജീവിതം മനുഷ്യയുക്തിക്കനുസരിച്ചല്ല പ്രവർത്തിക്കുന്നത്. അത് ദൈവത്തിന്റെ അത്ഭുതം പ്രവർത്തിക്കുന്ന ശക്തിക്കനുസരിച്ച്, സ്വർഗ്ഗീയ പിതാവിന്റെ പൂർണജ്ഞാനത്തിനും സ്നേഹത്തിനും അനുസരിച്ചാണു പ്രവർത്തിക്കുന്നത്.

ആർക്കും തങ്ങളുടെ ജീവിതത്തെ പൂർണ നിരയൊത്ത വശമുള്ള വരികളായി രചിക്കുവാൻ സാധ്യമല്ല. ദൈവമാണു നമ്മെ ഓരോരുത്തരേയും നീതീകരിക്കുന്നത്-നമ്മിൽ ഏറ്റവും ഉത്തമരായവരെപ്പോലും. ഒരു മനുഷ്യനും ദൈവത്തിന്റെ മുൻപാകെ പ്രശംസിക്കുവാൻ സാധ്യമല്ല.

അതുകൊണ്ട് പോരാട്ടങ്ങളിൽ വലഞ്ഞ് തോറ്റവരെപ്പറ്റി നാം കരുണയുള്ളവരായിരിക്കുക. കാരണം, നാം എല്ലാം പരാജയപ്പെട്ടവരാണ്. നാം എല്ലാം ദൈവത്തിൽ നിന്ന് ഏറെ കരുണ ഏറ്റുവാങ്ങിയിട്ടുള്ളവരാണ്.

യേശുവിന്റെ നാമത്തിൽ ഞാൻ അവസാനമായി നിങ്ങളോടു പറയട്ടെ: *നിങ്ങൾ എവിടെയാണോ അവിടെ നിന്ന് ഇപ്പോൾ നിങ്ങൾക്ക് ആരംഭിക്കുവാൻ കഴിയും. നിങ്ങളെ സംബന്ധിച്ച് പൂർണദൈവഹിതം ഇനിയും കൈവരിക്കാൻ നിങ്ങൾക്കു കഴിയും.*

നാളെ നിങ്ങൾ തോറ്റാൽ ഉടനെ അനുതാപത്തോടെ ദൈവത്തിന്റെ അടുക്കലേക്കു പോകുക. അവിടുന്നു നിങ്ങളെ നീതീകരിക്കും.

നിങ്ങളെ സംബന്ധിച്ച് ഈ സുവിശേഷം പ്രായോഗികമല്ലെന്നു പറയരുതേ. നിങ്ങൾ അങ്ങനെ പറയാൻ പരീക്ഷിക്കപ്പെട്ടാൽ അതിന്റെ അർത്ഥം നിങ്ങൾ വളരെനാൾ വ്യാജഉപദേഷ്ടാക്കന്മാർക്കും, നിയമാനുസാരികളായ പ്രസംഗകർക്കും, പിശാചിനു തന്നെയും ചെവികൊടുത്തിട്ടുണ്ട് എന്നാണ്. അവരെ

കേൾക്കാതിരിക്കുക. ഇനി മുതൽ ദൈവത്തേയും അവിടുത്തെ വചനത്തേയും ശ്രദ്ധിക്കുക. ദൈവവചനം പറയുന്നത് ഏറ്റുപറയുക.

പരീക്ഷയുടെസമയത്ത് നിങ്ങളുടെ ***വിശ്വാസം*** പരാജയപ്പെട്ടു പോകാതിരിക്കട്ടെ.

നമ്മുടെ കർത്താവു നമ്മെക്കുറിച്ചു ചെയ്യുന്നതുപോലെ നമുക്കും അന്യോന്യം ഓർത്തു പ്രാർത്ഥിക്കാം.

ആമേൻ ◆

# 7

# പരാജയപ്പെട്ടവരെക്കുറിച്ചുള്ള ദൈവത്തിന്റെ സമ്പൂർണഹിതം

**ക**ഴിഞ്ഞ കാലത്ത് പാപം ചെയ്ത് ദൈവത്തിന്റെ പദ്ധതികളെ തകിടം മറിച്ചവരായതിനാൽ, ഇനി തങ്ങൾക്കു ജീവിതത്തിൽ *ദൈവത്തിന്റെ പരിപൂർണഹിതം* നിറവേറ്റാൻ കഴിയുകയില്ലെന്നു കരുതുന്ന പല സഹോദരീ സഹോദരന്മാരുണ്ട്.

ഈ കാര്യത്തിൽ സ്വന്തധാരണകളെയോ യുക്തികളെയോ ആശ്രയിക്കുന്നതിനുപകരം തിരുവചനം എന്തു പറയുന്നു എന്നു നമുക്കു നോക്കാം.

ഒന്നാമതായി ബൈബിൾ ആരംഭിക്കുന്നത് എങ്ങനെയാണെന്നു ശ്രദ്ധിക്കുക:

*"ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പത്തി 1:1).*

ആകാശവും ഭൂമിയും ദൈവം സൃഷ്ടിച്ചപ്പോൾ അതു പൂർണതയുള്ളതായിരുന്നു. അപൂർണവും മുഴുമിപ്പിക്കാത്തതുമായ ഒന്ന് അവിടുത്തെ കരങ്ങളിൽ നിന്നുണ്ടാവുക സാധ്യമല്ലല്ലോ!

എന്നാൽ അവിടുന്നു സൃഷ്ടിച്ച ദൂതന്മാരിൽ ചിലർ വീണുപോയി (*യെശയ്യാവ് 14:11-15, യെഹസ്കേൽ 28:13-18* എന്നീ ഭാഗങ്ങൾ ശ്രദ്ധിക്കുക) അതിനെ തുടർന്നാണ് *ഉൽപത്തി 1:2 ൽ കാണുന്ന പാഴും ശൂന്യവുമായ അവസ്ഥ*യിൽ ഭൂമി എത്തിച്ചേർന്നത്.

രൂപമില്ലാത്ത, ശൂന്യമായ, പാഴായ ഈ ഭൂമിയെ ദൈവം ഇത്ര മനോഹരമായി പുനർസൃഷ്ടിച്ചതെങ്ങനെയെന്നാണ് *ഉൽപത്തി ഒന്നാം* അദ്ധ്യായത്തിന്റെ തുടർന്നുള്ള ഭാഗങ്ങളിൽ പറയുന്നത്. അങ്ങനെ പുനർസൃഷ്ടിച്ച ഈ ഭൂമി ദൈവം തന്നെ 'വളരെ നന്ന്' എന്നു പറയത്തക്കവണ്ണം സുന്ദരമായിരുന്നു! *(ഉൽപത്തി 1:31)*. ദൈവത്തിന്റെ ആത്മാവ് അതിന്മേൽ പരിവർത്തിച്ചുകൊണ്ടിരുന്നു, ദൈവം തന്നെ കല്പിച്ചു-ഈ രണ്ടു കാര്യങ്ങളാണ് പാഴും ശുന്യവുമായ ഭൂമിക്കു രൂപാന്തരം വരുത്തിയതെന്ന് ഉൽപത്തി 1:2,3 വചനങ്ങളിൽ നിന്നു വ്യക്തം.

ഇതിൽ നിന്ന് ഇന്ന് നമുക്കു ലഭിക്കുന്ന സന്ദേശം എന്താണ്?

നാം എത്രമാത്രം തോറ്റു പോകുകയും നമ്മുടെ ജീവിതത്തെ അങ്ങേയറ്റം കുഴപ്പമാക്കിത്തീർക്കുകയും ചെയ്താലും ദൈവത്തിനു നമ്മുടെ ജീവിതത്തെ തന്റെ ആത്മാവിനാലും വചനത്താലും മഹത്വപൂർണ്ണമാക്കിത്തീർക്കാൻ കഴിയും എന്ന സന്ദേശമാണിതു നൽകുന്നത്.

ഭൂമിയെയും ആകാശത്തെയും ആദ്യമായി സൃഷ്ടിച്ചപ്പോൾ ദൈവത്തിന് അവയെക്കുറിച്ച് പൂർണമായ ഒരു പദ്ധതിയുണ്ടായിരുന്നു. പക്ഷേ ലൂസിഫറിന്റെ പരാജയം മൂലം ഈ പദ്ധതി മാറ്റിവയ്ക്കേണ്ടിവന്നു. പക്ഷേ ദൈവം ആ പാഴും ശൂന്യവുമായ അവസ്ഥയിൽ നിന്ന് ഭൂമിയെയും ആകാശങ്ങളേയും പുനർസൃഷ്ടിച്ച് *'ഏറ്റവും നല്ല'തൊന്നി*നു രൂപം നൽകി.

തുടർന്ന് എന്താണ് സംഭവിച്ചതെന്ന് ശ്രദ്ധിക്കാം:

ദൈവം ആദമിനെയും ഹവ്വയെയും സൃഷ്ടിച്ച് എല്ലാം പുതുതായി ആരംഭിച്ചു. ദൈവത്തിന് അവരെ സംബന്ധിച്ചും *പൂർണമായ ഒരു പദ്ധതി*യുണ്ടായിരുന്നു. നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷഫലം ഭക്ഷിച്ചു പാപം ചെയ്തു പരാജയപ്പെടുന്നതു തീർച്ചയായും ആ പദ്ധതിയുടെ ഭാഗമായിരുന്നില്ല. പക്ഷേ വിലക്കപ്പെട്ട കനി ഭക്ഷിച്ച് അവരെക്കുറിച്ചുള്ള ദൈവിക പദ്ധതിയെ-അതെന്തായിരുന്നാലും-അവർ തകിടം മറിച്ചു.

ഇനി അവർക്കൊരിക്കലും ദൈവത്തിന്റെ *സമ്പൂർണമായ പദ്ധതി* പൂർത്തീകരിക്കുവാൻ കഴിയുകയില്ലെന്നു നമ്മുടെ യുക്തി പറഞ്ഞെന്നിരിക്കും. എന്നാൽ ദൈവം പിന്നീടു തോട്ടത്തിൽ അവരെ സന്ദർശിക്കുവാൻ എത്തിയപ്പോൾ ഇനി അവർക്കു തന്റെ ഏറ്റവും നല്ലതിനു താഴെയുള്ള പദ്ധതിയിൽ മാത്രമേ ജീവിക്കാൻ കഴിയുകയുള്ളൂ എന്നു പറയുന്നില്ല. ഇല്ല, മറിച്ച് *ഉൽപത്തി 3:15* ൽ അവിടുന്നു നൽകുന്ന വാഗ്ദാനം സ്ത്രീയുടെ സന്തതി സർപ്പത്തിന്റെ തല തകർക്കുമെന്നാണ്. ലോകത്തിന്റെ പാപത്തിന്റെ പരിഹാരമായി യേശു മരിക്കുകയും സാത്താനെ കാൽവറിയിൽ ജയിക്കുകയും ചെയ്യുമെന്ന വാഗ്ദാനമായിരുന്നു അത്.

ഇനി ഈ വസ്തുതകൾ പരിഗണിച്ച് നിങ്ങളുടെ യുക്തി ഉപയോഗിച്ച് ഒരു നിഗമനത്തിൽ എത്തിച്ചേരാമോ?

ക്രിസ്തുവിന്റെ മരണം നിത്യത മുതലുള്ള ദൈവത്തിന്റെ പൂർണപദ്ധതിയാണെന്നു നമുക്കറിയാം. *"ലോകസ്ഥാപനം മുതൽ അറുക്കപ്പെട്ട കുഞ്ഞാട്" (വെളിപ്പാട് 13:8)* എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. എന്നാൽ ആദമും ഹവ്വയും പാപം ചെയ്ത് പരാജയപ്പെട്ടതുകൊണ്ട് മാത്രമാണ് യേശു മരിക്കേണ്ടിവന്നതെന്നും നമുക്കറിയാം. അപ്പോൾ യുക്തി അനുസരിച്ചു നോക്കിയാൽ ലോകത്തിന്റെ പാപത്തിന്റെ പരിഹാരത്തിനുവേണ്ടി ക്രിസ്തു മരിക്കുകയെന്ന ദൈവത്തിന്റെ പരിപൂർണഹിതം നിറവേറിയതു ആദാം വിജ

യിച്ചതുകൊണ്ടല്ല മറിച്ച് പരാജയപ്പെട്ടതുകൊണ്ടാണ്! ആദാമിന്റെ പാപം സംഭവിച്ചില്ലായിരുന്നെങ്കിൽ കാൽവറിക്രൂശിൽ ദൈവത്തിന്റെ സ്നേഹം നമുക്കു കാണാൻ കഴിയുകയില്ലായിരുന്നു!

ഇതെല്ലാം നമ്മുടെ യുക്തിയുടെ പൊള്ളത്തരമല്ലേ വെളിവാക്കുന്നത്? ഇതുകൊണ്ടാണ് *'നാം സ്വന്ത വിവേകത്തിൽ ഊന്നരുതെന്ന്' തിരുവെഴുത്തു പറഞ്ഞിരിക്കുന്നത് (സദൃശവാക്യം 3:5).*

ഗണിതശാസ്ത്രപരമായ ഒരു യുക്തി അനുസരിച്ചു ദൈവം പ്രവർത്തിച്ചിരുന്നെങ്കിൽ ക്രിസ്തുവിന്റെ ഭൂമിയിലേക്കുള്ള വരവ് അവിടുത്തെ *രണ്ടാമത്തെ നല്ല പദ്ധതി* മാത്രമാണെന്നു പറയേണ്ടി വരും. പക്ഷേ അങ്ങനെ പറഞ്ഞാൽ അതു ദൈവദൂഷണമാണ്. അതു മനുഷ്യനെ സംബന്ധിച്ച ദൈവത്തിന്റെ *പരിപൂർണപദ്ധതി തന്നെ*യായിരുന്നു. ദൈവം ഒരു തെറ്റു വരുത്തുകയില്ല. ദൈവം സർവശക്തനും നിത്യനുമായതുകൊണ്ട്, ആദിയിൽത്തന്നെ അവിടുത്തേക്ക് അവസാനവും അറിയാവുന്നതുകൊണ്ട്, സ്നേഹത്തിൽ അവിടുന്ന് നിശ്ശബ്ദമായി നമുക്കുവേണ്ടി പ്ലാൻ ചെയ്യുന്നതുകൊണ്ട് നമ്മോടുള്ള അവിടുത്തെ ഇടപാടുകളെപ്പറ്റി വിശദീകരിക്കാൻ ശ്രമിക്കുമ്പോൾ നമ്മുടെ യുക്തി അമ്പേ തോറ്റുപോകുകയാണ്.

*ദൈവത്തിന്റെ വഴികൾ നമ്മുടെ വഴികളല്ല. അവിടുത്തെ വിചാരങ്ങൾ നമ്മുടെ വിചാരങ്ങളുമല്ല. ആകാശം ഭൂമിക്കു മീതെ ഉയർന്നിരിക്കുന്നതു പോലെ ദൈവത്തിന്റേയും നമ്മുടെയും വഴികളും വിചാരങ്ങളും തമ്മിൽ അകന്നിരിക്കുന്നു. (യെശയ്യാവ് 55:8,9).* അതുകൊണ്ട് ദൈവത്തിന്റെ വഴികൾ മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ നാം നമ്മുടെ സമർത്ഥമായ യുക്തിയെയും ചിന്തകളെയും മാറ്റിവയ്ക്കുന്നതാണ് നല്ലത്.

അപ്പോൾ ബൈബിളിന്റെ ആദ്യപേജുമുതൽ ദൈവം നമുക്കു തരുവാൻ ശ്രമിക്കുന്ന സന്ദേശം എന്താണ്? *പരാജയപ്പെട്ട ഒരുവനെ എടുത്ത്* അവനിൽ നിന്ന് മഹത്വപൂർണമായ ഒന്നുണ്ടാക്കുകയും അവന്റെ ജീവിതത്തിൽ *ദൈവത്തിന്റെ പരിപൂർണഹിതം* നിറവേറ്റുകയും ചെയ്യാൻ അവിടുത്തേക്കു കഴിയും എന്നതാണത്.

ഇതാണു മനുഷ്യനോടുള്ള ദൈവത്തിന്റെ സന്ദേശം. നാം ഇതൊരിക്കലും മറന്നുപോകരുത്: ***നിരന്തരം പരാജയപ്പെട്ട ഒരുവനെ ദൈവത്തിന് എടുത്ത് അവിടുത്തെ പരിപൂർണ്ണഹിതം- ദൈവത്തിന്റെ രണ്ടാമത്തെ നല്ല പദ്ധതിയല്ല, ഏറ്റവും നല്ല പദ്ധതി തന്നെ- അവനിൽ നിറവേറ്റുവാൻ ദൈവത്തിനു കഴിയും.***

അവനെ മറന്നുപോകാത്ത നല്ല ചില പാഠങ്ങൾ പഠിപ്പിക്കുവാനായി, അവന്റെ *പരാജയങ്ങളെപ്പോലും ദൈവത്തിന്റെ പരിപൂർണഹിതത്തിന്റെ ഭാഗമാക്കുവാൻ* ദൈവത്തിനു കഴിയും എന്നതാണിതിനു കാരണം. ഇതു മനുഷ്യ

യുക്തിക്കു മനസ്സിലാക്കുവാൻ പ്രയാസമാണ്. എന്തെന്നാൽ നാം ദൈവത്തെ വളരെ കുറച്ചേ മനസ്സിലാക്കിയിട്ടുള്ളു.

ദൈവത്തിനു നുറക്കപ്പെട്ട മനുഷ്യരെ മാത്രമേ-പുരുഷനേയും സ്ത്രീയെയും-ഉപയോഗിക്കുവാൻ കഴിയുകയുള്ളൂ. നമ്മെ നുറുക്കുവാനുള്ള ദൈവത്തിന്റെ വഴികളിലൊന്നാണ് നിരന്തരമായ തോൽവി.

നമ്മെ അനുഗ്രഹിക്കുന്നതിനു ദൈവത്തിനുള്ള ഏറ്റവും വലിയ പ്രശ്നം എന്തെന്നു വച്ചാൽ അനുഗ്രഹം നമ്മെ നിഗളത്തിലേക്കു നയിക്കാതെ നമ്മെ എങ്ങനെ അനുഗ്രഹിക്കാൻ കഴിയും എന്നതാണ്. കോപത്തിന്റെ മേൽ വിജയം ലഭിക്കുകയും എന്നിട്ട് അതെക്കുറിച്ച് പ്രശംസിക്കുകയും ചെയ്താൽ നാം കൂടുതൽ ആഴമുള്ള ഒരു കുഴിയിൽ വീഴുകയാണ്. വിജയം നൽകിയ ശേഷവും നമ്മെ താഴ്മയിൽ ദൈവത്തിനു സൂക്ഷിക്കേണ്ടിയിരിക്കുന്നു.

പാപത്തിന്റെ മേലുള്ള യഥാർത്ഥ ജയത്തെ എപ്പോഴും ആഴമേറിയ താഴ്മ അകമ്പടി സേവിക്കും. നമ്മുടെ ആത്മവിശ്വാസത്തെ തകർക്കുന്നതിൽ നിരന്തര പരാജയങ്ങൾക്ക് ഒരു പങ്ക് വഹിക്കാനുണ്ട്. അങ്ങനെ ദൈവത്തിന്റെ കൃപയില്ലാതെ പാപത്തിന്റെ മേൽ ജയം സാധ്യമല്ലെന്നു നമുക്ക് ബോധ്യമാകും. അങ്ങനെയാകുമ്പോൾ ഒടുവിൽ നമുക്കു ജയം കിട്ടുമ്പോൾ അതെച്ചൊല്ലി നമുക്കൊരിക്കലും ഒന്നും പ്രശംസിക്കാനുണ്ടായിരിക്കുകയില്ല.

മാത്രമല്ല, നാം തന്നെ പലവട്ടം പരാജയപ്പെട്ടിട്ടുള്ളതിനാൽ തോറ്റ മറ്റൊരാളെ നമുക്കു നിന്ദാപൂർവ്വം വീക്ഷിക്കുവാൻ കഴിയുകയില്ല. നമ്മുടെ തന്നെ എണ്ണമറ്റ പരാജയങ്ങൾ മൂലം നമ്മുടെ ജഡത്തിന്റെ ബലഹീനത നാം കണ്ടിട്ടുള്ളതിനാൽ തോറ്റുപോകുന്നവരോട് സഹതപിക്കുവാൻ നമുക്കു കഴിയും. നാമും *'ബലഹീനത പൂണ്ടവരാകയാൽ അറിവില്ലാത്തവരോടും വഴി തെറ്റിപ്പോകുന്നവരോടും സഹതാപം കാണിക്കാൻ' സാധിക്കും (എബ്രായർ 5:2).*

ഇത്തരം ഒരു സന്ദേശം കേട്ടാൽ യുക്തിയാൽ ഭരിക്കപ്പെടുന്ന ഒരുവൻ ഇങ്ങനെ പറഞ്ഞേക്കാം: *"എങ്കിൽ കൂടുതൽ നന്മവരാൻ വേണ്ടി നമുക്കു കൂടുതൽ പാപം ചെയ്യാം".*

ഇത്തരം ഒരു മനുഷ്യനോട് *റോമർ 3:7,8* വാക്യങ്ങൾ നൽകുന്ന ഉത്തരം കേൾക്കുക: *ദൈവത്തിന്റെ സത്യം എന്റെ ഭോഷ്കിനാൽ അവന്റെ മഹത്വത്തിനായി അധികം തെളിവായി എങ്കിൽ എന്നെ പാപി എന്നു വിധിക്കുന്നത് എന്ത്? നല്ലതു വരേണ്ടതിനു തീയതു ചെയ്ക എന്നു പറയരുതോ? ഞങ്ങൾ അങ്ങനെ പറയുന്നു എന്നു ചിലർ ഞങ്ങളെ ദുഷിച്ചു പറയുന്നുവല്ലോ. ഇവർക്കു വരുന്ന ശിക്ഷാവിധി നീതിയുള്ളതു തന്നേ.*

(നിങ്ങൾ പറയുന്നു: 'എന്റെ സത്യസന്ധതയില്ലായ്മ ദൈവത്തിന്റെ സത്യസന്ധതയിലേക്കു വിരൽ ചൂണ്ടുന്നതു മൂലം ദൈവത്തിനു മഹത്വം വരുമ

ല്ലോ. ഈ ആശയത്തിലൂടെ മുന്നോട്ടുപോയാൽ നിങ്ങൾ ഈ നിഗമനത്തിലെത്തും: നാം എത്ര മോശമാകുന്നുവോ, ദൈവത്തിനു അത് അത്രത്തോളം പ്രസാദകരമാണ്! പക്ഷേ ഇങ്ങനെ വാദിക്കുന്നവർക്കു വരുന്ന ശിക്ഷാവിധി നീതികരിക്കത്തക്കതാണ്'-ലിവിങ് ബൈബിൾ)

ഇല്ല. *'നല്ലതു വരേണ്ടതിനുവേണ്ടി നാം പാപം ചെയ്യുക'* എന്നു പറയാൻ പാടില്ല. ദൈവത്തിന്റെ കൃപയെ നമുക്കു മുതലെടുക്കാമെന്നും ദൈവത്തെ *ബോധപൂർവം നിരന്തരം അനുസരിക്കാതിരിക്കാമെന്നും* എന്നിട്ടും നാം വിതച്ചതിന്റെ ഫലം അനുഭവിക്കാതെ പോകാമെന്നും കരുതരുത്. ഇല്ല സാധ്യമല്ല.

എന്നാൽ തോറ്റുപോയ മനുഷ്യന്റെ മേൽ ചൊരിയുന്ന ദൈവകൃപയെ മാനുഷികയുക്തിക്ക് ഉൾക്കൊള്ളാൻ കഴിയുകയില്ലെന്നു നാം പറഞ്ഞുകൊണ്ടിരിക്കണം. ദൈവത്തിന് ഒന്നും അസാധ്യമല്ല-നിരന്തരം ദാരുണമാം വിധം പരാജയപ്പെട്ടിട്ടും നമ്മെ അവിടുത്തെ പൂർണഹിതത്തിലേക്കു മടക്കിക്കൊണ്ടുവരുന്നതുപോലും. *നമ്മുടെ അവിശ്വാസത്തിനു മാത്രമേ തന്നെ തടയുവാൻ കഴിയുകയുള്ളു.*

നിങ്ങൾ ഇങ്ങനെ പറയുകയാണെന്നിരിക്കട്ടെ: "പക്ഷേ ഞാൻ പലവട്ടം കാര്യങ്ങൾ വഷളാക്കിയിട്ടുണ്ട്. ഇനി ഇപ്പോൾ എന്നെ തന്റെ പൂർണഹിതത്തിലേക്കു മടക്കിക്കൊണ്ടുവരിക എന്നതു ദൈവത്തിന് അസാധ്യമാണ്". അങ്ങനെയാണു നിങ്ങൾ പറയുന്നതെങ്കിൽ ഇനി ദൈവത്തിന് അത് അസാധ്യമാണ്. *കാരണം അവിടുത്തേക്കു നിങ്ങൾക്കുവേണ്ടി ചെയ്യാൻ കഴിയുന്നതിൽ നിങ്ങൾക്കു വിശ്വസിക്കാനാവുന്നില്ല.* യേശു പറഞ്ഞത് ദൈവത്തിന് നമ്മെ സംബന്ധിച്ച് അസാധ്യമായി ഒന്നും ഇല്ലെന്നാണ്. പക്ഷേ നാം വിശ്വസിക്കേണ്ടിയിരിക്കുന്നു.

*"നിന്റെ വിശ്വാസം പോലെ നിനക്കു ഭവിക്കട്ടെ".* എല്ലാ കാര്യങ്ങളെ സംബന്ധിച്ചും ദൈവത്തിന്റെ പ്രമാണമാണിത് *(മത്തായി 9:29).* നമുക്കു *വിശ്വാസം* ഉണ്ടെങ്കിൽ നമുക്കതു ലഭിക്കും. എന്നാൽ നമ്മുടെ ജീവിതത്തിൽ ചില കാര്യങ്ങൾ ചെയ്യാൻ ദൈവത്തിനു *സാധിക്കുകയില്ല* എന്നാണു നാം വിശ്വസിക്കുന്നതെങ്കിൽ അതു നമ്മുടെ ജീവിതത്തിൽ *നടപ്പാകുകയില്ല.*

നേരേ മറിച്ച് നിങ്ങൾ ഒരിക്കൽ യേശുവിന്റെ ന്യായാസനത്തിനു മുൻപാകെ നില്ക്കുമ്പോൾ നിങ്ങൾ ഒരു കാര്യം കണ്ടെത്തും. തന്റെ ജീവിതത്തെ നിങ്ങളെക്കാൾ *വഷളാക്കിയിരുന്ന* മറ്റൊരുവൻ *ദൈവത്തിന്റെ പൂർണഹിതം തന്റെ ജീവിതത്തിൽ കൈവരിച്ചിരിക്കുന്നു! അതിന് ഒരേ ഒരു കാരണമേയുള്ളൂ. അവൻ വിശ്വസിച്ചു.* അതുകൊണ്ട് ദൈവത്തിന് അവന്റെ ജീവിതത്തിന്റെ തകർന്ന കഷണങ്ങളിൽ നിന്ന് *'വളരെ നല്ല'* ഒന്നിനു രൂപം നൽകാൻ കഴിഞ്ഞു.

നിങ്ങളുടെ *പാരാജയങ്ങളല്ല* മറിച്ച് നിങ്ങളുടെ *അവിശ്വാസമാണ്* നിങ്ങ

ളെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതിയെ താളം തെറ്റിച്ചതെന്ന് അന്നു കണ്ടെത്തുമ്പോൾ എത്ര വലിയ ദുഃഖമായിരിക്കും നിങ്ങൾക്ക് ആ ദിവസം ഉണ്ടാവുക!

ദൈവം തന്റെ ഏറ്റവും 'ഉത്തമ'മാ യതു പരാജയപ്പെട്ടവർക്കും നൽകും എന്നതാണ് പല വർഷങ്ങൾ പാഴാക്കിയ ധൂർത്തപുത്രന്റെ അനുഭവം നമ്മെ കാണിക്കുന്നത്. ആ ഉപമയിലെ പിതാവ് പറയുന്നത് ശ്രദ്ധിക്കുക: *'വേഗത്തിൽ ഏറ്റവും **മേല്ത്തരമായ (The best) അങ്കി**കൊണ്ടുവന്ന് അവനെ ധരിപ്പിക്കുക'* തന്നെ ഏറ്റവും മോശമായ നിലയിൽ തള്ളിക്കളഞ്ഞ മകനുവേണ്ടിയാണ് ഈ ആജ്ഞ എന്നോർക്കണം. സുവിശേഷത്തിന്റെ **'സുവാർത്ത'** ഇതാണ്:–ഒരു പുതിയ തുടക്കം. ഒരിക്കൽ മാത്രമല്ല. *പിന്നേയും പിന്നേയും. കാരണം ദൈവം ഒരാളെയും ഒരിക്കലും എഴുതിത്തള്ളുന്നില്ല.*

തന്റെ മുന്തിരിത്തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിനു പുറപ്പെട്ട വീട്ടുടയവന്റെ ഉപമയും (മത്തായി 20:1–16) ഇതേ കാര്യം തന്നെയാണു നമ്മെ പഠിപ്പിക്കുന്നത്. പതിനൊന്നാം മണിക്കൂറിൽ വേലയ്ക്കായി വിളിക്കപ്പെട്ടവർക്കാണ് അവിടെ ഒന്നാമതു കൂലി ലഭിക്കുന്നത്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ തങ്ങളുടെ ജീവിതത്തിന്റെ 90 ശതമാനവും (പന്ത്രണ്ടു മണിക്കൂറിൽ പതിനൊന്നും) നഷ്ടപ്പെടുത്തിയവർക്ക്, നിത്യതയിൽ വിലയുള്ളത് ഒന്നും ചെയ്യാതെ പാഴാക്കിക്കളഞ്ഞവർക്ക്, തങ്ങളുടെ ജീവിതത്തിന്റെ അവശേഷിച്ച 10 ശതമാനം കൊണ്ട് ദൈവത്തിനു മഹത്വകരമായ ചില പ്രവൃത്തികൾ ചെയ്യാൻ കഴിയുമെന്നാണ് ഇതു തെളിയിക്കുന്നത്. പരാജയപ്പെട്ട എല്ലാവർക്കും ഇതു വലിയ ഉത്സാഹം തരുന്നു.

*'ദൈവപുത്രൻ വെളിപ്പെട്ടതിന്റെ കാരണം പിശാചുചെയ്ത പ്രവൃത്തികളെ അഴിക്കുക (ഇല്ലാതെയാക്കുക) എന്നതായിരുന്നു?' (1 യോഹന്നാൻ 3:8 ആംപ്ലിഫൈഡ് ബൈബിൾ).*

*പിശാച് നമ്മുടെ ജീവിതത്തിൽ കെട്ടിയ എല്ലാ കെട്ടുകളേയും അഴിക്കുന്നതിനുവേണ്ടിയാണ് യേശു വന്നതെന്ന്* ഈ വാക്യം അർത്ഥമാക്കുന്നു. ഇതിനെ ഈ വിധത്തിൽ ചിത്രീകരിക്കാം: നമ്മൾ ജനിച്ചപ്പോൾ ദൈവം നമ്മുടെ എല്ലാം കൈയിൽ ഒരോ നൂലുണ്ട തന്നു. നാം ഒരോ ദിവസവും ജീവിച്ചപ്പോൾ നാം ആ നൂലുണ്ട അഴിച്ച് അതിൽ കെട്ടുകൾ ഇടുകയാണ് (പാപം ചെയ്യുക) ചെയ്തത്. പല വർഷങ്ങൾക്കു ശേഷം ഇന്നു നമ്മുടെ കൈവശം ഉള്ള നൂലിൽ ആയിരക്കണക്കിനു കെട്ടുകൾ വീണിരിക്കുന്നതായി നാം നിരാശയോടെ കണ്ടെത്തുന്നു. പക്ഷേ *'പിശാച്' കെട്ടിയ എല്ലാ കെട്ടുകളേയും അഴിക്കുന്നതിനുവേണ്ടിയാണ്' യേശു വന്നത്.* അതുകൊണ്ട് ഏറ്റവും കൂടുതൽ കെട്ടുകളുള്ള നൂല് കൈവശമുള്ള ആളിനും പ്രതീക്ഷയ്ക്കു വകയുണ്ട്. കർത്താവിന് ***ഒരോ കെട്ടും*** അഴിച്ച് നിങ്ങളുടെ കൈയിൽ വീണ്ടും പഴയമട്ടിലുള്ള ഒരു നൂലുണ്ട തരുവാൻ കഴിയും. ഇതാണു സുവിശേഷ

ത്തിന്റെ സന്ദേശം: ***"നിങ്ങൾക്ക് ഒരു പുതിയ ആരംഭം കുറിക്കുവാൻ കഴിയും"***.

"അത് അസാധ്യമാണ്"-നിങ്ങൾ പറഞ്ഞേക്കാം. ശരി എങ്കിൽ നിങ്ങളുടെ വിശ്വാസം പോലെ നിങ്ങൾക്കു ലഭിക്കും. ഫലം, നിങ്ങളുടെ ജീവിതത്തിൽ അത് അസാധ്യമായിരിക്കും. പക്ഷേ നിങ്ങളുടെ ജീവിതത്തെക്കാൾ കുഴഞ്ഞു മറിഞ്ഞ ജീവിതമുള്ള ഒരുവൻ *"അതേ. ദൈവം എനിക്കുവേണ്ടി അതു ചെയ്യുമെന്നു ഞാൻ വിശ്വസിക്കുന്നു"* എന്നു പറയുന്നതു ഞാൻ കേൾക്കുന്നു. അവന് അവന്റെ വിശ്വാസം പോലെ ലഭിക്കും. അവന്റെ ജീവിതത്തിൽ ദൈവത്തിന്റെ പൂർണഹിതം നിറവേറപ്പെടും.

ഒരു പ്രായോഗികദൃഷ്ടാന്തം കൊണ്ടു യിരെമ്യവിന് ദൈവം ഇക്കാര്യം വെളിപ്പെടുത്തിക്കൊടുത്തത് *യിരെമ്യാവ് 18:1-6* ൽ നാം കാണുന്നു. ഒരു കുശവന്റെ വീട്ടിലേക്കു പോകാൻ യിരെമ്യാവിനോട് ആവശ്യപ്പെടുന്നു. അവിടെ ചെന്നപ്പോൾ കുശവൻ ഒരു പാത്രം ഉണ്ടാക്കിക്കൊണ്ടിരിക്കുകയായിരുന്നു. പക്ഷേ ആ പാത്രം *'കുശവന്റെ കൈയിൽ തന്നെ ചീത്തയായിപ്പോയി'*. അപ്പോൾ കുശവൻ എന്താണു ചെയ്തത്? *'അവൻ അതിനെ തനിക്കു ബോധിച്ചതുപോലെ മറ്റൊരു പാത്രമാക്കിത്തീർത്തു'*.

ഇനി ഈ ദൃഷ്ടാന്തത്തിന്റെ പ്രായോഗികപാഠം. *"ഈ കുശവൻ ചെയ്തതുപോലെ എനിക്കു നിന്നോടു (........) ചെയ്യുവാൻ കഴിയുകയില്ലേ?"* ഇതായിരുന്നു കർത്താവിന്റെ ചോദ്യം (ഇവിടെ മുകളിലെ ബ്രായ്ക്കറ്റിലെ ഒഴിഞ്ഞ സ്ഥലത്തു നിങ്ങളുടെ പേരു ചേർത്തു വായിച്ചാൽ അതു നിങ്ങളോടുള്ള ദൈവത്തിന്റെ ചോദ്യമാണെന്നു കാണാം.)

നിങ്ങളുടെ എല്ലാ പരാജയങ്ങളെക്കുറിച്ചും നിങ്ങൾക്ക് ദൈവികമായ ഒരനുതാപം ഉണ്ടെങ്കിൽ നിങ്ങളുടെ പാപങ്ങൾ രക്താംബരംപോലെ കടുഞ്ചുവപ്പായിരുന്നാലും അവൻ അത് ഹിമംപോലെ വെളുപ്പിക്കും. ഇതാണു പഴയ ഉടമ്പടിയിലെ വാഗ്ദാനം *(യെശയ്യാ. 1:18)*. പക്ഷേ പുതിയ ഉടമ്പടിയിൽ ദൈവം ഇതു കൂടാതെ മറ്റൊരു വാഗ്ദാനം കൂടി നൽകുന്നുണ്ട്-*'ഞാൻ നിങ്ങളുടെ പാപങ്ങളെ ഒരു നാളും ഇനി **ഓർക്കുകയുമില്ല**' (എബ്രായർ 8:12).*

നിങ്ങളുടെ അബദ്ധങ്ങളും പരാജയങ്ങളും എന്തു തന്നെയായാലും നിങ്ങൾക്ക് ദൈവത്തോടൊപ്പം ഒരു പുതിയ തുടക്കം കുറിക്കുവാൻ കഴിയും. നിങ്ങൾ ഇതിനു മുൻപ് ഒരായിരം വട്ടം പുതുതായി തുടങ്ങുകയും പരാജയപ്പെടുകയും ചെയ്തുവെന്നിരിക്കട്ടെ. എങ്കിലും നിങ്ങൾക്ക് ഇന്ന് 1001-ാമതായി വീണ്ടും എല്ലാം പുതുതായി തുടങ്ങാം. ദൈവത്തിനു നിങ്ങളുടെ ജീവിതത്തിൽ നിന്ന് ഇനിയും മനോഹരമായ ഒന്നു പുനഃസൃഷ്ടിക്കാൻ കഴിയും. ജീവിതം ഉള്ളിടത്തോളം പ്രത്യാശയ്ക്കു വകയുണ്ട്.

അതുകൊണ്ട് ദൈവത്തെ വിശ്വസിക്കുന്നതിൽ പരാജയപ്പെടരുത്. ദൈവത്തിനു തന്റെ കുഞ്ഞുങ്ങളിൽ ഒരു വലിയ പ്രവൃത്തി ചെയ്തെടുക്കാൻ കഴി

യാത്തതിനു കാരണം അവരുടെ ഭൂതകാല *പരാജയങ്ങളല്ല* മറിച്ച് അവരുടെ *അവിശ്വാസമാണ്.*

അതുകൊണ്ട് *വിശ്വാസത്തിൽ ശക്തിപ്പെട്ട് നമുക്ക് ദൈവത്തിനു മഹത്വം കൊടുക്കാം (റോമർ 4:20).* ഇന്നുവരെ അസാധ്യമെന്നു നാം കരുതിയിരുന്ന കാര്യങ്ങൾ വരും ദിവസങ്ങളിൽ അവിടുന്നു നമ്മുടെ ജീവിതത്തിൽ ചെയ്യാനായി നമുക്കു ദൈവത്തെ വിശ്വസിക്കാം.

എല്ലാവർക്കും-പ്രായമുള്ളവർക്കും ചെറുപ്പക്കാർക്കും-അവർ ഭൂതകാലത്തിൽ എത്രവട്ടം തോറ്റുപോയവരാണെങ്കിലും, തങ്ങളുടെ പരാജയങ്ങളെ അംഗീകരിച്ച് വിനയത്തോടെ ദൈവത്തെ വിശ്വസിക്കാൻ തയ്യാറാവുമെങ്കിൽ പ്രതീക്ഷയ്ക്കു വകയുണ്ട്.

നമുക്കെല്ലാം നമ്മുടെ പരാജങ്ങളിൽ നിന്നു പാഠം പഠിച്ച് ദൈവത്തിന്റെ പൂർണഹിതം നമ്മുടെ ജീവിതത്തിൽ നിറവേറ്റാൻ കഴിയും.

അങ്ങനെയെങ്കിൽ പൂർണ്ണമായി പരാജയപ്പെട്ട ജീവിതങ്ങളെ തനിക്ക് എങ്ങനെ പണിയാനാകുമെന്നതിന്റെ ഉത്തമദൃഷ്ടാന്തമായി ദൈവത്തിനു മറ്റുള്ളവർക്കു നമ്മെ കാട്ടിക്കൊടുക്കാൻ വരുംകാലങ്ങളിൽ കഴിയും.

*'ക്രിസ്തുയേശുവിൽ നമ്മെക്കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃപയുടെ അത്യന്തധനം'* മൂലം നമ്മിൽ എന്തു ചെയ്യാൻ കഴിഞ്ഞുവെന്ന് ആ നാളിൽ അവിടുന്ന് കാണിക്കും *(എഫേസ്യർ 2:6).* ഹല്ലേലുയ്യ! ആമേൻ!

◆